بِسْمِ اللّٰہِ الرَّحْمٰنِ الرَّحِیْمِ نَحْمَدُہٗ وَنُصَلِّیْ عَلٰی رَسُوْلِہِ الْکَرِیْمِ وَعَلٰی عَبْدِہِ الْمَسِیْحِ الْمَوْعُوْدِ

وَلَقَدْ نَصَرَکُمُ اللّٰہُ بِبَدْرٍ وَّاَنْتُمْ اَذِلَّۃٌ

വാല്യം 3

ലക്കം 37

# ബദർ

വീക്കിലി ഖാദിയാൻ

The weekly
BADAR Qadian
Malayalam

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2018 സെപ്റ്റംബർ 13/ഹി:ശം:1397 തബൂക് 13/ഹി:ഖ:1440 മുഹർറം 2

## അല്ലാഹുവിന്റെ വചനം

يٰۤاَيُّهَا الَّذِيْنَ اٰمَنُوْۤا اَنْفِقُوْا
مِنْ طَيِّبٰتِ مَا كَسَبْتُمْ
وَمِمَّاۤ اَخْرَجْنَا لَكُمْ مِّنَ الْاَرْضِ

വിശ്വസിച്ചവരേ! നിങ്ങൾ സമ്പാദിച്ചുവച്ചിരിക്കുന്ന നല്ല സാധനങ്ങളിൽനിന്നും ഭൂമിയിൽനിന്ന് നാം നിങ്ങൾക്ക് ഉൽപാദിപ്പിച്ചു തന്നിരിക്കുന്ന വസ്തുക്കളിൽനിന്നും നിങ്ങൾ ചെലവു ചെയ്യുക (2:268)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറഞ്ഞു:**
**കശ്തിയെ നൂഹ് എന്ന ഗ്രന്ഥത്തിലുള്ള നമ്മുടെ അധ്യാപനം എന്ന ഭാഗം ഒരു അഹ്മദി തീർച്ചയായും വായിക്കേണ്ടതാണ്. എന്നല്ല കശ്തിയെ നൂഹ് മുഴുവനും തന്നെ വായിക്കേണ്ടതാണ്.**

**ആകാശീയമായ അനുഗ്രഹങ്ങളിൽനിന്ന് പരിശുദ്ധാത്മാവു മുഖേന ഉൽക്കൃഷ്ടസ്വഭാവത്തിന്റെ ഓഹരി ലഭിക്കാത്തവർ ആ വാദത്തിൽ വ്യാജരായിരിക്കും. അവരുടെ ജലത്തിന്നടിയിൽ ധാരാളം അഴുക്കുകളും മാലിന്യങ്ങളുമുണ്ട്. അത് വികാരത്തള്ളിച്ചയുടെ നേരത്ത് വെളിപ്പെടുന്നു.**

**നിങ്ങൾ നിങ്ങളുടെ അല്ലാഹുവിനോട് പരിശുദ്ധമായ ബന്ധം പുലർത്തുക.**
**പരിഹാസം, അവഹേളനം, പക, അസഭ്യം, അത്യാർത്തി, നുണ, വ്യഭിചാരം, ദുർന്നോട്ടം, ദുശ്ചിന്ത, ഭൗതികാസക്തി, അഹങ്കാരം, അഹംഭാവം, ആത്മപ്രശംസ, ദുഷ്ടത, കുതർക്കം എന്നിവയെല്ലാം ഉപേക്ഷിക്കുക.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

അല്ലാഹു താൻ പരമകാരുണികനാണെന്നും കരുണാമയനാണെന്നും രക്ഷശിക്ഷയുടെ നാളിന്റെ ഉടമസ്ഥനാണെന്നും പറയുന്നു. എന്നിട്ട് അവനോടു പ്രാർഥിക്കുവാനുള്ള പാഠം നല്കുന്നു. ആ പ്രാർഥന യേശുമസീഹ് പഠിപ്പിച്ച പ്രാർഥന പോലെ ഓരോ ദിവസത്തേയും ആഹാരത്തിനു വേണ്ടിയുള്ള അപേക്ഷയല്ല മറിച്ച്, അനാദികാലം തൊട്ട് മനുഷ്യന് നല്കപ്പെട്ട പ്രകൃതിക്കനുസൃതമായ നിലയിൽ അവന്റെ ദാഹശമനത്തിനുള്ള പ്രാർഥനയാണ്. അതിതാണ്.

**ഇഹ്ദിനസ്സിറാത്തൽ മുസ്തഖീമ സ്വിറാത്തല്ല ദീന അൻഅംത അലയ്ഹിം**

അതായത് അല്ലയോ പരിപൂർണ വിശേഷഗുണങ്ങളുടെ ഉടമസ്ഥനായുള്ളോവേ! ഓരോ അണുവും നിന്റെ ഔദാര്യങ്ങളിൽനിന്നാണ് പരിപാലിക്കപ്പെടുന്നത്. നിന്റെ പരമകാരുണികതയിൽനിന്നും ദയാർദ്രതയിൽനിന്നും രക്ഷാശിക്ഷാ നടപടികളുടെ അധികാരത്വത്തിൽനിന്നും ഫലമനുഭവിക്കുന്നു. നീ ഞങ്ങളെ പൂർവ്വകാല സാത്വികരുടെ പിന്തുടർച്ചാവകാശികളാക്കിത്തീർക്കേണമേ. നീ അവർക്ക് നല്കിയിരുന്ന ഓരോ അനുഗ്രഹവും ഞങ്ങൾക്കും നല്കേണമേ. ഞങ്ങൾ അനുസരണമില്ലാത്തവരാകുന്നതിൽനിന്നും നിന്റെ ക്രോധത്തിനു പാത്രീഭൂതരാകുന്നതിൽനിന്നും നീ ഞങ്ങളെ രക്ഷപ്പെടുത്തേണമേ. നിന്റെ സഹായമില്ലാതെ ഭാഗ്യം കെട്ടവരായി വഴികേടിലാകുന്നതിൽനിന്ന് നീ ഞങ്ങളെ കാത്തുരക്ഷിക്കേണമേ. ആമീൻ.

ഈ അന്വേഷണങ്ങളിൽ നിന്നെല്ലാം ഇഞ്ചീലിന്റേയും ഖുർആനിന്റേയും പ്രാർഥനകൾക്കിടയിലുള്ള അന്തരം വ്യക്തമാണ്. അതായത്, ഇഞ്ചീൽ ദൈവരാജ്യം വരുന്നതിനെക്കുറിച്ച് വാഗ്ദാനം ചെയ്യുമ്പോൾ ഖുർആൻ വ്യക്തമാക്കുന്നത് ദൈവരാജ്യം നിങ്ങളിലുണ്ടെന്നാണ്. ഉണ്ടെന്നു മാത്രമല്ല, പ്രാവർത്തികമായ നിലയിൽ അവന്റെ അനുഗ്രഹ ഔദാര്യങ്ങൾ നിങ്ങളിൽ നിലനിന്നുവരുന്നുവെന്നാണ്.

ഇഞ്ചീലിൽ വെറും ഒരു വാഗ്ദാനം മാത്രമാണുള്ളത്. എന്നാൽ, ഖുർആൻ വെറും വാഗ്ദാനം മാത്രമല്ല, സ്ഥാപിതമായ ദൈവരാജ്യത്തേയും അതിന്റെ ഔദാര്യങ്ങളേയും കാണിച്ചുതരുന്നു. ഈ ലോകജീവിതത്തിൽ സത്യവാന്മാരുടെ രക്ഷകനും സൗഖ്യം നല്കുന്നവനുമായ ദൈവത്തെ സമർപ്പിക്കുന്നുവെന്നതാണ് വിശുദ്ധ ഖുർആനിന്റെ മഹത്ത്വം. അവന്റെ ഔദാര്യം ലഭിക്കാത്ത ആരും തന്നെയില്ല. ഓരോ ആത്മാവിന്മേലും അതിന്റെ കഴിവിന്നനുസരിച്ച നിലയിൽ അവന്റെ പരിപാലനത്വത്തിന്റേയും പരമകാരുണികത്വത്തിന്റെയും ദയാർദ്രത്വത്തിന്റേയും ഔദാര്യം ഉണ്ടായിക്കൊണ്ടിരിക്കുന്നു.

എന്നാൽ, ഇഞ്ചീൽ സമർപ്പിക്കുന്ന ദൈവത്തിന്റെ രാജ്യം ഇപ്പോൾ ലോകത്ത് വന്നിട്ടില്ല. വരുമെന്നുള്ള വെറും വാഗ്ദാനമേയുള്ളൂ. ബുദ്ധി ഏതൊന്നിനെയാണ് അനുസരണയോഗ്യമായി കരുതുന്നതെന്ന് ചിന്തിച്ചുനോക്കുക.

ഹാഫിസ് ശീറാസി സത്യമാണ് പറഞ്ഞിട്ടുള്ളത്:

*അല്ലയോ ശയ്ഖേ,*
*എന്റെ ഗുരുനാഥന്റെ (ഹദ്റത്ത് മുഹമ്മദ് നബിയുടെ) ശിഷ്യനാണ് ഞാൻ.*
*അങ്ങ് എന്നോട് ദ്വേഷപ്പെടേണ്ട.*
*കാരണം വാഗ്ദാനം മാത്രമേ അങ്ങ് ചെയ്തിരുന്നുള്ളൂ.*
*അത് പൂർത്തിയാക്കിയത് അദ്ദേഹമാണ്.*

സുവിശേഷങ്ങളിൽ ശാന്തരേയും സാധുക്കളേയും ദരിദ്രരേയും മിസ്കീന്മാരേയും സ്തുതിച്ചു പറഞ്ഞിട്ടുണ്ട്. പക്ഷേ, പീഢിതരുടെ സ്തുതി മാത്രമേയുള്ളൂ. അവർക്കുവേണ്ടി പ്രതികരിക്കുന്നില്ല. എന്നാൽ, എപ്പോഴും നിങ്ങൾ മിസ്കീന്മാരായിത്തന്നെ നിലകൊള്ളണമെന്നും തിന്മയെ എതിർക്കരുതെന്നും വിശുദ്ധഖുർആൻ പറയുന്നില്ല. അത് പറയുന്നത് സൗമ്യതയും നിസ്സഹായതയും ദരിദ്രഭാവവും പ്രതികരിക്കാതിരിക്കലും മോശമാണെന്നാണ്. അതുകൊണ്ട് നിങ്ങൾ സ്ഥലവും സന്ദർഭവും നോക്കി ഓരോ നന്മയും ചെയ്യുക. കാരണം സ്ഥലവും സന്ദർഭവും നോക്കി ഓരോ നന്മയും ചെയ്യുക. കാരണം സ്ഥലത്തിനും സന്ദർഭത്തിനും ചേർന്നതല്ലാത്ത നന്മ, തിന്മയാകുന്നു. ഉദാഹരണത്തിന് മഴ എത്രമാത്രം നല്ലതും അത്യാവശ്യവുമായ സംഗതിയാണ്. എന്നാൽ, അത് അനവസരത്തിലാണെങ്കിൽ, നാശത്തിനു കാരണമായിത്തീരുന്നു. തണുത്ത ആഹാരം അല്ലെങ്കിൽ ചൂട് ആഹാരം തുടർച്ചയായി കഴിക്കുന്നതുകൊണ്ട് നിങ്ങളുടെ ആരോഗ്യം നിലനിൽക്കുകയില്ലെന്ന് നിങ്ങൾ കാണുന്നു. സന്ദർഭത്തിനും സ്ഥലത്തിനുമനുസരിച്ച് ആഹാരപാനീയ വസ്തുക്കളിൽ മാറ്റമുണ്ടായിക്കൊണ്ടിരുന്നെങ്കിലേ നിങ്ങളുടെ ആരോഗ്യം നിലനില്ക്കുകയുള്ളൂ. അതിനാൽ കഠിനതയിലും അനുകമ്പയിലും പകരം വീട്ടലിലും മാപ്പ് ചെയ്യലിലും പ്രാർഥനയിലും ശാപപ്രാർഥനയിലും മറ്റ് സ്വഭാവഗുണങ്ങളിലും സന്ദർഭാനുസരണമുള്ള മാറ്റം അതാഗ്രഹിക്കുന്നു. ഉന്നതനിലയിലുള്ള സഹനശീലനും സ്നേഹസ്വഭാവമുള്ളവനുമായിത്തീരുക; അസ്ഥാനത്തും അനവസരത്തിലുമല്ല. ഇതോടൊപ്പം ഒരുകാര്യം കൂടി ഓർത്തുകൊള്ളുക. സ്വാർഥമായ ഉൽക്കൃഷ്ടസ്വഭാവഗുണം ഉപരിലോകത്തുനിന്ന് പരിശുദ്ധാത്മാവു മുഖേനയാണ് വരുന്നത്. അതുകൊണ്ട് ഏതുവരെ നിങ്ങൾക്ക് ഉപരിലോകത്തുനിന്ന് ആ വിശിഷ്ട ധാർമികഗുണങ്ങൾ ലഭിക്കുന്നില്ലയോ അതുവരെ ആ സവിശേഷഗുണങ്ങളെ സ്വന്തം പരിശ്രമങ്ങൾകൊണ്ടുമാത്രം കരഗതമാക്കുവാൻ സാധിക്കുന്നതല്ല. എന്നാൽ, ആകാശീയമായ അനുഗ്രഹങ്ങളിൽനിന്ന് പരിശുദ്ധാത്മാവുമുഖേന ഉൽക്കൃഷ്ടസ്വഭാവത്തിന്റെ ഓഹരി ലഭിക്കാത്തവർ ആ വാദത്തിൽ വ്യാജരായിരിക്കും. അവരുടെ ജലത്തിന്നടിയിൽ ധാരാളം അഴുക്കുകളും മാലിന്യങ്ങളുമുണ്ട്. അത് വികാരത്തള്ളിച്ചയുടെ നേരത്ത് വെളിപ്പെടുന്നു. അതുകൊണ്ട് ഈ ചെളിയിൽനി

(ശേഷം പേജ് 2ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദർ ബോർഡ്,ഖാദിയാൻ

**നിങ്ങൾ നിങ്ങളുടെ ആത്മീയാവസ്ഥ നല്ലതാക്കാൻ ശ്രമിക്കുന്നില്ലെങ്കിൽ മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുന്നതുകൊണ്ടോ ജമാഅത്തിന്റെ അംഗമാകുന്നതുകൊണ്ടോ ഒരു പ്രയോജനവുമില്ല.**

**നിങ്ങൾ ധാരാളമായി എം.ടി.എ ചാനൽ കാണുക. എന്റെ ജുമുഅ ഖുത്ബയും വിവിധ അവസരങ്ങളിൽ ചെയ്തിട്ടുള്ള പ്രഭാഷണങ്ങളും കേൾക്കുക. ഇതുമുഖേന ഖിലാഫത്തിനോടുള്ള ആത്മാർഥ ബന്ധം വർധിക്കുന്നതും ഖിലാഫത്തിന്റെ അനുഗ്രഹങ്ങളിൽ ഭാഗഭാക്കാകുന്നതുമാണ്. നിങ്ങളുടെ മക്കൾക്കും ഖിലാഫത്തിന്റെ അനുഗ്രഹങ്ങളെ കുറിച്ച് പറഞ്ഞു കൊടുക്കുക. ഖിലാഫത്തുമായി ശക്തമായ ബന്ധം സ്ഥാപിക്കാൻ അവരെ ഉപദേശിക്കുക. ഇന്ന് ഇസ്‌ലാമിനെ ജീവിപ്പിക്കാനുള്ള പ്രവൃത്തി ഖിലാഫത്തു വ്യവസ്ഥിതിയുമായി ചേർന്നുകൊണ്ടേ നടത്താൻ കഴിയുകയുള്ളു. അതുകൊണ്ട് നിങ്ങളും നിങ്ങളുടെ മക്കളും എപ്പോഴും ഖിലാഫത്തിന്റെ അനുഗൃഹീത മാർഗദർശനത്തിലും അഭയത്തിലും ഇരിക്കുക.**

**2018 ഏപ്രിൽ 28–29 തിയതികളിൽ ഹെയ്റ്റിയിൽ നടന്ന രണ്ടാമത്തെ ജൽസസാലാനയിൽ**

# അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലായുടെ പ്രത്യേക സന്ദേശം

**ഹെയ്റ്റി(Haiti)അഹ്മദിയ്യാ ജമാഅത്ത് 2018 ഏപ്രിൽ 28, 29 തിയതികളിൽ തങ്ങളുടെ രണ്ടാമത് ജൽസാസാലാന സംഘടിപ്പിച്ചു. ഈ ജൽസയിൽ രാജ്യത്തിന്റെ ദൂരത്തും അടുത്തുമുള്ള ജമാഅത്തുകൾ അത്യുത്സാഹത്തോടും അതിയായ താൽപര്യത്തോടുംകൂടി പങ്കെടുക്കുകയുണ്ടായി. രാജ്യത്തിന്റെ അങ്ങേയറ്റം വടക്കുള്ള റീജ്യണിലെ ബോശാൻ ഗ്രാമത്തിൽനിന്ന് 51 പേർ നടന്നും മോട്ടോർസൈക്കിളിലും യാത്രചെയ്ത് അടുത്ത നഗരമായ ഹോർട്ട് ദേയിലെത്തി. അവർ രാത്രി കഴിച്ചുകൂട്ടിയത് ബസ്സ്റ്റാന്റിലായിരുന്നു. അടുത്ത ദിവസം 46 പേരുടെ സംഘം ആ നഗരത്തിൽനിന്ന് അവരോടൊപ്പം ചേർന്നു. അങ്ങനെ ഏകദേശം 100 പേരടങ്ങുന്ന ഈ സംഘം രാവും പകലുമുള്ള ദീർഘവും ദുർഘടവുമായ യാത്രകൾ ചെയ്ത് ജൽസയിൽ പങ്കെടുത്തു. ഏപ്രിൽ 28 ന് എല്ലാ സംഘങ്ങളും എത്തിച്ചേർന്നിരുന്നു. പരിപാടിയനുസരിച്ച് ഉച്ചയ്ക്ക് 2 മണിക്ക് മൗലാനാ ദാഊദ് അഹ്മദ് ഹനീഫ് സാഹിബ് അഹ്മദിയ്യാ പതാകയും ഖയ്സ്വർ മഹ്മൂദ് ത്വാഹിർ സാഹിബ് ഹെയറ്റി ദേശീയ പതാകയും ഉയർത്തി. ള്വുഹ്ർ അസ്വ്ർ നമസ്കാരങ്ങൾക്കുശേഷം ഖയ്സ്വർ മഹ്മൂദ് ത്വാഹിർ സാഹിബിന്റെ അധ്യക്ഷതയിൽ ഉൽഘാടന പരിപാടി നടന്നു. സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഖാമിസ് അയ്യദഹുല്ലാഹ് ഈ സമ്മേളനത്തിലേക്ക് സന്ദേശമയച്ചിരുന്നു. അതിന്റെ ഉർദു ഉള്ളടക്കം 2018 മെയ് 25 ന് അൽഫള്ൽ ഇന്റർനാഷണൽ പ്രസിദ്ധീകരിച്ചിരുന്നു. അതിവിടെ സമർപിക്കുകയാണ്.(പത്രാധിപർ)**

അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് തന്റെ സന്ദേശത്തിൽ ഹെയ്റ്റി അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തംഗങ്ങൾക്ക് സ്നേഹനിർഭരമായ സലാം നല്കിയതിനുശേഷം പറഞ്ഞു:ഹെയ്റ്റി അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് തങ്ങളുടെ രണ്ടാമത് ജൽസസാലാന ഏപ്രിൽ 28–29 തിയതികളിൽ സംഘടിപ്പിക്കുകയാണെന്ന് അറിഞ്ഞതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. അല്ലാഹു ഈ ജൽസ മഹത്തായ വിജയമാക്കിത്തീർക്കട്ടെ എന്ന് ഞാൻ ദുആ ചെയ്യുകയാണ്. ഈ പരിശുദ്ധമായ അവസരത്തിൽ പങ്കെടുക്കുന്ന എല്ലാവരും ഈ ആത്മീയമായ അനുഗ്രഹത്തിൽനിന്ന് ഫലമെടുക്കുന്നവരാകട്ടെ.

ഹുദൂർ പറഞ്ഞു:അല്ലാഹുവിന്റെ കൃപയാൽ നിങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്തു ചെയ്തിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗമനത്തിന് രണ്ട് മഹത്തായ ലക്ഷ്യമുണ്ടെന്ന് നിങ്ങൾ ഓർമവയ്ക്കേണ്ടതാണ്. അല്ലാഹുവിനോടു പ്രത്യേകമായ ബന്ധം സ്ഥാപിക്കാൻ ശ്രമിക്കുന്നവരും അവനെ ആരാധിക്കുന്നതിനെ ജീവിതത്തിന്റെ ലക്ഷ്യമാക്കുന്നവരുമായ മുഅ്മിനീംകളുടെ ഒരു ജമാഅത്തിന് രൂപം നല്കുക എന്നതാണ് ഒന്നാമത്തെ ലക്ഷ്യം. രണ്ടാമത്തേത് അവർ മനുഷ്യകുലത്തിന് സേവനം ചെയ്യുകയും ഇസ്‌ലാമിന്റെ ശ്രേഷ്ഠത ലോകത്ത് പ്രചരിപ്പിക്കുകയും ചെയ്യുക എന്നതാണ്.

ഹുദൂർ ഈ സന്ദേശത്തിൽ പറഞ്ഞു:ഇതിനുവേണ്ടി നിങ്ങൾ നല്ല അഹ്മദി മുസ്‌ലീംകളാകാനും ബയ്അത്തിന്റെ നേരത്ത് നിങ്ങൾ ചെയ്ത് പ്രതിജ്ഞകൾ എപ്പോഴും നിറവേറ്റാനും പരിശ്രമിക്കേണ്ടതാണ്. നിങ്ങൾ നന്മയിലും തഖ്‌വയിലും നിരന്തരം മുന്നേറിക്കൊണ്ടിരിക്കാൻ എപ്പോഴും ആത്മപരിശോധന നടത്തിക്കൊണ്ടിരിക്കുകയും നിങ്ങളുടെ അവസ്ഥകൾ മെച്ചപ്പെടുത്തുകയും ചെയ്യേണ്ടതാണ്. എല്ലാ ജോലിയിലും കർമത്തിലും അന്തസും ദൈവസൃഷ്ടികളോടു പ്രത്യേകിച്ച് മനുഷ്യകുലത്തിനോടുള്ള സഹതാപവും ശ്രദ്ധിക്കേണ്ടതാണ്. ഇപ്രകാരം മാതൃകാപരമായ അഹ്മദി മുസ്‌ലിമാകുക. നിങ്ങൾ നിങ്ങളുടെ ആത്മീയാവസ്ഥ നല്ലതാക്കാൻ ശ്രമിക്കുന്നില്ലെങ്കിൽ മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുന്നതുകൊണ്ടോ ജമാഅത്തിന്റെ അംഗമാകുന്നതുകൊണ്ടോ ഒരു പ്രയോജനവുമില്ല. അഞ്ചുനേര നമസ്കാരം നിങ്ങൾ ജമാഅത്തായി നമസ്കരിക്കേണ്ടതാണ്. അല്ലാഹുവുമായി വ്യക്തിപരവും സമീപപരവുമായ ബന്ധമുണ്ടാകുന്നതിന് ആത്മാർഥതയോടുകൂടി ദൈവസ്മരണ(ദിക്റെഇലാഹി) ചെയ്യേണ്ടതാണ്. ഇപ്രകാരംതന്നെ രാജ്യത്തിലെ മാതൃകാപരമായ പൗരനാകുക. നിങ്ങളുടെ രാജ്യത്തോടു സ്നേഹം പ്രകടിപ്പിക്കുക. കാരണം നബി(സ)തിരുമേനിയുടെ അധ്യാപനങ്ങളുടെ അടിസ്ഥാനപരമായ ഒരു ഭാഗം ദേശത്തോടുള്ള സ്നേഹം ഈമാനിന്റെ ഭാഗമാണെന്നുള്ളതാണ്.

ഹുദൂർ തന്റെ സന്ദേശത്തിൽ പറഞ്ഞു:നിങ്ങൾ ധാരാളമായി എം.ടി.എ ചാനൽ കാണുക. എന്റെ ജുമുഅ ഖുത്ബയും വിവിധ അവസരങ്ങളിൽ ചെയ്തിട്ടുള്ള പ്രഭാഷണങ്ങളും കേൾക്കുക. ഇതുമുഖേന ഖിലാഫത്തിനോടുള്ള ആത്മാർഥ ബന്ധം വർധിക്കുന്നതും ഖിലാഫത്തിന്റെ അനുഗ്രഹങ്ങളിൽ ഭാഗഭാക്കാകുന്നതുമാണ്. നിങ്ങളുടെ മക്കൾക്കും ഖിലാഫത്തിന്റെ അനുഗ്രഹങ്ങളെ കുറിച്ച് പറഞ്ഞുകൊടുക്കുക. ഖിലാഫത്തുമായി ശക്തമായ ബന്ധം സ്ഥാപിക്കാൻ അവരെ ഉപദേശിക്കുക. ഇന്ന് ഇസ്‌ലാമിനെ ജീവിപ്പിക്കാനുള്ള പ്രവൃത്തി ഖിലാഫത്തു വ്യവസ്ഥിതിയുമായി ചേർന്നുകൊണ്ടുമാത്രമേ നടത്താൻ കഴിയുകയുള്ളു. അതുകൊണ്ട് നിങ്ങളും നിങ്ങളുടെ മക്കളും എപ്പോഴും ഖിലാഫത്തിന്റെ അനുഗൃഹീത മാർഗദർശനത്തിലും അഭയത്തിലും ഇരിക്കുക.

ഹുദൂർ പറഞ്ഞു:ഓരോ അഹ്മദിയും തബ്‌ലീഗ് ചെയ്യേണ്ടത് നിർബന്ധമാണ്. അതുകൊണ്ട് തബ്‌ലീഗിനുള്ള മാർഗം അന്വേഷിക്കുക. ഹെയ്റ്റിയിൽ മാത്രമല്ല, പ്രത്യുത മറ്റു പ്രദേശങ്ങളിലെ ആളുകൾവരെ ഇസ്‌ലാം–അഹ്മദിയ്യത്തിന്റെ സന്ദേശമെത്തിക്കുക.

സന്ദേശത്തിന്റെ അവസാനം ഹുദൂർ ദുആ ചെയ്തുകൊണ്ട് പറഞ്ഞു: അല്ലാഹു നിങ്ങളുടെ ജൽസ മഹത്തായ വിജയമാക്കിത്തീർക്കട്ടെ. നിങ്ങൾക്കെല്ലാവർക്കും തഖ്‌വയിലും ആത്മീയതയിലും മുന്നേറിക്കൊണ്ടിരിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. നിങ്ങൾക്ക് തഖ്‌വയിലും ഉന്നതസ്വഭാവങ്ങളിലും മാനവികതയ്ക്കുവേണ്ടി യഥാർഥ മാറ്റങ്ങൾ നിങ്ങളുടെ ജീവിതങ്ങളിൽ ഉണ്ടാക്കാൻ തൗഫീഖ് നല്കുമാറാകട്ടെ.

---

( പേജ് 1ൽനിന്ന്)

ന്നും മാലിന്യങ്ങളിൽനിന്നും നിങ്ങൾ രക്ഷ പ്രാപിക്കുന്നതിനും പരിശുദ്ധാത്മാവ് നിങ്ങളിൽ യഥാർത്ഥ പരിശുദ്ധിയും സൂക്ഷ്മതയും ഉണ്ടാക്കുന്നതിനും അല്ലാഹുവിനോട് എപ്പോഴും ശക്തി തേടുക.

ഓർത്തുകൊള്ളുക, സത്യസന്ധവും പരിശുദ്ധവുമായ ധാർമികഗുണങ്ങൾ സാത്ത്വികരമായ ജനങ്ങളുടെ അമാനുഷിക ദൃഷ്ടാന്തമാകുന്നു. ആ ഗുണങ്ങളിൽ മറ്റാർക്കുംതന്നെ ഒരു പങ്കുമില്ല. കാരണം അല്ലാഹുവിൽ ലയിക്കാത്തവർ മുകളിൽനിന്ന് ശക്തിയാർജിക്കുന്നില്ല. അതിനാൽ പരിശുദ്ധമായ ധാർമിക ഗുണങ്ങൾ സ്വായത്തമാക്കുവാൻ അവർക്ക് സാധിക്കുന്നതല്ല. നിങ്ങൾ നിങ്ങളുടെ അല്ലാഹുവിനോട് പരിശുദ്ധമായ ബന്ധം പുലർത്തുക, പരിഹാസം, അവഹേളനം, പക, അസഭ്യം, അത്യാർത്തി, നുണ, വ്യഭിചാരം, ദുർന്നോട്ടം, ദുശ്ചിന്ത, ഭൗതികാസക്തി, അഹങ്കാരം, അഹംഭാവം, ആത്മപ്രശംസ, ദുഷ്ടത, കുതർക്കം എന്നിവയെല്ലാം ഉപേക്ഷിക്കുക. അതിനുശേഷം നിങ്ങൾക്ക് ഇതെല്ലാം ഉപരിലോകത്തുനിന്ന് ലഭിക്കുന്നതാണ്. നിങ്ങളെ ഉയരത്തിലേക്ക് വലിച്ചുകൊണ്ടുപോകേണ്ട ആ അജയ്യശക്തി നിങ്ങളോടൊപ്പം ഉണ്ടാകാത്തിടത്തോളം, ജീവിതം പ്രദാനം ചെയ്യുന്ന പരിശുദ്ധാത്മാവ് നിങ്ങളിൽ പ്രവേശിക്കാത്തിടത്തോളം നിങ്ങൾ അങ്ങേയറ്റം ദുർബ്ബലരും അന്ധകാരത്തിൽ അകപെട്ട് കിടക്കുന്നവരുമായിരിക്കും. എന്നല്ല, നിങ്ങൾ നിർജീവരായിരിക്കും. ഈ അവസ്ഥയിൽ ഏതെങ്കിലും ആപത്തിനെ നേരിടാനോ ഐശ്വര്യത്തിന്റേയും സമ്പത്തിന്റേയും പരിതഃസ്ഥിതിയിൽ അഹങ്കാരത്തിൽനിന്നും പൊങ്ങച്ചത്തിൽനിന്നും രക്ഷപ്പെടാനോ സാധിക്കുകയില്ല. നാലുവശത്തൂടേയും നിങ്ങൾ സാത്താന്റേയും ഇന്ദ്രിയേച്ഛയുടേയും അധീനത്തിലായിരിക്കുന്നതാണ്. അതുകൊണ്ട് നിങ്ങൾക്കുള്ള പ്രതിവിധി ദൈവഹസ്തങ്ങളിൽനിന്നിറങ്ങുന്ന പരിശുദ്ധാത്മാവ് നിങ്ങളുടെ മുഖം നന്മയിലേക്കും സത്യസന്ധതയിലേക്കും തിരിക്കുക എന്നതാണ്. ശയ്ത്താൻ കടന്നുപോകുന്ന വഴികളിൽനിന്ന് സുരക്ഷിതരായിരിക്കാൻ നിങ്ങൾ ഭൂമിയുടെ മക്കളാകാതെ ആകാശത്തിന്റെ മക്കളാകുക. ഇരുട്ടിനെ പ്രേമിക്കുന്നവരാകാതെ വെളിച്ചത്തിന്റെ അനന്തരാവകാശികളാകുക. കാരണം സാത്താന്റെ ബന്ധം എപ്പോഴും രാത്രിയുമായിട്ടാണ്, പകൽ വെളിച്ചവുമായിട്ട് അവനൊരു ബന്ധവും ഇല്ല തന്നെ. കാരണം അവൻ അന്ധകാരത്തിൽ പദമൂന്നുന്ന പഴയ മോഷ്ടാവാണ്."(കശ്തിയെ നൂഹ്, റൂഹാനീ ഖസാഇൻ വാള്യം 19പേജ് 43–45)

# ഖുത്ബ ജുമുഅ

**അൽഹംദുലില്ലാഹ്! അനുഗ്രഹങ്ങൾ വിതറിക്കൊണ്ടും അല്ലാഹു തന്റെ കൃപദാനങ്ങൾ പ്രകടിപ്പിച്ചുകൊണ്ടും യു.കെ ജൽസ സാലാനയ്ക്ക് കഴിഞ്ഞ ഞായറാഴ്ച സമാപനം കുറിച്ചു. ഈ മൂന്നു ദിനങ്ങൾ വളരെ അനുഗൃഹീതമായിരുന്നു.**

**ഏകദേശം മുഴുവൻ സ്ഥലവും വനമായിട്ടുള്ള ഈ സ്ഥലത്ത് സർവവിധ സൗകര്യങ്ങളോടുംകൂടി ഒരു താൽക്കാലിക നഗരം പണിതുയർത്തുക എന്നത് നിസാരജോലിയല്ല. നൂറുശതമാനവും തൊഴിൽ പരിചയമുള്ള ആളുകളല്ല ഇവിടെ പണിയെടുക്കുന്നത്. ഇവിടെ നടന്നുകൊണ്ടിരിക്കുന്നതും അതിൽനിന്ന് ലഭിക്കുന്ന ഫലങ്ങളും അല്ലാഹുവിന്റെ കൃപയാലുള്ളതാണ്. അല്ലാഹു തന്നെയാണ് ഈ പരിശ്രമങ്ങളെ അസാധാരണമായ നിലയിൽ വിജയിപ്പിക്കുന്നതും. ഇവിടെ വരുന്ന അതിഥികളും പ്രവർത്തകരുടെ വികാരങ്ങൾ കണ്ട് അത്ഭുതപ്പെട്ട് ഇക്കാര്യം പ്രകടിപ്പിക്കുന്നു.**

**അതിനാൽ ജൽസ നമ്മളിലും നമ്മുടെ ഈമാനിലും പ്രബലതയും സാഹോദര്യവും വർധിക്കുന്നതിന് മാർഗമാകുന്നതോടൊപ്പം അന്യരോടു ഇസ്ലാമിന്റെ യഥാർഥ അധ്യാപനം പറയുന്നതിനും മാർഗമായിത്തീരുന്നു.**

**ഇപ്പോൾ ഞാൻ അത്തരം ചില പ്രകടനങ്ങൾ നിങ്ങളുടെ മുമ്പിൽ വെക്കുന്നതായിരിക്കും. ഇതിൽനിന്ന് ജൽസയുടെ അനുഗ്രഹങ്ങൾ മറ്റുള്ളവരെ എത്രമാത്രം സ്വാധീനിക്കുന്നുവെന്ന് പ്രകടമാകുന്നതാണ്.**

**ജൽസാസാലാനയുടെ ഒരുക്കങ്ങളേയും ജൽസയുടെ അവസരത്തിൽ ഹുദൂർ അൻവറിന്റെ പ്രഭാഷണങ്ങളേയും മറ്റു പ്രസംഗകരുടെ പ്രസംഗങ്ങളേയും ജൽസാസാലാനയുടെ അന്തരീക്ഷത്തേയും സന്നദ്ധസേവകരുടെ സേവനവികാരങ്ങളേയും ജൽസയുടെ അനഗ്രഹങ്ങളേയും സംബന്ധിച്ച് ലോകത്തിലെ വിവിധ രാജ്യങ്ങളിൽ നിന്ന് വന്ന അതിഥികളുടെ അഭിപ്രായങ്ങളിൽനിന്നുള്ള ഈമാൻ ദൃഢീകരിക്കുന്ന ചർച്ചകൾ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ ജുമുഅ 2018 ആഗസ്റ്റ് 10/1397 ളുഹൂർ 10**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് ലണ്ടൻ**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ -
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

അൽഹംദുലില്ലാഹ്! അനുഗ്രഹങ്ങൾ വിതറിക്കൊണ്ടും അല്ലാഹു തന്റെ കൃപദാനങ്ങൾ പ്രകടിപ്പിച്ചുകൊണ്ടും യു.കെ ജൽസസാലാനയ്ക്ക് കഴിഞ്ഞ ഞായറാഴ്ച സമാപനം കുറിച്ചു. ഈ മൂന്നു ദിനങ്ങൾ വളരെ അനുഗൃഹീതമായിരുന്നു. ജൽസാസാലാനയുടെ തയ്യാറെടുപ്പുകൾ ഏകദേശം വർഷം മുഴുവനും നടന്നുവരുന്ന പ്രക്രിയയാണ്. പക്ഷേ, അവസാനത്തെ മൂന്ന് നാലുമാസങ്ങൾ പ്രത്യേകമായ നിലയിൽ സംഘാടകരും ധാരാളം സന്നദ്ധസേവകരും ജൽസായുടെ തയ്യാറെടുപ്പിൽ വ്യാപൃതരാകുന്നു. ജൽസയുടെ മുമ്പേയുള്ള രണ്ടാഴ്ച സന്നദ്ധസേവകരുടെ എണ്ണത്തിലും ഒരുപാട് വർധനയുണ്ടാകുന്നു. പ്രത്യേകിച്ചും ഹദീഖത്തുൽ മഹ്ദിയിൽ സകല സൗകര്യങ്ങളും ലഭ്യമാക്കുന്നതിന് പ്രവർത്തകർ തങ്ങളുടെ മുഴുവൻ കഴിവുകളോടുംകൂടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഇവരിൽ യുവാക്കളുടെ ഒരു വലിയ വിഭാഗമുണ്ട്. ഏകദേശം മുഴുവൻ സ്ഥലവും വനമായിട്ടുള്ള ഈ സ്ഥലത്ത് സർവവിധ സൗകര്യങ്ങളോടുംകൂടി ഒരു താൽക്കാലിക നഗരം പണിതുയർത്തുക എന്നത് നിസാരജോലിയല്ല. നൂറുശതമാനവും തൊഴിൽ പരിചയമുള്ള ആളുകളല്ല ഇവിടെ പണിയെടുക്കുന്നത്. ഇവിടെ നടന്നുകൊണ്ടിരിക്കുന്നതും അതിൽനിന്ന് ലഭിക്കുന്ന ഫലങ്ങളും അല്ലാഹുവിന്റെ കൃപയാലുള്ളതാണ്. അല്ലാഹു തന്നെയാണ് ഈ പരിശ്രമങ്ങളെ അസാധാരണമായനിലയിൽ വിജയിപ്പിക്കുന്നതും. ഇവിടെ വരുന്ന അതിഥികളും പ്രവർത്തകരുടെ വികാരങ്ങൾ കണ്ട് അത്ഭുതപ്പെട്ട് ഇക്കാര്യം പ്രകടിപ്പിക്കുന്നു. ജൽസയ്ക്കു മുമ്പേയുള്ള പ്രവർത്തകരുടെ ജോലികൾ ജൽസാദിനങ്ങളിൽ വർധിക്കുന്നു. ഇതിൽ യുവാക്കളും വൃദ്ധരും കുട്ടികളും സ്ത്രീകളുമെല്ലാം പങ്കെടുക്കുന്നു. അതിഥികളല്ലാത്തവർക്ക് ഇതൊരു അസാധാരണമായ കാര്യമാണ്; എങ്ങനെയാണ് കുട്ടികളും വലിയവരുമെല്ലാം തങ്ങളുടെ പ്രവർത്തികളിൽ പൂർണമായും വ്യാപൃതരാകുന്നത്? ഇതിനു മുമ്പേ ഇതു കണ്ടുപരിചയമില്ലാത്ത അതിഥികളെ അവരുടെ പ്രവർത്തനങ്ങൾ ആകർഷിക്കുന്നു. അവരുടെ അഭിപ്രായപ്രകടനങ്ങളും അസാധാരണമാണ്. പ്രവർത്തകരുടെ സേവനങ്ങൾ കണ്ടതിനു പുറമെ ജൽസയും അവരിൽ ഒരു പ്രത്യേക സ്വാധീനം ചെലുത്തുന്നുണ്ട്. അവരുടെ ജീവിതത്തെ മാറ്റിയിട്ടുണ്ട്. അമുസ്ലിം ആയിരുന്നിട്ടും അവരിൽ ഇസ്ലാമിന്റെ അധ്യാപനത്തിന്റെ ഒരു സ്വാധീനം സ്ഥാപിതമായരിക്കുന്നു. ഇസ്ലാമിനേയും അഹ്മദിയ്യത്തിനേയും കുറിച്ചുള്ള അറിവുകളിലും വർധനയുണ്ടായിട്ടുണ്ട്. ഇസ്ലാമിനെക്കുറിച്ചുള്ള നെഗറ്റീവായ സ്വാധീനത്തിനുപകരം അതിന്റെ സൗന്ദര്യത്തിന്റെ ജ്ഞാനമാണ് അവർക്കുണ്ടായിട്ടുള്ളത്.

അതിനാൽ ജൽസ നമ്മളിലും നമ്മുടെ ഈമാനിലും പ്രബലതയും സാഹോദര്യവും വർധിക്കുന്നതിന് മാർഗമാകുന്നതോടൊപ്പം അന്യരോടു ഇസ്ലാമിന്റെ യഥാർഥ അധ്യാപനം പറയുന്നതിനും മാർഗമായിത്തീരുന്നു. ജൽസയുടെ രണ്ടാമത്തെ ദിവസത്തെ പ്രസംഗത്തിൽ നടപ്പുവർഷം പെയ്തിറങ്ങിയ അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ ചുരുക്കം വിവരിക്കപ്പെടാറുണ്ട്. അല്ലാഹുവിന്റെ അങ്ങേയറ്റത്തെ അനുഗ്രഹങ്ങൾക്ക് നന്ദി പ്രകടിപ്പിക്കുന്നു. അല്ലാഹുവിനോട് കാണിക്കുന്ന ഈ നന്ദിപ്രകടനംകൊണ്ട് അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ മഴ കൂടുതൽ നന്ദപ്രകടനത്തിനായി ജൽസയുടെ ദിനങ്ങളിൽത്തന്നെ ആരംഭിക്കുന്നു. അത് ജൽസയിൽ പങ്കെടുക്കുന്ന അതിഥികളല്ലാത്തവരും പ്രകടിപ്പിക്കുന്നു. ഇപ്പോൾ ഞാൻ അത്തരം ചില പ്രകടനങ്ങൾ നിങ്ങളുടെ മുമ്പിൽ വെക്കുന്നതായിരിക്കും. ഇതിൽനിന്ന് ജൽസയുടെ അനുഗ്രഹങ്ങൾ മറ്റുള്ളവരെ എത്രമാത്രം സ്വാധീനിക്കുന്നുവെന്ന് പ്രകടമാകുന്നതാണ്.

ബെനിൻ (Benin)ലെ ഒരു അതിഥി വാലന്റൈൻ ഹൗദേ(Valentine Houde) സാഹിബ്– അദ്ദേഹം 8 വർഷം മന്ത്രിയായിരുന്നു, ഇപ്പോൾ പാർലമെന്റംഗമാണ്– ജൽസയിൽ പങ്കെടുത്തിരുന്നു. അദ്ദേഹം പറയുന്നു: വൻതുക ചെലവാക്കിയാലും കരസ്ഥമാക്കാൻ കഴിയാത്ത കാര്യമാണ് ഞാൻ ജൽസാസാലാനയിൽനിന്ന് കരസ്ഥമാക്കിയത്. തികച്ചും സമാധാനഭരിതവും ആത്മീയവുമായ അന്തരീക്ഷമായിരുന്നു. അതിലിരിക്കാൻ എനിക്ക് അവസരം കിട്ടി. ഇത്രമാത്രം സുസംഘടിതമായ സമ്മേളനം ഞാനിതുവരെ കണ്ടിട്ടില്ല. ഇതിൽ നാല്പതിനായിരത്തിനടുത്ത് ആളുകൾ പങ്കെടുത്തിരുന്നു. വിവിധ വർണക്കാരും വർഗക്കാരുമാണ് പങ്കെടുത്തത്. പക്ഷേ, എന്നിട്ടും എത്രമാത്രം സമാധാനപരമായ ഒരു അന്തരീക്ഷമായിരുന്നെന്നാൽ, വഴക്കോ, കലഹമോ ഒന്നുമുണ്ടായിരുന്നില്ല. ഓരോരുത്തരും മറ്റുള്ളവരെ സേവിക്കുന്നതിൽ വ്യാപൃതരായിരുന്നു. ചെറിയവരും വലിയവരും വൃദ്ധരും യുവാക്കളും സ്ത്രീകളും പെൺകുട്ടികളുമെല്ലാം ഉന്നതമായ സൽപെരുമാറ്റത്തോടുകൂടി മറ്റുള്ളവരുടെ സൗഖ്യത്തിനായി പണിയെടുത്തുകൊണ്ടിരുന്നു. എന്നെ സംബന്ധിച്ചിടത്തോളം ഇത് വളരെ വലിയൊരു കാര്യമാണ്. ഇത്ര വലിയൊരു സമ്മേളനത്തിൽ പോലീസിനെയോ പട്ടാളത്തെയോ ഒന്നും കാണാൻ കഴിഞ്ഞില്ല എന്നത് എന്നെ സംബന്ധിച്ചിടത്തോളം അത്ഭുതമുളവാക്കുന്നു. എല്ലായിടത്തും ജമാഅത്തിന്റെ സന്നദ്ധസേവകർ സേവനം ചെയ്യുന്നതാണ് കാണാൻ കഴിഞ്ഞത്. ഇക്കാലഘട്ടത്തിൽ നിഷ്കളങ്കവും നിസ്വാർഥവുമായ നിലയിൽ എങ്ങനെ പണിയെടുക്കാൻ കഴിയുന്നുവെന്ന് ഞാൻ ചിന്തിക്കുകയായിരുന്നു. പിന്നീട് ഞാൻ ചെന്നെത്തിയത് ഇതെല്ലാം അഹ്മദിയ്യാ ജമാഅത്തിലുള്ള ഖിലാഫത്തിന്റെ നേതൃത്വപരമായ സമ്പന്നത കൊണ്ടാണ് സാധ്യമാകുന്നത് എന്നതിലായിരുന്നു. അത് ജമാഅത്തിലെ കുട്ടികൾക്കും വൃദ്ധർക്കും യുവാക്കൾക്കും സ്ത്രീകൾക്കും ഒരേ വർണത്തിലുള്ള ശിക്ഷണം, കുട്ടിക്കാലം മുതലേ ജൽസയുടെ ഏർപാടുകൾ പഠിപ്പിക്കാൻ തുടങ്ങുന്നു എന്നതാണ്. അദ്ദേഹം പറയുന്നു: 'അഹ്മദിയ്യാ ജമാഅത്ത് ഏതൊരു ഇസ്ലാമിനെയാണോ ലോകത്തിന് സമർപിക്കുന്നതും, ഏതൊരു രീതിയിലാണോ അതിന്റെ അംഗങ്ങൾക്ക് ശിക്ഷണം നല്കുന്നതും അതിൽനിന്ന് വളരെ വേഗം ലോകം ഇസ്ലാം–അഹ്മദിയ്യത്തിൽ പ്രവേശിക്കുമെന്നും അഹ്മദിയ്യത്ത് മാത്രം ലോകത്തിലെ ഏറ്റവും വലിയ മതമായിരിക്കുമെന്നും എനിക്ക് പറയാൻ കഴിയും.' അഹ്മദിയ്യത്ത് മതമല്ല; ഇസ്ലാം തന്നെയായിരിക്കും ഏറ്റവും വലിയ മതം. അത് അഹ്മദിയ്യത്ത് മുഖേന, വാഗ്ദത്ത മസീഹ് മുഖേന വീണ്ടും അടിമുടി പുതിയരീതിയിൽ സ്ഥാപിതമാകുന്നതായിരിക്കും. അദ്ദേഹം പറയുന്നു: "അഹ്മദിയ്യാ ജമാഅത്ത് ലോകത്തിന് സമർപിക്കുന്ന അധ്യാപനത്തിന്റെ യഥാർഥമായ കർമചിത്രം ഇവിടെ ജൽസയിൽ പങ്കെടുത്ത് കാണാൻ കഴിഞ്ഞു. ഈ ജൽസയുടെ മനോഹരമായ ഓർമകളുമായി ലണ്ടനിൽനിന്ന് തിരിച്ച് എന്റെ രാജ്യത്തേക്ക് മടങ്ങിപ്പോകു

കയാണ്. എന്നെ സംബന്ധിച്ചിടത്തോളം ഈ നിമിഷങ്ങൾ വിവരണാതീതവും മനോഹരവുമായ ഓർമകളുമാണ്.

ബെനിൻ (Benin)ലെതന്നെ ഒരു അതിഥി ചിൻവാനോ പാസക്കൽ(Tchinwanu Pascal) സാഹിബ്– അദ്ദേഹം ബെനിൻ മന്ത്രിസഭയിൽ പ്ലാനിംഗ് & ഡവലപ്മെന്റിൽ ഉന്നതോദ്യോഗസ്ഥനാണ് –പറയുന്നു: 'ഞാൻ നിരവധി സമ്മേളനങ്ങൾ കാണുകയും പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ, നിങ്ങളുടെ സമ്മേളനംപോലെ സുസംഘടിതവും വിജയപ്രദവുമായ സമ്മേളനം മുമ്പേ ഒരിക്കലും കണ്ടിട്ടില്ല. ഈ ജൽസയിൽ പണിയെടുക്കുന്ന എല്ലാ പ്രവർത്തകരും തങ്ങളുടെ ഉത്തരവാദിത്തങ്ങൾ നല്ലവണ്ണം അറിയുന്നവരാണ്. അവർ ആ നിർബന്ധകടമകൾ വളരെ നല്ലനിലയിൽ നിറവേറ്റിക്കൊണ്ടിരുന്നു. നാല്പതിനായിരമാളുകൾക്ക് ഭക്ഷണം വിളമ്പുക എന്നത് അത്ഭുതപ്പെടുത്തുന്നതായിരുന്നു. പക്ഷേ, ഏറ്റവും വലുതും അവിശ്വസനീയവുമായ കാര്യം ഭക്ഷണം പാചകം ചെയ്യുന്നവരും ഭക്ഷണം വിതരണം ചെയ്യുന്നവരുമെല്ലാം സന്നദ്ധസേവകരായിരുന്നുവെന്നതാണ്. മുഴുലോകത്തും ഈ വികാരത്തോടുകൂടി പണിയെടുക്കുകയാണെങ്കിൽ ലോകത്തുനിന്ന് യുദ്ധവും പോരാട്ടവും അവസാനിക്കുന്നതാണെന്ന് എനിക്ക് ഉറപ്പായും പറയാൻ കഴിയും; അതോടെ മനുഷ്യകുലത്തിന്റെ പ്രശ്നങ്ങളും അവസാനിക്കുന്നതാണ്. അഹ്മദിയ്യാ ജമാഅത്തിനെ പ്രശംസിക്കാതെ എനിക്കൊരു നിർവാഹവുമില്ല. അതിലെ കുട്ടികളും വലിയവരും യുവാക്കളും വൃദ്ധരും സ്ത്രീകളുമെല്ലാം സുസംഘടിതരും സംസ്കാരസമ്പന്നരുമാണ്.'

ഹെയ്റ്റി(Haiti)യുടെ പ്രസിഡണ്ടിന്റെ പ്രതിനിധി ജോസഫ് പേരേ(Joseph Pierre) സാഹിബ് വന്നിട്ടുണ്ടായിരുന്നു. അദ്ദേഹം പറയുന്നു: 'ഈ ജൽസ എന്റെ ജീവിതത്തിലെ വളരെ നല്ല അനുഭവമായിരുന്നു; അതെനിക്കൊരിക്കലും വിസ്മരിക്കാൻ കഴിയുകയില്ല. പ്രവർത്തകരുടെ അതുല്യമായരീതിയിലുള്ള പ്രവർത്തനം എന്റെ കണ്ണുകൾ തുറപ്പിച്ചിരിക്കുന്നു. എന്നല്ല ഇസ്ലാമിനെക്കുറിച്ചുള്ള എന്റെ ചിന്താഗതികളെ ഒന്നിച്ച് മാറ്റിമറിച്ചിരിക്കുന്നു.'

ഐവറികോസ്റ്റ്(Ivory coast)ൽനിന്ന് സുപ്രീം കോടതിയിലെ ഒരു ജഡ്ജി ത്വോറെ അലി സാഹിബ് പങ്കെടുത്തിരുന്നു. അദ്ദേഹം ഐവറികോസ്റ്റിലെ നാഷണൽ കോൺസ്റ്റിട്യൂഷണൽ കൗൺസിലിന്റെ ഉപദേശകനുമാണ്. അദ്ദേഹം പറയുന്നു: 'ഞാൻ സ്വയം ഒരു മുസ്ലിമാണ്. കഴിഞ്ഞ 20 വർഷത്തിൽ വിവിധ ഇസ്ലാമിക കക്ഷികളുടെ മതപരിപാടികളിൽ പങ്കെടുക്കാൻ അവസരം കിട്ടിയിട്ടുണ്ട്. പക്ഷേ, എനിക്ക് ഈ 20 വർഷത്തിനുള്ളിൽ, ഈ ജൽസയിലെ മൂന്ന് ദിനങ്ങളിൽ ഇസ്ലാമിനെ കുറിച്ച് കിട്ടിയ അറിവുകൾ കിട്ടിയിട്ടില്ല. ഈ മൂന്നു ദിവസത്തിൽ ആത്മീയമായനിലയിൽ എനിക്ക് കിട്ടിയ അഭിവൃദ്ധി കഴിഞ്ഞ 20 വർഷത്തിൽ കിട്ടിയിട്ടില്ല.' അദ്ദേഹം തുടർന്ന് പറയുന്നു: 'അനഹ്മദി ഉലമാക്കളുടെ കൈയിൽ ഇസ്ലാമിനെക്കുറിച്ച് ഒന്നുംതന്നെയില്ല. ആർക്കെങ്കിലും യഥാർഥമായ പാഠം കരസ്ഥമാക്കണമെങ്കിൽ, അവർ അഹ്മദിയ്യാജമാഅത്തിന്റെ അടുത്തുവരിക.' വീണ്ടും പറയുന്നു: 'ജൽസയിലെ സന്നദ്ധസേവകരുടെ പ്രവർത്തനങ്ങളിൽനിന്ന് അഹ്മദികൾക്ക് ഖിലാഫത്തിനോടു എത്രമാത്രം സ്നേഹമാണെന്ന് മനസ്സിലാകുന്നുണ്ട്. ആ സ്നേഹം കാരണത്താൽ അവർ തങ്ങളുടെ ഖലീഫയെ പൂർണമായും അനുസരിക്കുന്നു. പരസ്പരം വളരെ സ്നേഹത്തിലായിരിക്കുന്നു. ഈ സ്നേഹത്തിൽ ഒത്തൊരുമയും ഐക്യവുമുണ്ട്. ഇക്കാരണത്താലാണ് ഇവർ ഇസ്ലാമിനു വേണ്ടി ശരിയായ നിലയിൽ സേവനം ചെയ്തുകൊണ്ടിരിക്കുന്നത്. മറ്റു മുസ്ലിംകൾക്ക് ഇത്തരം മാർഗദർശകനോ ഇത്തരം ഐക്യമോ ഇല്ല.' അദ്ദേഹം പറയുന്നു: 'ഞാൻ തുടർന്നും ഈ ആത്മീയ ജൽസയിൽ എന്റെ ഭാര്യയോടൊപ്പം പങ്കെടുക്കുന്നതായിരിക്കും.'

ബെലീസ്(Belize)ൽനിന്ന് ഒരു പത്രപ്രവർത്തക സഹർ വാസ്ക്കീസ് (Sahar Vasquez)സാഹിബ ജൽസയിൽ പങ്കെടുത്തിരുന്നു. അവർ പറയുന്നു: 'ഞാൻ മിയാമിയിൽനിന്ന് ലണ്ടനിലേക്കുള്ള വിമാനത്തിലിരിക്കുമ്പോൾ എന്റെ മനസ്സിൽ ഭയവും പേടിയും ഭീകരതയുടെ ഒരുപാട് ചിന്തകളും വരാൻ തുടങ്ങി. ഏഴുമണിക്കൂർ നേരം ഫ്ളൈറ്റിൽ ഇരിക്കണമല്ലോ എന്നതുകൊണ്ടല്ല ആ ചിന്തകളുണ്ടായത്. പ്രത്യുത ഞാൻ എന്റെ അടുത്ത മൂന്നു ദിവസം മുസ്ലിംകളുടെ ഇടയിൽ കഴിയണമല്ലോ എന്നോർത്തായിരുന്നു. ലോകത്ത് നടക്കുന്ന അതിക്രൂരമായ ഭീകരപ്രവർത്തനങ്ങൾക്ക് ചില മുസ്ലിംകൾ തന്നെയാണ് ഉത്തരവാദികൾ. എനിക്കിനി മടങ്ങിപ്പോകാൻ സാധ്യമല്ലെന്ന് മനസ്സിലായി. വിമാനം പൊങ്ങിക്കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് എനിക്കിനി ഇതിനെ നേരിടേണ്ടിവരും. അങ്ങനെ ഞാൻ ദുആ ചെയ്തു: ഏതെങ്കിലും ഭീകരവാദിയുടെ ആക്രമണത്തിന് ഞാൻ ഇരയാകരുതേ! ഞാൻ ആരുടെയെങ്കിലും ആക്രമണത്തിന് ഇരയായില്ല എന്നത് പ്രകടമാണ്. പ്രത്യുത യാഥാർഥ്യം അതിന് കടകവിരുദ്ധമായിരുന്നു. എന്നെ ഇവിടെ രാജകുമാരിയെ പോലെയാണ് നോക്കിയത്. ജൽസസാലാനയിലെ അനുഭവങ്ങൾ എന്റെ ജീവിതത്തിൽ ഏറ്റവും മികച്ച അനുഭവങ്ങളിൽപ്പെട്ടതാണ്. നിരവധിയാളുകളുമായി കണ്ടുമുട്ടി. പക്ഷേ, എനിക്ക് അഹ്മദികളെപോലുള്ള സഹതാപികളെ ഒരിക്കലും കിട്ടിയിട്ടില്ല. ഞാൻ അത്യുന്നതവും അതിശ്രേഷ്ഠവുമായ ജമാഅത്തിനെ കണ്ടു. എനിക്ക് വിനയത്തിന്റേയും സ്നേഹത്തിന്റേയും ഉന്നതനിലവാരം ദർശിക്കാൻ അവസരം കിട്ടി. ഓരോ ദിവസവും അങ്ങേയറ്റം മാന്ത്രികപരമായിരുന്നു. ഇവിടെനിന്ന് നിരവധി സുഹൃത്തുക്കളും ഓർമകളുംകൊണ്ടാണ് ഞാൻ പോകുന്നതെന്ന കാര്യത്തിൽ എനിക്കഭിമാനമുണ്ട്. ഇത് ഒരിക്കലും മറക്കാൻ പറ്റാത്ത അനുഭവമായിരുന്നു എന്നതാണ് വസ്തുത."

ബെലീസ്(Belize)നഗരത്തിന്റെ മേയർ ബർണാഡ് ജോസഫ് (Bernad Joseph)സാഹിബ് പറയുന്നു: "ജൽസസാലാന എന്റെ ജീവിതത്തിലെ ആദ്യത്തെ നല്ല അനുഭവമായിരുന്നു. ഹൃദയഹാരിയായിരുന്നു. മൂന്നു ദിവസത്തെ അഹ്മദികളുടെ സാഹോദര്യവും പരസ്പരസ്നേഹവും മനുഷ്യർക്ക് ചെയ്യുന്ന സേവനവും കണ്ട് വളരെയധികം ആകർഷിതനായിരിക്കുന്നു. ധാരാളം സാമൂഹിക പ്രശ്നങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്ന ഒരു രാജ്യത്തുനിന്നാണ് ഞാൻ വരുന്നത്. ബെലീസ്(Belize) സിറ്റിയുടെ മേയർ എന്ന നിലയിൽ ഞാൻ മനസ്സിലാക്കുന്നത് ആ എല്ലാ സാമൂഹികപ്രശ്നങ്ങളിൽനിന്നും മോചനം പ്രാപിക്കുന്നതിന് ഒരുപക്ഷേ, നമുക്ക് നമ്മുടെ ബെലീസ്(Belize)ലെ തദ്ദേശ അഹ്മദിയ്യാ ജമാഅത്തിൽനിന്ന് മാർഗനിർദ്ദേശം കരസ്ഥമാക്കേണ്ടതാണെന്നാണ്." അദ്ദേഹം പറയുന്നു: "ഞാൻ ഇവിടെനിന്ന് വളരെ നല്ല സ്മരണകളുമായാണ് പോകുന്നത്; ഈ മൂന്നു ദിനങ്ങളിൽ ഉണ്ടാക്കിയിട്ടുള്ള ബന്ധങ്ങളും താമസം, ഭക്ഷണം, യാത്ര തുടങ്ങിയവയ്ക്കുള്ള ഏർപ്പാടുകളും ഉന്നതനിലയിലുള്ളതായിരുന്നു. കാറുകളുടെ ഡ്രൈവർമാരും എയർപോർട്ടിൽനിന്ന് സ്വാഗതം ചെയ്യുന്ന പ്രവർത്തകരും ഇപ്രകാരംതന്നെ ജൽസ നടക്കുന്നതിനിടയിൽ കുടിവെള്ളവുമായി നടക്കുന്ന കുട്ടികൾ, പാർക്കിംഗിലെ പ്രവർത്തകർ, ഭക്ഷണം പാചകം ചെയ്യുന്നവർ, അതുപോലെ ഇതിനെ വിജയിപ്പിക്കാൻ വേണ്ടി പർദയ്ക്കു പിന്നിൽ പ്രവർത്തിച്ചവരെല്ലാം ഈ ജൽസയെ അങ്ങേയറ്റം ചരിത്രസ്മാരകമാക്കിത്തീർത്തു.'

ഇറ്റലി(Italy)യിൽനിന്ന് വന്ന ഒരു പ്രൊഫസറായിരുന്നു ജസ്റ്റോ ലാക്കൊൻസ ബൽദ (Justo Lacunza Balda). ഇദ്ദേഹം കത്തോലിക്കസഭയുടെ പാതിരിയാണ്. മുൻപോപ്പിന്റെ ന്യായോപദേശകനുമായിക്കഴിഞ്ഞിട്ടുണ്ട്. അദ്ദേഹം പറയുന്നു: ഞാൻ ഇന്ന് പ്രത്യേകമായും മൂന്നുകാര്യങ്ങൾ നോട്ടു ചെയ്തു. ഒന്ന് വിവിധ ജനതകളിലുള്ളവർ പരസ്പരം ഇത്തരത്തിൽ സ്നേഹത്തോടെ കൂടിക്കാണുന്നതും ഇടയ്ക്ക് ഒരുതരത്തിലുള്ള മറയുമില്ലാത്തതും അത്ഭുതപ്പെടുത്തുന്ന ഒരു കാര്യമാണ്. ലോകത്ത് ഒരിടത്തും ഈ രീതിയിലുള്ള ദൃശ്യം കിട്ടുകയില്ല. രണ്ടാമത്തേത് ഈ ജൽസയിൽ എനിക്ക് സമാധാനം കാണാൻ കഴിഞ്ഞുവെന്നതാണ്. ഒരുതരത്തിലുള്ള അസമാധാനവും ഉണ്ടായിരുന്നില്ല. മൂന്നാമത്തെ കാര്യം കാലത്തിന്റെ ഖലീഫയുടെ പ്രസംഗങ്ങൾ വലിയ വ്യക്തമായ സന്ദേശം ഉൾക്കൊള്ളുന്നുവെന്നതാണ്. അവയിൽ നമുക്ക് വളരെയധികം പ്രാക്ടിക്കൽ ഉപദേശങ്ങളുണ്ട്.'

ഫിലിപ്പീൻ(Philippines)നിലെ ഒരു അതിഥി എലീന ലോബസ് സാഹിബ പറയുന്നു: ഇവരിപ്പോൾ അറബ് ന്യൂസിൽ ജോലിചെയ്തുവരികയാണ്. കഴിഞ്ഞവർഷം മനീലബുള്ളറ്റിന്റെ പത്രപ്രവർത്തക എന്ന നിലയിൽ ജൽസയിൽ പങ്കെടുത്തിരുന്നു. ഈ വർഷം അവർ വീണ്ടും സ്വന്തം ചെലവിലാണ് ജൽസയിൽ പങ്കെടുത്തത്. അവർ പറയുന്നു: "ജൽസസാലാനയിൽ പങ്കെടുത്തതിന്റെ രണ്ടാമത്തെ അനുഭവമാണെന്റേത്. ഓരോ പ്രാവശ്യവും ജൽസാസാലാനയുടെ സംവിധാനങ്ങളും മറ്റു കാര്യങ്ങളും എന്നെ അതിരറ്റ് തേജസ്സുള്ളതാക്കുന്നുവെന്ന് എനിക്ക് പറയേണ്ടിവരും; ഇപ്രകാരംതന്നെ ജനങ്ങളുടെ വിശ്വാസപരമായ അവസ്ഥകണ്ടും പ്രത്യേകിച്ച് വിവിധ നിറത്തിലും വർണത്തിലുമുള്ള ആളുകൾ ജൽസാസാലാനയുടെ അന്തരീക്ഷത്തിൽവന്ന് എങ്ങനെ പരസ്പരം കൂടിച്ചേരുന്നുവെന്നതും അവർക്കിടയിൽ വിവേചനമൊന്നുമില്ലാതിരിക്കുന്നതുമായ കാര്യം. ഇതേ പരസ്പര സ്നേഹവും സാഹോദര്യവുമാണ് നിങ്ങളുടെ സന്ദേശത്തിന് ഒരു കർമപരമായ വർണം ചാർത്തുന്നത്. അത് പ്രസംഗങ്ങളെക്കാളൊക്കെ കൂടുതൽ സ്വാധീനം ചെലുത്തുന്നുതും വളരെക്കാലം സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്നതുമാണ്. ജൽസയിൽ പങ്കെടുക്കുന്നവർ ഈ സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും അന്തരീക്ഷം അവരവരുടെ രാജ്യത്ത് കൊണ്ടുപോകുമെന്ന് എനിക്ക് ദൃഢവിശ്വാസമുണ്ട്; ഇങ്ങനെ ജൽസയിൽ പങ്കെടുത്ത എല്ലാ രാജ്യക്കാരും ഈ അന്തരീക്ഷത്തെ പ്രയോജനപ്പെടുത്തുന്നുണ്ടാകും." അവർ പറയുന്നു: "സ്നേഹവും സാഹോദര്യവുമെന്ന് പറയുന്നത് എന്താണെന്ന് മനസ്സിലാക്കാനും ഇസ്ലാമിന്റെ യഥാർഥ മുഖകമലം എത്രമാത്രം മനോഹരമാണെന്ന് ബോധ്യപ്പെടാനും ഏറ്റവും കൂടുതൽ ആളുകൾ അഹ്മദിയ്യാ ജമാഅത്തിനോടൊപ്പം ജൽസയുടെ അന്തരീക്ഷത്തിൽ കഴിച്ചുകൂട്ടേണ്ടതാണെന്ന് ഞാൻ വിചാരിക്കുന്നു."

ജപ്പാൻ(Japan)നിൽനിന്നുവന്ന സംഘത്തിലുണ്ടായിരുന്ന ഒരു വനിത യോക്കിക്കൊ കോണ്ടോ (Yokiko Kondo)സാഹിബ പറയുന്നു: (ഞാൻ ചെയ്ത സ്ത്രീകളോടുള്ള പ്രസംഗത്തെക്കുറിച്ചാണ് പറയുന്നത്) "സ്ത്രീകളോടുള്ള പ്രസംഗത്തിൽനിന്ന് മനസ്സിലാകുന്നത് കാലത്തിന്റെ ഖലീഫയുടെ ഉപദേശങ്ങൾ, അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ ഉപദേശങ്ങൾ– അതിന്റെ തണലിലാണ് അഹ്മദിയ്യത്ത് അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നതെന്നാണ്. അത് കുടുംബങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുനിറുത്തു

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"ദുൻയാവ് സമ്പാദനത്തിന്റെ യഥാർഥ ഉദ്ദേശ്യം ദീൻ ആയിരിക്കേണ്ടതാണ്. ദീനിന്റെ സേവകൻ എന്ന നിലയിൽ ദുൻയാവിനെ കരസ്ഥമാക്കുക."**
**(ഖുത്ബ ജുമുഅ, 2017 മെയ് 5)**

**ത്വാലിബെ ദുആ:**
**മുഹമ്മദ് സ്വഫ്വാനും കുടുംബവും, എറണാകുളം ജില്ലാ ഖായിദ് (കേരള)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"ദുഷ്കരമായ അവസ്ഥകളിൽനിന്ന് പുറത്തു കടക്കാനുള്ള മാർഗം അല്ലാഹുവിന്റെ മുമ്പിൽ കുനിയുക മാത്രമാണ്."**
**(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)**

**ത്വാലിബെ ദുആ:**
**ഖാഇദ് മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ആലപ്പുഴ(കേരള)**

ന്നതിനും യാന്ത്രികമായ ലോകത്തുനിന്ന് പുറത്തുകൊണ്ടുവരുന്നതിനും നമുക്കുള്ള ഒരു പ്രൊട്ടക്ഷനാണ്. അത് യഥാർഥത്തിൽ ഇപ്പോൾ ലോകത്തിന് ആവശ്യവുമാണ്.' അവർ പറയുന്നു: 'ഇപ്പോൾ മതത്തിൽനിന്ന് അകന്നുപോകുന്ന ചായ്‌വാണുള്ളത്. അഹ്മദിയ്യാ ജമാഅത്തിന്റെ അംഗങ്ങളിൽ മതപരമായ സേവനത്തിന്റെ വികാരവും ആവേശവും നിലനിറുത്തിയിട്ടുള്ളത് ഏതു ശക്തിയാണെന്ന് ഞങ്ങൾ ചിന്തിക്കുകയായിരുന്നു. ഈ ചോദ്യം ഞങ്ങളുടെ മനസ്സുകളിൽ ചുറ്റിക്കറങ്ങിക്കൊണ്ടിരിക്കുകയായിരുന്നു. പക്ഷേ, ജൽസയുടെ ആദ്യദിവസംതന്നെ ദുആകളിൽ പങ്കെടുത്തും അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ ഉപദേശങ്ങൾ കേട്ടും, ദുആ എന്ന ശക്തി തന്നെയാണ് അഹ്മദിയ്യാ ജമാഅത്തിനെ, മറ്റു മുഴുവൻ ലോകത്തുനിന്നും മാറ്റിനിറുത്തിക്കൊണ്ടിരിക്കുന്നതെന്ന് ഉറപ്പായി. ജൽസയിൽ ഞങ്ങൾക്ക് ആവർത്തിച്ചാവർത്തിച്ച് ദുആ ചെയ്യാൻ അവസരം കിട്ടി. ദുആയ്ക്കുശേഷം ഞങ്ങളുടെ മനസ്സും ഭാരം കുറഞ്ഞതായി ഞങ്ങൾ കണ്ടു. ഞങ്ങളുടെ ആത്മാവിന് ഒരു പുതുമ കൈവന്നു.' വീണ്ടും പറയുന്നു: 'ജൽസാദിനങ്ങളിൽ ചൂടുകാലാവസ്ഥയായിരുന്നു. പക്ഷേ, ചൂടുകാരണത്താൽ ജനങ്ങൾ പൊറുതിമുട്ടുന്നതു ഞങ്ങൾ കണ്ടില്ല. പ്രവർത്തകരുടെ മുഖങ്ങളിൽ മന്ദസ്മിതം നിലനിന്നിരുന്നു. ഭക്ഷണസമയത്തെ അച്ചടക്കം മാതൃകാപരമായിരുന്നു. കുടിവെള്ളം വിതരണം ചെയ്യുന്ന കുട്ടികൾ മുതൽ വാഷ്‌റൂം വൃത്തിയാക്കുന്ന സന്നദ്ധസേവകർവരെ ഭൂരിപക്ഷവും സന്തോഷത്തോടുകൂടിയാണ് സേവനങ്ങൾ ചെയ്യുന്നതെന്ന് എനിക്ക് മനസ്സിലായപ്പോൾ, ഞാൻ അസൂയയോടെയാണ് അത് നോക്കിക്കണ്ടത്. അല്ലാഹു അവരെയെല്ലാം ഇഷ്ടപ്പെടട്ടെ എന്ന് ദുആ ചെയ്തു; അവർ ജനങ്ങളുടെ സമാധാനത്തിനുവേണ്ടി സ്വന്തം സുഖം ത്യാഗം ചെയ്തുകൊണ്ടിരിക്കുന്നു.'

ഗ്വാദേലോപിലെ ഒരു നവഅഹ്മദി പേട്രയ്സ് മെയാക്കോ(Patrice Mayeko) സാഹിബ് പറയുന്നു: ഞാൻ എന്റെ ജീവിതത്തിൽ ഒരിക്കലും ഇത്തരം പ്രോഗ്രാം കണ്ടിട്ടില്ല. ജൽസ പ്രോഗ്രാമുകൾ കൃത്യസമയത്ത് തുടങ്ങിയത് എന്നെ ഹഠാദാകർഷിച്ചു. പ്രസംഗങ്ങളുടെ വിവിധ വിഷയങ്ങൾ കാലത്തിനനുസൃതമായിരുന്നു. പ്രത്യേകിച്ചും എനിക്ക് വളരെ ഫലപ്രദമായിരുന്നു. ജൽസയിലെ എല്ലാ ഏർപാടുകളും ചലിച്ചുകൊണ്ടിരിക്കുന്ന ഒരു മെഷീൻ പോലെയായിരുന്നു. അതിന്റെ ഓരോ അവയവയവവും അതിന്റെ സ്ഥാനത്തുണ്ടായിരുന്നു. എല്ലാ പ്രവർത്തകരും ചേർന്ന് ആ മെഷീനെ ഉത്തമമായ രീതിയിൽ ചലിപ്പിച്ചുകൊണ്ടിരുന്നു. ഓരോ പ്രവർത്തകരും തങ്ങളുടെ ജോലിയിൽ അറിവുള്ളവരും വിദഗ്ദ്ധരുമായി കണ്ടിരുന്നു.' വീണ്ടും പറയുന്നു: 'ജൽസയിൽ സംഘടിപ്പിച്ചിരുന്ന എല്ലാ പ്രദർശനങ്ങളും വളരെ പ്രയോജനപ്രദമായിരുന്നു. പ്രത്യേകിച്ചും ആർക്കേവും(പുരാവസ്തുപ്രദർശനം) മുഖ്‌സഠ തസ്‌വീറും (ഫോട്ടോ പ്രദർശനം) റിവ്യൂ ഓഫ് റിലീജ്യൻസും എന്നെ വളരെ ആകർഷിച്ചു. ഈ പ്രദർശനം എനിക്ക് വളരെയേറെ ഇഷ്ടപ്പെട്ടു. അത് അഹ്മദിയ്യത്തിനെക്കുറിച്ചുള്ള ചരിത്രപരമായ അറിവ് വളരെ വർധിപ്പിച്ചു. ഈ ജൽസയിൽ പങ്കെടുത്ത് ഇത്രമാത്രം അനുഗൃഹീതമായ ജമാഅത്തുമായി ബന്ധപ്പെടാൻ എനിക്ക് അല്ലാഹു തൗഫീഖ് നല്കിയതിന് ഞാൻ വീണ്ടും അവന് നന്ദി പ്രകടിപ്പിക്കുകയാണ്.' അദ്ദേഹം പറയുന്നു: അദ്ദേഹം ഒരു കുറവിലേക്കും സൂചന നല്കുകയുണ്ടായി. "ജൽസാസാലാനയുടെ എല്ലാ സവിശേഷഗുണങ്ങളും നിലനില്ക്കെത്തന്നെ എന്റെ ചെറിയ അറിവനുസരിച്ച് ഇംഗ്ലീഷ് ഭാഷ നോക്കുമ്പോൾ ഫ്രഞ്ചുഭാഷയിൽ പ്രോഗ്രാമുകൾ വളരെ കുറവാണെന്ന് എനിക്ക് തോന്നി."

ഫ്രഞ്ചു സംസാരിക്കുന്നവരാണ്; പ്രോഗ്രാം തയ്യാറാക്കുന്നവർ ഇക്കാര്യം പ്രത്യേകം നോട്ടുചെയ്യുക. ഒന്നുകിൽ ഫ്രഞ്ചുപ്രോഗ്രാം വെക്കുക. ഇല്ലെങ്കിൽ ഫ്രഞ്ചുഭാഷയിൽ തർജമയ്ക്കുള്ള സംവിധാനം ചെയ്യുക. കുറവുകൾ നമുക്ക് അടയാളപ്പെടുത്തിത്തരുന്നുവെന്നതും അല്ലാഹുവിന്റെ കൃപയാണ്.

ജപ്പാൻ(Japan)നിൽനിന്നുവന്ന ഒരു അതിഥിയാണ് യോശിദാ(Yoshida) സാഹിബ്. അദ്ദേഹം ബുദ്ധമതത്തിന്റെ ചീഫ് പ്രീസ്റ്റാണ്. അദ്ദേഹം ആഗോളബയ്അത്തിനെ സംബന്ധിച്ച് തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചു. അദ്ദേഹം പറയുന്നു: ബയ്അത്തിന്റെ പരിപാടി കണ്ട്, നമുക്കൊരു ദൈവവമുണ്ടെന്നും അവന്റെ മുമ്പിൽ കുനിയണമെന്നും എന്നാൽ, ആത്മശാന്തി കിട്ടുമെന്നും പാപങ്ങൾ കഴുകപ്പെടുമെന്നും ബോധ്യമായി. ഇപ്രകാരംതന്നെ എല്ലാ മനുഷ്യരും അഭിപ്രായഭിന്നതകൾ അവസാനിപ്പിച്ച് ഒന്നാകേണ്ടതാണ്." വീണ്ടും അദ്ദേഹം പറയുന്നു: ബയ്അത്ത് പരിപാടിയിൽ പങ്കെടുത്ത് അനിയന്ത്രിതമായി ഞങ്ങളുടെ കണ്ണുകളിൽനിന്ന് കണ്ണീരൊഴുകി. ഞങ്ങളും സുജൂദിൽ വീണു. യഥാർഥത്തിൽ ഞങ്ങളുടെ പാപങ്ങൾ കഴുകപ്പെടുന്നതുപോലെ തോന്നി."

ഇന്തൊനീഷ്യ(Indonesia)യിലെ ഒരു സ്കോളറാണ് പ്രൊഫസർ മുഹമ്മദ് സാഹിബ്. അദ്ദേഹം പറയുന്നു: "ജൽസാ സാലാനയുടെ സംഘാടനം വളരെ വലിയൊരു അത്ഭുതമുളവാക്കുന്ന പ്രോഗ്രാമാണ്. ഈ ജൽസയിൽ വിവിധ രാജ്യങ്ങളിൽനിന്ന് ആളുകൾ വന്നിട്ടുണ്ടായിരുന്നു. മുഴുലോകത്തേയും ഒരിടത്ത് ഒരുമിച്ചുകൂട്ടി ഉമ്മത്തെവാഹിദ (ഒരേയൊരു ഉമ്മത്ത്) ആക്കിയിരിക്കുന്നതുപോലെതോന്നി. ഇവിടെ സന്നദ്ധസേവകർ എപ്രകാരമാണോ സേവനം ചെയ്തുകൊണ്ടിരുന്നത് മറ്റൊരു സംഘടനയിലും അതിന് ഉദാഹരണം കിട്ടുകയില്ല. അഹ്മദിയ്യാ ജമാഅത്ത് എല്ലാ രംഗത്തും സേവനം ചെയ്യുന്നുവെന്നതിനുള്ള വ്യക്തമായ തെളിവാണിത്. ജൽസയുടെ വേളയിൽ എല്ലാതരത്തിലുള്ള ആളുകളുമായും കൂടിക്കാഴ്ച ഉണ്ടായി. അവരിൽ ചിലർ വലിയ വലിയ വ്യക്തിത്വങ്ങൾ ആളായിരുന്നു. എല്ലാ ഭാഗത്തും ഇസ്‌ലാമികമായ സാഹോദര്യത്തിന്റെ ദൃശ്യം വ്യക്തമായിരുന്നു. എല്ലാ ഭാഗത്തും സമാധാനത്തിന്റേയും ശാന്തിയുടേയും സന്ദേശമായിരുന്നു." അദ്ദേഹം പറയുന്നു: "അതിഥി സൽക്കാരത്തെ കുറിച്ച് വിവരിക്കുക അസംഭാവ്യമാണ്. പ്രവർത്തകർ അതിഥികളെ വളരെ ആദരിക്കുന്നു. വിശാലഹൃദയത്തോടെ പെരുമാറുന്നു. സ്വന്തം വീട്ടിൽ താമസിക്കുന്നതുപോലെ തോന്നി. ജൽസാസാലാനയിലെ പ്രസംഗങ്ങൾ എല്ലാവർക്കും സുഗമമായി മനസ്സിലാക്കാൻ പറ്റുന്നതായിരുന്നു. ഇത്തരത്തിലുള്ള മഹത്തായ ജൽസ ഇന്തൊനീഷ്യ(Indonesia)യിലും സംഘടിപ്പിക്കണമെന്നാണ് എന്റെ അഭിപ്രായം. അതിൽ ഖലീഫ പങ്കെടുക്കണം. ഞങ്ങൾക്കത് അഭിമാനകരമായ കാര്യമാകും."

അങ്ങനെ പരിപാടി നടത്തണമെങ്കിൽ രാജ്യവാസികളെ ബോധവാന്മാരാക്കേണ്ടതാണ്. അവിടെ അഹ്മദിയ്യത്തിനോടുള്ള ശത്രുത വർധിച്ചുകൊണ്ടിരിക്കുകയാണ്!

ഇന്തൊനീഷ്യ(Indonesia)യിലെ ഒരു മുസ്‌ലിം സംഘടനയുടെ നേതാവ് ജൽസയിൽ പങ്കെടുത്തിരുന്നു. അവർ പറഞ്ഞു: "അഹ്മദിയ്യാ ജമാഅത്തിന്റെ ഒരുപാട് ഗ്രന്ഥങ്ങൾ ഞാൻ വായിച്ചുകഴിഞ്ഞിരിക്കുന്നു. ജമാഅത്തിനെക്കുറിച്ച് മതിയാവോളം അറിയാം. പക്ഷേ, ജൽസാസാലാനയിൽ പങ്കെടുത്ത് ഖലീഫയുടെ പ്രഭാഷണങ്ങൾ എന്റെ കാതുകൊണ്ട് നേരിട്ട് കേട്ടപ്പോൾ വളരെ സ്വാധീനമുണ്ടായി. യഥാർഥത്തിൽ അഹ്മദിയ്യാ ജമാഅത്തിലെ ആളുകൾ കർമാനുഷ്ഠാനികളായ പണ്ഡിതന്മാരാണ്. ആളുകൾ കാലത്തിന്റെ ഖലീഫയുടെ നിർദ്ദേശങ്ങൾ കേൾക്കുകയും ഈ ദൃശ്യങ്ങൾ കാണുകയും ചെയ്യുമ്പോൾ അമ്പരന്നുപോകുന്നു. ആളുകൾ പറയുന്നത് അഹ്മദിയ്യാ ജമാഅത്ത് സത്യനിഷേധത്തിലും വഴികേടിലും അകപ്പെട്ടവരും മറ്റുള്ളവരെ വഴിപിഴപ്പിക്കുന്നവരുമാണെന്നാണ്. പക്ഷേ, ഇവരാണ് സത്യസന്ധരായ മുസ്‌ലിംകളെന്നതാണ് വസ്തുത. അവർ നമസ്കാരം കൃത്യമായി അനുഷ്ഠിക്കുന്നവരാണ്. അല്ലാഹുവിനോടും അവന്റെ ദാസരോടുമുള്ള കടമകൾ നല്ലരീതിയിൽ നിർവഹിക്കുന്നവരാണ്. പരസ്പരം ആദരിക്കുകയും സംസാരിക്കുന്നതിനുമുമ്പേ അസ്സലാമുഅലയ്ക്കും പറയുകയും ചെയ്യുന്നു. ഓരോ സന്നദ്ധസേവകരും അവരവരുടെ ഉത്തരവാദിത്തങ്ങൾ തആവനു അലൽബിർറി വത്തഖ്‌വാ എന്ന ആയത്തനുസരിച്ച് നിർവഹിക്കുന്നു. ഈ എല്ലാ ദൃശ്യങ്ങളും കണ്ട് ഞാൻ വളരെ ആകർഷിക്കപ്പെട്ടിരിക്കുകയാണ്.' അവർ പറയുന്നു: 'ഇതെല്ലാം കാലത്തിന്റെ ഇമാമിന്റേയും ഖിലാഫത്തിന്റേയും അനുഗ്രഹങ്ങളുടെ ഫലമാണെന്ന് തോന്നുന്നു." ഇവർ അഹ്മദിയല്ല.

ഇന്തൊനീഷ്യ(Indonesia)യിൽനിന്ന് ഒരു അനഹ്മദി സ്കാളറും അദ്ദേഹം അവിടെത്തെ ഒരു യൂണിവേഴ്സിറ്റിയിലെ ഫിലോസഫി ഡിപ്പാർട്ട്മെന്റിന്റെ ഹെഡ്ഡുമാണ് ജൽസയിൽ പങ്കെടുത്തിരുന്നു. അദ്ദേഹം പറയുന്നു: 'എല്ലാ അടിസ്ഥാനത്തിലും എല്ലാ വശത്തൂടേയും ആത്മീയമായ കാര്യങ്ങൾ മുന്നിൽവച്ചുകൊണ്ടുള്ള ഒരു മജ്‌ലിസ് ആദ്യമായാണ് ഞാൻ കാണുന്നത്.' അദ്ദേഹം പറയുന്നു: 'കാരണം അതിൽ മുഴുലോകത്തുനിന്നുമുള്ള ആളുകൾ ഖിലാഫത്തിന്റെ ചുറ്റും ശലഭങ്ങളെപോലെ ഒത്തുകൂടിയിരിക്കുകയായിരുന്നു. ഞാൻ ഒരു ഇന്തോനേഷ്യൻ എന്ന നിലയിൽ ഖലീഫത്തുൽ മസീഹിന്റെ ശ്രമങ്ങളെ പ്രശംസിക്കുകയാണ്. അദ്ദേഹം ലോകം മുഴുവനുമുള്ള ആളുകളെ ഒരു സ്ഥലത്ത് ഒരുമിച്ചുകൂട്ടി സാഹോദര്യത്തിന്റെ ദൃശ്യം അവതരിപ്പിച്ചിരിക്കുന്നു."

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഏതൊരു പ്രവൃത്തിക്കായാണോ അയക്കപ്പെട്ടത് ആ ജോലി ഖിലാഫത്ത് മുന്നോട്ടുകൊണ്ടുപോകുന്നു എന്നതാണ് യാഥാർഥ്യം. കാലത്തിന്റെ ഇമാമിനേയും മഹ്ദിയേയും വിശ്വസിക്കാൻ അല്ലാഹു ഇവർക്ക് തൗഫീഖ് നല്കുമാറാകട്ടെ.

വീണ്ടും അദ്ദേഹം പറയുന്നു: 'ഇതുതന്നെയാണ് സത്യമായ ഇസ്‌ലാം. ഇതുതന്നെയാണ് യഥാർഥമായ സാഹോദര്യം. അഹ്മദിയ്യാ ജമാഅത്ത് ഒരേയൊരു ആഗോള സംഘടനയാണ്. ഇതിന്റെ മാതൃക വേറെങ്ങും കിട്ടുകയില്ല. അഹ്മദിയ്യാ ജമാഅത്തിന്റെ മോട്ടോ അങ്ങേയറ്റം മനോഹരമാണ്. അത് ഓരോ മനസ്സിലും ആണിപോലെ തറയ്ക്കുന്നു. കാലത്തിന്റെ ഖലീഫയുടെ ഓരോ പ്രഭാഷണത്തിലും വിശുദ്ധഖുർആനിന്റേയും തിരുഹദീഥുകളുടേയും തിരുനബിയുടെ സുന്നത്തിന്റേയും വെളിച്ചത്തിൽ അങ്ങേയറ്റം സുമനോഹരമായ രീതിയിൽ ഇസ്‌ലാമികാധ്യാപനങ്ങൾ വിവരിക്കപ്പെട്ടു. ജൽസാസാലാന വെറും മൂന്നു ദിവസമാണ്. പക്ഷേ, അനുഗ്രഹങ്ങളുടെ അടിസ്ഥാനത്തിൽ ഈ മൂന്നുദിവസം പൂർണമായും വായവരെ നിറഞ്ഞുകവിഞ്ഞതാണ്. ഞങ്ങൾ ഇതിന് അങ്ങയോടു നന്ദിയുള്ളവരാണ്.'

ഗിനികൊണാക്രി(Guinea Conakry)യിലെ ഒരു സംസ്ഥാന ഗവർണർ സാരങ് ബേകുമാരസാഹിബ ജൽസയിൽ പങ്കെടുത്തിരുന്നു. അവർ പറയുന്നു: ഞാൻ ഇതിനേക്കാൾ ഉന്നതവും സുസംഘടിതവുമായ പ്രോഗ്രാം മുമ്പേയൊരിക്കലും കണ്ടിട്ടില്ല. എല്ലാ രാജ്യങ്ങളിൽനിന്നും എല്ലാ വർണത്തിലും വംശത്തിലുമുള്ള ആളുകൾ വൻതോതിൽ പങ്കെടുത്തു. അവർ ഉത്തമമായ ഇസ്‌ലാമിക മാതൃക സമർപി

---

"താൽക്കാലികവും ഭൗതികവുമായ ആഗ്രഹങ്ങളും ആനന്ദാനുഭൂതികളും നമ്മുടെ ലക്ഷ്യമാക്കാതിരിക്കുമ്പോഴാണ് നാം യഥാർഥ അഹ്മദിയായിത്തീരുന്നത്."
(ഖുത്ബ ജുമുഅ,2017 മെയ് 5.)

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**സുനിൽ അഹ്മദ്,അഹ്മദിയ്യാ ജമാഅത്ത്, മാത്ര. (കേരള)**

---

"ഏറ്റവും കൂടുതൽ 'വാഖ്ഫിനെ നൗ'യിനെ ജാമിഅ അഹ്മദിയ്യായിൽ വിദ്യാഭ്യാസത്തിനായി അയക്കേണ്ടതാണ്."
(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ, പള്ളൂരുത്തി (കേരള)**

ക്കുകയായിരുന്നു. അനുരക്തിയുടേയും സ്നേഹത്തിന്റേയും അസാധാരണമായ പ്രകടനം! അത് വെറും വാക്കാലല്ല; പ്രത്യുത കർമത്താൽ കാണിച്ചുകൊണ്ടിരുന്നു; അത് അനുഭവപ്പെടുന്നുണ്ടായിരുന്നു. ആവശ്യമുള്ള എല്ലാ വസ്തുക്കളും എപ്പോഴും ലഭ്യമായിരുന്നു.' അവർ പറയുന്നു: 'എനിക്ക് എല്ലാ പ്രസംഗങ്ങളും കേൾക്കാൻ അവസരം കിട്ടി. ഇക്കാലത്തെ ആവശ്യത്തിനനുസരിച്ചായിരുന്നു അവ തയ്യാറാക്കപ്പെട്ടിരുന്നത്. പ്രത്യേകിച്ചും അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ പ്രസംഗങ്ങൾ അസാധാരണ തരത്തിലുള്ളതായിരുന്നു. അദ്ദേഹം ആതിഥേയർക്കും അതിഥികൾക്കും നിർദ്ദേശങ്ങൾ നല്കി. നമ്മൾ ആ നിർദ്ദേശങ്ങളനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ അകാരണമായുണ്ടാകുന്ന നമ്മുടെ എല്ലാ പ്രശ്നങ്ങളും സ്നേഹവും പ്രീതിയുംകൊണ്ട് നമ്മുടെ വൃത്തിൽനിന്നുകൊണ്ട് പരിഹരിക്കാൻ കഴിയുന്നതാണ്.' അവർ പറയുന്നു: "ഈ മൂന്നു ദിവസംകൊണ്ട് ഞാൻ മനസ്സിലാക്കിയത് അഹ്മദിയ്യാ ജമാഅത്ത് ഒരു സുസംഘടിതവും ഒരു ഇമാമിന്റെ സൂചനയാൽ ചലിക്കുന്ന ജമാഅത്തുമാണെന്നാണ്. ഇതുതന്നെയാണ് ഇസ്ലാമിന്റെ മനോഹര അധ്യാപനവും. ഇതിലൂടെ കർമങ്ങൾ ചെയ്തുകൊണ്ട് നമുക്ക് ഇന്നൊരു ജമാഅത്താകാൻ കഴിയുന്നതാണ്.' അവസാനം പറഞ്ഞു: "ഞങ്ങളുടെ രാജ്യത്ത് അല്ലാഹു സമാധാനം സ്ഥാപിക്കുന്നതിനും യഥാർഥ ഇസ്ലാമിന്റെ സ്ഥാപനം നിലവിൽ വരുന്നതിനുവേണ്ടി ദുആ ചെയ്യാൻ അപേക്ഷിക്കുന്നു.'

ഹോൻഡുറാസ് (Honduras)ലെ ഒരു ജേർണലിസ്റ്റ് മനാലോ ജോസ് എസ്കോട്ടോ(Manalo Jose Escoto)അദ്ദേഹം ടി.വി ചാനലുമായി ബന്ധപ്പെട്ടയാളാണ്, പറയുന്നു: "ഒരു മുസ്ലിം സമ്മേളനത്തിൽ പങ്കെടുക്കാൻ എനിക്ക് ക്ഷണം കിട്ടിയപ്പോൾ അന്വേഷണമുണ്ടായി. കാരണം ആഗോളതലത്തിൽ അറിവു കുറഞ്ഞ കാരണത്താൽ മുസ്ലിംകളെ കുറിച്ച് മോശവും നെഗറ്റീവായിട്ടുള്ളതുമായ ചിന്താഗതികളാണ് പ്രകടിപ്പിക്കപ്പെടുന്നത്. പക്ഷേ, ഞാൻ ഈ നെഗറ്റീവായിട്ടുള്ള നടപടി അറിവില്ലാത്ത കാരണത്താലാണെന്ന് ശക്തമായും പ്രകടിപ്പിക്കാനാഗ്രഹിക്കുന്നു. മുസ്ലിംകളുടെ ശരിയായ അധ്യാപനവും വികാരങ്ങളും അറിയാത്ത എന്നെപ്പോലെയുള്ള ആയിരക്കണക്കിനാളുകളുണ്ട്. ഇപ്പോൾ അഹ്മദിയ്യാ ജമാഅത്തിന്റെ സമൃദ്ധിയിൽ ഞാൻ ഇസ്ലാമിനെക്കുറിച്ച് വളരെയധികം പഠിച്ചു. ജൽസാസാലാനയുടെ അന്തരീക്ഷത്തിൽ താമസിച്ചുകൊണ്ട്, എനിക്ക് ഒരു കാര്യം മനസ്സിലായി; ജനങ്ങളെ കുറിച്ച് എന്തെങ്കിലും പക്ഷവാദപരമായ അഭിപ്രായം ഉറപ്പിക്കുന്നതിനുമുമ്പേ അവയെ വ്യക്തിപരമായനിലയിൽ അറിയേണ്ടത് നിർബന്ധമാണ്. ജൽസസാലാനയുടെ മുഖ്യസന്ദേശം സമാധാന സന്ദേശമാണ്. അത് എല്ലാ തലത്തിലുമുള്ള ആളുകൾവരെ എത്തേണ്ടതുണ്ട്. ഇപ്രകാരംതന്നെ എനിക്ക് നല്ല സഹതാപികളും ആദരിക്കുന്നവരുമായ ആളുകളുമായി കൂടിക്കാണാൻ അവസരം കിട്ടി; അവർ എല്ലാ അതിഥികൾക്കും വേണ്ടി അവരുടെ മനസ്സുകൾ തുറന്നുവച്ചിരിക്കുകയായിരുന്നു."

ഗ്വാട്ടിമാല (Guatemala)യിലെ ഒരു പത്രപ്രവർത്തക ഗ്ലേഡിയസ് റമേഴ്സ്(Galadys Ramirez) സാഹിബ പറയുന്നു: "ബ്രിട്ടൻ അഹ്മദിയ്യാ ജമാഅത്തിന്റെ ജൽസയിൽ പങ്കെടുത്ത് എനിക്ക് അസാധാരണമായ ആനന്ദവും സന്തോഷവുമുണ്ടായി. അഹ്മദിയ്യാ മുസ്ലിം ജമാഅത്തിനെ അടുത്തുനിന്ന് നോക്കിക്കാണാൻ അവസരം കിട്ടി. ഇസ്ലാമിനെ സംബന്ധിച്ചുണ്ടായിരുന്ന ധാരാളം തെറ്റുധാരണകൾ അകന്നു. യഥാർഥ ഇസ്ലാമികാധ്യാപനങ്ങൾ അറിഞ്ഞു. എന്റെ മനസ്സ് സന്തോഷംകൊണ്ട് നിറഞ്ഞിരിക്കുന്നു; ജൽസയിൽ പങ്കെടുത്ത എല്ലാവരും എന്നോട് അങ്ങേയറ്റം സ്നേഹത്തോടും ആദരവോടുംകൂടി പെരുമാറി. ഒരു സ്ത്രീയെന്ന നിലയിൽ ഒരു നിമിഷംപോലും ഞാൻ വീട്ടിൽനിന്ന് ദൂരത്താണെന്നോ തനിച്ചാണെന്നോ തോന്നിയില്ല. പ്രത്യുത അതിന്നെതിരിൽ ഇവിടെ ഞാൻ എന്നെ സുരക്ഷിതയും മറ്റുള്ളവരുടെ ദൃഷ്ടിയിൽ ബഹുമാനാർഹയുമാണെന്നാണ് തോന്നിയത്. പരസ്പര സാഹോദര്യത്തിന്റേയും സ്നേഹത്തിന്റേയും കർമപരമായ മാതൃക കണ്ടു. ലോകത്തിലെ വിവിധ രാജ്യങ്ങളിൽനിന്നുവന്ന അംഗങ്ങളുമായി കണ്ട്, എല്ലാവരും പരസ്പരം സ്നേഹിക്കുന്നവരും സഹതാപികളുമാണെന്ന് അനുഭവപ്പെട്ടു; വിവിധ ഭാഷകളാണ് സംസാരിച്ചിരുന്നതെങ്കിലും. എന്നാൽ, അവരുടെ കർമപരമായ മാതൃകകൾ ഈ ഭാഷകളുടെ ഭിന്നതകളെ മറപ്പിച്ചുകളഞ്ഞു.' അവർ പറയുന്നു: "ഞാൻ ഈ സമാധാനഭരിതമായ സമൂഹത്തോടു അതിരറ്റ് ആകർഷിതയാണ്. അഹ്മദിയ്യാ ജമാഅത്തിലെ അംഗങ്ങൾ യഥാർഥത്തിൽ ശാന്തിയും സമാധാനവും കർമപരമായ രീതിയിൽ സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്."

അവിടെനിന്ന് ഒരു ടിവി ചാനലിന്റെ ഫോട്ടോഗ്രാഫർ ജൽസയിൽ പങ്കെടുത്തിരുന്നു. അദ്ദേഹം പറയുന്നു: 'അവിസ്മരണീയമായ അനുഭവമായിരുന്നു. പ്രവർത്തകർ മുതൽ ഓഫീസർവരെ എല്ലാവരും നല്ല വികാരത്തോടും സ്നേഹത്തോടും പ്രീതിയോടുംകൂടി പെരുമാറി. ജൽസയുടെ ഏർപാടുകളും പ്രസംഗങ്ങളും എന്റെ മനസ്സിന് തിളക്കം പ്രദാനം ചെയ്തു. കർമപരമായനിലയിൽ നിങ്ങളെന്നോടു പറഞ്ഞത് യഥാർഥ മുസ്ലിംകൾ ആരാണെന്നാണ്.' അദ്ദേഹം പറയുന്നു: 2015ലാണ് അഹ്മദിയ്യാ ജമാഅത്തിനെ പരിചയപ്പെട്ടത്. പക്ഷേ, ഇവിടെ വന്നപ്പോൾ ഞാനെന്റെ വീട്ടിലുള്ളതുപോലെതോന്നി. മനുഷ്യനെന്ന നിലയിൽ പരസ്പരം ആദരിക്കുകയും ബഹുമാനിക്കുകയും നിരാലംബരെ സഹായിക്കുകയും ചെയ്യുക എന്നത് ഓരോരുത്തരുടേയും നിർബന്ധകടമയാണ്.' അദ്ദേഹം പറയുന്നു: 'നമ്മളെല്ലാവരും കൂടിച്ചേർന്ന് പരസ്പരം സഹായിച്ചും സ്നേഹത്തോടും സാഹോദര്യത്തോടുംകൂടി പ്രവർത്തിക്കുകയും ചെയ്താൽ മഹത്തായ പ്രവൃത്തി ചെയ്യാൻ കഴിയുമെന്ന് ഈ ജൽസയിൽനിന്ന് എനിക്ക് പാഠം കിട്ടിയിരിക്കുന്നു.'

മെക്സിക്കോ(Mexico)യിൽനിന്നുള്ള ഒരു നവ അഹ്മദി എലിസബത്ത് പരേര (Elizabeth Parera) സാഹിബ പറയുന്നു: "ഞാൻ അഹ്മദിയായിട്ട് ഒരു വർഷമേ ആയിട്ടുള്ളൂ. ഞാൻ ഇസ്ലാമിനെക്കുറിച്ച് പഠിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ രാജ്യത്ത് നല്ല ദൃഷ്ടിയോടെ നോക്കപ്പെടാത്ത ഒരു മതമാണിത്. അതിനു കാരണം മാധ്യമങ്ങളാണ്. പക്ഷേ, ഇസ്ലാം സമാധാനത്തിന്റെ മതമാണെന്ന് എനിക്കറിയാം. എന്നാൽ, എന്റെ വീട്ടുകാർ ഇവിടെ വരുന്നതിൽനിന്ന് എന്നെ തടയുകയായിരുന്നു. എന്നെ ഭയപ്പെടുത്തുകയായിരുന്നു. എന്നാൽ, ഇവിടെ എത്തിയതിനുശേഷം അതിനു ഘടകവിരുദ്ധമാണ് കണ്ടത്.' അവർ പറയുന്നു: "എയർപോർട്ടിൽനിന്ന്, ഞങ്ങളെ റിസീവ് ചെയ്തത് മുതൽ ജൽസസാലാനയുടെ മൂന്നു ദിവസം വരെ– സന്നദ്ധസേവകരുടെ വികാരവും പെരുമാറ്റവും ഞാൻ കണ്ടു. അതെന്നെ വല്ലാതെ സ്വാധീനിച്ചു. ഇപ്പോൾ എന്റെ മനസ്സിൽ ജമാഅത്തിന്റെ സാഹോദര്യത്തേയും കുടുംബപരമായ വ്യവസ്ഥിതിയേയും കുറിച്ച് ഒരു സംശയവുമില്ല.' അവർ പറയുന്നു: 'ഞാനെന്റെ മനസ്സിൽ കൊണ്ടുപോകുന്ന അഭിപ്രായങ്ങൾ മെക്സിക്കോയിൽ മടങ്ങിപ്പോയി പ്രകടിപ്പിക്കുകയും ജനങ്ങളിൽ അഹ്മദിയ്യാ ജമാഅത്തിന്റെ സന്ദേശമെത്തിക്കുകയും ചെയ്യുന്നതാണ്.'

മെക്സിക്കോ(Mexico)യിൽനിന്നുള്ള ഒരു നവ അഹ്മദിയാണ് ലോറാ ബ്രിട്ടോ സൊബേറാനിസ് (Laura Brito Soberanis)സാഹിബ. അവർ പറയുന്നു: "സന്നദ്ധസേവകന് ഇടയ്ക്കിടെ ഞാൻ പറയുന്ന കാര്യം മനസ്സിലാകുന്നുണ്ടായിരുന്നില്ല. പക്ഷേ, എനിക്ക് ഇവിടെ വന്നപ്പോൾ ഭാഷയുടെ വ്യത്യാസം അഹ്മദികളുടെയിടയിൽ ബന്ധങ്ങളിൽ തടസമാകുകയില്ലെന്ന് അറിയാൻ കഴിഞ്ഞു. ദൈവസ്നേഹം നമ്മെ ഒന്നാക്കി. എന്റെ വീട്ടുകാരോടൊപ്പമാണുള്ളതെന്ന് എനിക്ക് അനുഭവപ്പെടുന്നു. ഖലീഫയുടെ പ്രഭാഷണങ്ങൾ കേട്ട് എന്നിലുള്ള ബലഹീനത എന്താണെന്ന് ഞാൻ ആത്മപരിശോധന നടത്തി. ഞാൻ ശരിയായ സ്ഥലത്താണുള്ളതെന്ന് ഇപ്പോൾ എനിക്ക് ദൃഢവിശ്വാസമുണ്ട്. അല്ലാഹു എനിക്ക് സന്മാർഗത്തിന്റെ വഴി കാണിച്ചുതന്നു. എന്റെ വിശ്വാസം ദൃഢതരമായതുപോലെ എന്റെ വീട്ടുകാരും ഇസ്ലാമിനെ അറിയുകയും അവരുടെ ഈമാനും ദൃഢതരമാകുകയും ചെയ്യണമെന്നാണ് എന്റെ ഹൃദയംഗമമായ ആഗ്രഹം.'

കാമറൂൺ(Cameroon) ൽനിന്നുള്ള അതിഥിയാണ് മുഹമ്മദ് മുബോഹൊ അസീസ് (Mbohou Azize) സാഹിബ്. അദ്ദേഹം പറയുന്നു: "കഴിഞ്ഞ വർഷവും ജൽസയിൽ പങ്കെടുത്തിരുന്നു. ഇപ്രാവശ്യം മുമ്പത്തെ അപേക്ഷിച്ച് എല്ലാ വകുപ്പിലും അഭിവൃദ്ധി ഉണ്ടായിട്ടുണ്ട്. ട്രാൻസ്പോർട്ടിന്റേയും താമസത്തിന്റേയും സംവിധാനങ്ങൾ വളരെ നല്ലതായിരുന്നു. ഭക്ഷണത്തിനുള്ള ഏർപാടുകളിൽ അത്ഭുതപ്പെട്ടുപോയി. ഇത്ര വലിയ ജനക്കൂട്ടത്തിന് രണ്ട് മണിക്കൂർകൊണ്ട് ഭക്ഷണവിതരണം ചെയ്യുന്നു. ഒരു ഒച്ചയോ ബഹളമോ ഇല്ല. എല്ലാ ഓരോരുത്തരും കൃത്യസമയത്ത് ജൽസാഗാഹിലെത്തുന്നു. പരിപാടികൾ കേൾക്കുന്നു. ഇത് ഭൗതികപരിപാടികളിൽ കാണാത്ത പ്രത്യേക കാര്യമാണ്. ഇത്ര യുവാക്കൾ ഇത്രമാത്രം വികാരത്തോടെ സ്നേഹത്തോടും സന്തോഷത്തോടുംകൂടി ജോലി ചെയ്തുകൊണ്ടിരിക്കുന്നതിന് മറ്റു ഉദാഹരണമില്ല. ഏതൊരു ജമാഅത്തിന്റെ കൈയിലാണോ ഇത്തരത്തിലുള്ള ആത്മാർപണബോധമുള്ളത് അവർ എപ്പോഴും അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കും.' അദ്ദേഹം പറയുന്നു: 'ഈ സാധു ജോലിയുടെ അടിസ്ഥാനത്തിൽ ജേർണലിസ്റ്റാണ്. എം.ടി.എയുടെ സ്റ്റാഫുമായി മീറ്റിംഗ് നടന്നു. അവിടേയും ഞങ്ങൾക്ക് വലിയ സന്തോഷമുണ്ടായി. ഞങ്ങളുടെ ആവശ്യത്തിനുള്ള എല്ലാവസ്തുക്കളും അവിടെ ഉണ്ടായിരുന്നു. ആ വസ്തുക്കൾ ലോകത്തിലെ സ്വകാര്യ സ്ഥാപനങ്ങളിലും സർക്കാർ സ്ഥാപനങ്ങളിലും ലഭ്യമല്ലാത്തതാണ്. ജമാഅത്തിന്റെ സന്ദേശം അന്യർവരെ എങ്ങനെയാണ് എത്തുന്നത്. ജമാഅത്തിനു വെളിയിലുള്ള അതിഥികളുടെ അഭിപ്രായങ്ങളിൽനിന്നാണ് അതറിഞ്ഞത്. എല്ലാ ഓരോരുത്തരും ജമാഅത്തിന്റെ പ്രീതിയുടേയും സ്നേഹത്തിന്റേയും അധ്യാപനത്തെ പ്രശംസിച്ചു.' വീണ്ടും പറയുന്നു: 'കാലത്തിന്റെ ഖലീഫ സ്ത്രീകളോടു ചെയ്ത പ്രഭാഷണം നമ്മുടെ പുതിയ തലമുറയുടെ പരിരക്ഷണത്തിന് വളരെ പ്രധാനപ്പെട്ടതാണ്; സോഷ്യൽ മീഡിയായെ എങ്ങനെ ഉപയോഗിക്കണം, ഇക്കാര്യങ്ങളെല്ലാം ഇപ്പോഴത്തെ സുപ്രധാന ആവശ്യങ്ങളാണ്. നമ്മൾ നമ്മുടെ കുട്ടികളെ ഈ ചുറ്റുപാടിൽനിന്ന് രക്ഷിച്ചില്ലെങ്കിൽ അവർ മാനവികതയിൽനിന്നും ഇസ്ലാമിൽനിന്നും വളരെ അകന്നുപോകുന്നതായിരിക്കും. നമുക്ക് ഈ അധ്യാപനം സ്വായത്തമാക്കേണ്ടിവരും.' വീണ്ടും പറയുന്നു: 'ഫഹ്ശാഅ്' നെകുറിച്ച് സമാപന പ്രസംഗത്തിൽ നല്കിയ വ്യാഖ്യാനം വളരെയേറെ ആകർഷിക്കപ്പെടുന്നതായിരുന്നു. അതിന്റെ അർഥം കേട്ടപ്പോൾ നമ്മളെല്ലാവരും ആ തിന്മകളിൽ അകപ്പെട്ടവരാണെന്ന് തോന്നി. നല്ലവരെന്ന് പറയപ്പെടുന്ന ധാരാളമാളുകളുണ്ട്. പക്ഷേ, അവരുടെ കർമങ്ങൾ നല്ലതായിരിക്കുകയില്ല. നമ്മൾ കാലത്തിന്റെ ഖലീഫയുടെ ആ തഫ്സീർ മനസ്സിലാക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയുമാണെങ്കിൽ നമ്മുടെ തലമുറയ്ക്ക് പരിശുദ്ധവും പവിത്രവുമായ സമൂഹം നല്കാൻ കഴിയും. 'ഫഹ്ശാഅ്' എന്ന പദത്തിന്റെ ഈ വ്യാഖ്യാനം എന്നെ ഇളക്കിമറിച്ചു. ഇത് ഉത്തമമായ പോയന്റാണ്. ഞാനിത് എന്റെ ജീവിതത്തിന്റെ ഭാഗമാക്കിവെക്കുന്നതാണ്.' അദ്ദേഹം പറയുന്നു: 'ഞാൻ വിവിധ പ്രദർശനങ്ങളും കണ്ടു. ജമാഅത്തിന്റെ ചരിത്രവും അറിഞ്ഞു. തങ്ങളുടെ ചരിത്രത്തെ വിസ്മരിക്കാത്ത ജനതകൾ അഭിവൃദ്ധിപ്പെടുന്നു. റിവ്യൂ ഓഫ് റിലീജ്യൻസ് ഒരു നൂറ്റാണ്ടായി സന്ദേശം എത്തിച്ചുകൊണ്ടിരിക്കുന്നു. അഹ്മദിയ്യാ ജമാഅത്ത് തുടങ്ങിയതാണിത്.' അദ്ദേഹം പറയുന്നു: 'ഞാൻ പതിവായി അത് വായിക്കുന്നു. നല്ല നിലവാരമുള്ള ആർട്ടിക്കുകളാണ്. ഇപ്രകാരംതന്നെ ഹ്യൂമാനിറ്റി ഫസ്റ്റിന്റെ സേവനങ്ങളും അതുല്യമാണ്.'

ഐസ്ലാൻഡ്(Iceland) സംഘത്തിൽപെട്ട ഒരു അതിഥി വനിത എമിലിറ്റ ഓർഡോനസ് (Emelita Ordonez)സാഹിബ പറയുന്നു: "ജൽസയിൽ പങ്കെടുത്തതുകൊണ്ട് എന്റെ അറിവിൽ ധാരാളം വർധനയുണ്ടായി. ഞാൻ അഹ്മദിയ്യാ ജമാഅത്തിനെ നല്ലവണ്ണം മനസ്സിലാക്കാൻ തുടങ്ങി. ലോകം മുഴുവനുമുള്ള ആളുകളെ കാണുക, അവരുമായി സംസാരിക്കുക എന്നതെല്ലാം വളരെ രസകരമായിരുന്നു. എനിക്ക് നാലുഭാഗത്തും സമാധാനവും സ്നേഹവും സാഹോദര്യവും അനുഭവപ്പെട്ടു. ജൽസയിലെ പ്ര

സംഘങ്ങൾ വിശ്വാസം ദൃഢീകരിക്കുന്നതായിരുന്നു. എക്സിബിഷൻസ് കണ്ട് വളരെ ആസ്വദിച്ചു. പ്രദർശനത്തിൽ വീരമൃത്യുവരിച്ചവരുടെ ചിത്രങ്ങൾകണ്ട് ദുഃഖമുണ്ടായി. കാരണം ഈ അക്രമം വെറും മതപരമായ അഭിപ്രായവ്യത്യാസങ്ങൾ കൊണ്ടാണ് ചെയ്യപ്പെട്ടിട്ടുള്ളത്; ചെയ്യപ്പെടുന്നത്. മൂന്നാം ദിവസത്തെ ബയ്അത്തിന്റെ പരിപാടി മനസ്സിൽ അസാധാരണമായൊരു പ്രഭാവമുണ്ടാക്കി. വാക്കുകളിൽ വിവരിക്കാൻ സാധ്യമല്ലാത്ത വളരെയധികം സംഗതികളും അഭിപ്രായങ്ങളുമുണ്ട്.'

മസിഡോണിയ(Macedonia)യിൽനിന്ന് ഒരു പത്രപ്രവർത്തകൻ ടോണി ഇജ്ടോസ്കി(Toni Ajtovski) സാഹിബും ജൽസയിൽ പങ്കെടുത്തിരുന്നു. അദ്ദേഹം പറയുന്നു: 'ജൽസയിൽ ഏറ്റവുമധികം എന്നെ ആകർഷിച്ചത് കാലത്തിന്റെ ഖലീഫയുടെ പ്രഭാഷണങ്ങളായിരുന്നു. പ്രത്യേകിച്ചും കുട്ടികളുടെ ശിക്ഷണത്തെ സംബന്ധിച്ചുള്ള അവിടത്തെ പ്രഭാഷണം. കുട്ടികളുടെ പരിരക്ഷണത്തിലേക്കും അവരുടെ മേൽനോട്ടത്തിലേക്കും ശ്രദ്ധിക്കേണ്ടതാണ്. പ്രത്യേകിച്ചും മൊബൈൽ തുടങ്ങിയവയുടെ ഉപയോഗത്തെക്കുറിച്ച് എങ്ങനെയാണ് ഈ വസ്തുക്കൾ കുടുംബത്തിന്റെ ഐക്യം തകർക്കുന്നതെന്ന് പറഞ്ഞു. ഇതൊരു ലോകസന്ദേശമായിരുന്നു. കാരണം ലോകത്ത് എല്ലാ ഓരോ കുടുംബത്തിനും ഈ പ്രശ്നങ്ങൾ നേരിടേണ്ടിവരുന്നുണ്ട്. ഒരു കുടുംബം കുടുംബമെന്നനിലയിൽ ഒന്നിച്ചു താമസിക്കുന്നില്ലെങ്കിൽ, അംഗങ്ങൾ തമ്മിൽ പരസ്പരം ബന്ധമില്ലെങ്കിൽ അത് ചിതറിപ്പോകുന്നതാണ്. കുടുംബങ്ങൾ ചിതറിപ്പോകുന്നതുകൊണ്ട് മുഴുവൻ സമൂഹവും ഐക്യവും തകരുന്നു. നല്ലഭാവിയെക്കുറിച്ച് ഒരു ജാമ്യവുമില്ല.'

ഫിലിപ്പീൻസിൽ(Philippines)നിന്ന് വന്ന അതിഥിയാണ് ജോർജ് കരീനോ (Jorge Carino)സാഹിബ്. വലിയ ടിവി ചാനലായ അആടഇആചന്റെ പ്രസിദ്ധമായ മോർണിംഗ്ഷോയുടെ ആതിഥേയനാണ്. ഇദ്ദേഹം പറയുന്നു: 'ഇത്രമാത്രം വൻതോതിൽ വിവിധ രാജ്യങ്ങളിലെ വിവിധ വർണക്കാരും വർഗക്കാരും ഒരിടത്ത് സമ്മേളിച്ചുകാണുന്നത് എന്റെ ജീവിതത്തിലാദ്യമാണ്. എല്ലാ ആളുകളും അവർ ഏതു രാജ്യക്കാരായാലും പരസ്പരം അറിയുന്നവരാണെങ്കിലും അല്ലെങ്കിലും തമ്മിൽ കണ്ട് പുഞ്ചിരിക്കുകയും സലാം പറയുകയും ചെയ്യുന്നു. എല്ലാത്തിലുമുപരിയായി അവർ സമ്മേളിച്ചിട്ടുള്ളത് സ്നേഹത്തേയും മാനുഷികമൂല്യങ്ങളേയും വ്യാപിപ്പിക്കുക എന്ന ഒരൊറ്റ ഉദ്ദേശ്യത്തോടെയാണ്.' അദ്ദേഹം പറയുന്നു: 'പത്രപ്രവർത്തകനെന്ന നിലയിൽ എനിക്ക് ആയിരക്കണക്കിന് സമ്മേളനം കാണാനുള്ള അവസരം കിട്ടിയിട്ടുണ്ട്. എന്നാൽ, എത്രത്തോളം സമാധാനത്തോടും സഹനശീലത്തോടും അച്ചടക്കത്തോടും കൂടിയുള്ള യു.കെ ജൽസസാലാനയുടെ സംവിധാനങ്ങളും നടപടികളും അതിനുദാഹരണം മുമ്പേയൊരിക്കലും കണ്ടിട്ടില്ല. സന്നദ്ധസേവകർ എത്രമാത്രം സ്നേഹത്തോടുകൂടി ഞങ്ങളെ ബഹുമാനിക്കുകയും ഞങ്ങളുടെ എല്ലാ ഓരോ കാര്യങ്ങളും ശ്രദ്ധിക്കുകയും ചെയ്തതും എന്റെ മനസിനെ ആഴത്തിൽ സ്വാധീനിച്ചു.' അദ്ദേഹം പറയുന്നു: 'ട്രാഫിക് കൺട്രോളിന്റെ കാര്യങ്ങളാണെങ്കിലും ചൂടകറ്റുന്നതിന് ശീതളപാനീയം കുടിപ്പിക്കുന്നതാണെങ്കിലും ചെറിയ ചെറിയ കുട്ടികൾ കഠിനാധ്വാനത്തോടെ ഈ ഉത്തരവാദിത്വങ്ങൾ നിറവേറ്റുകയായിരുന്നു.' അദ്ദേഹം പറയുന്നു:'ഞാൻ ഈ ജൽസയിൽ പങ്കെടുത്തു എന്നതാണ് എനിക്ക് ഏറ്റവും സന്തോഷമായിട്ടുള്ളത്. കാരണം ഈ ജൽസ എന്റെ മനസ്സിനെ മുമ്പേയുള്ളതിനെക്കാൾ കൂടുതൽ തുറന്നു തന്നിരിക്കുന്നു. എനിക്ക് പുതിയൊരു ദിക്ക് കാണാൻ കഴിഞ്ഞിരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ജൽസ എന്റെ ജീവിതത്തിലെ ഒരു നാഴികക്കല്ലാണ്. ഇക്കാരണത്താൽ എനിക്ക് ഒരു പുതിയ സംസ്ക്കാരവും പരിഷ്ക്കാരവും കാണാൻ അവസരം കിട്ടി. അത് ഫിലിപ്പീൻ(Philippine)സംസ്കാരത്തിൽനിന്ന് സംസ്കാരത്തിൽനിന്ന് തികച്ചും വിഭിന്നമാണ്.

ഗ്രീസ് (Greece)കാരനായ അതിഥി മാർസിയ മാറ്റ്നസ് പറയുന്നു:"സമാധാനത്തിനുവേണ്ടി പ്രാർഥിക്കുന്ന 38000 ആളുകളുടെ ഭാഗമായിക്കൊണ്ട് ലഭിക്കുന്ന അനുഭവങ്ങൾ വാക്കുകളിലൂടെ വിവരിക്കുക എന്നത് തികച്ചും അസംഭാവ്യമാണ്. ജൽസയുടെ അവസരത്തിൽ എല്ലാവരിൽനിന്നും ലഭിച്ച കാരുണ്യത്തിന്റേയും സ്നേഹത്തിന്റേയും വികാരപ്രകടനങ്ങൾ അങ്ങേയറ്റം സ്വാധീനം ചെലുത്തുന്നതായിരുന്നു. അതായത് എങ്ങനെയാണ് ലോകസമാധാനത്തിന്റെ ആധുനിക കാലഘട്ടത്തിൽ സഹിഷ്ണുതയോടും തമ്മിൽതമ്മിൽ സ്വീകരിച്ചുകൊണ്ടും പ്രവേശിക്കാൻ മാനവികത ശക്തിയുൾക്കൊള്ളുന്നതെന്ന് കാണുമ്പോൾ എന്റെ പ്രതീക്ഷകളെ അത് കൂടുതൽ ഉയർത്തുന്നു.'

അഭിപ്രായഭിന്നതകളുണ്ടായിട്ടും അതുമുഖേന നമ്മുടെ മാനവികതയുടെ അഭിവൃദ്ധിയിൽ ഇത് നിലവാരത്തിലുള്ള ചുവടുവയ്പായി അദ്ദേഹത്തിന് കാണാൻ കഴിയുന്നു.

കനഡ (Canada)യിൽനിന്ന് Indigenous ആളുകളുടെ-അവർ First Nationഎന്നു പറയപ്പെടുന്നവരാണ്-സംഘവും ജൽസയിൽ പങ്കെടുത്തിരുന്നു. അവർ വലിയ വലിയ ഉന്നത നിലയുടെ അടയാളമായ തലപ്പാവ് അണിഞ്ഞിരുന്നു. തങ്ങളുടെ പരമ്പരാഗത കിരീടം തലയിൽ അണിഞ്ഞവരായിരുന്നു. അവരിലെ മൂന്നു ഗോത്രങ്ങളുടെ ചീഫുമാരും ഒരു യുവനേതാവും പങ്കെടുത്തിരുന്നു. യുവനേതാവ് മാക്സ് ഫിനിഡേ (Max Fineday) പറയുന്നു: 'ജൽസസാലാനയിൽ യുവാക്കളായ സന്നദ്ധസേവകരുടെ സേവനം ഞങ്ങളെ വല്ലാതെ ആകർഷിച്ചു. ഞങ്ങൾ തിരിച്ചുപോയി എത്രയും വേഗം അഹ്മദീ യുവാക്കളേയും ഫസ്റ്റ്നേഷന്റെ യുവാക്കളേയും ഒരുമിച്ചുകൂട്ടി പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നതാണ്. അഹ്മദി യുവാക്കളുടെ അച്ചടക്കം ഞാൻ മറ്റൊരു ജനതയിലും കണ്ടിട്ടില്ല. ഏതൊരു അവഗാഹത്തോടെയാണോ അവർ ജോലിചെയ്യുന്നത് അതിന് ഉദാഹരണമില്ല.'

ഖുദ്ദാം ഇക്കാര്യം ഓർമവെക്കേണ്ടതാണ്. ഈ പ്രശംസ അവരെ കൂടുതൽ സേവനത്തിലേക്ക് ശ്രദ്ധതിരിപ്പിക്കുന്നതാവേണ്ടതാണ്.

ഒരു ചീഫ് റോഗർ റെഡ്മാൻ(Roger Redman)പറയുന്നു: 'എനിക്ക് സിഗററ്റുവലിക്കുന്ന ശീലമുണ്ടായിരുന്നു. ഞങ്ങൾ പുകയില ഉപയോഗിക്കാറുണ്ട്. എന്നല്ല ഞങ്ങളുടെ ഗോത്രത്തിൽ പുകയില ഉപയോഗിക്കുക എന്നത് ഫസ്റ്റ് നേഷന്റെ ആളുകളുടെ മതപരമായൊരു കാര്യം കൂടിയാണ്. ആത്മീയമായ അഭിവൃദ്ധിക്ക് പുകയില ഉപയോഗം ഒരു മൂലഘടകമായി വിശ്വസിക്കപ്പെടുന്നു. എന്നാൽ, ജൽസസാലാനയുടെ അവസരത്തിൽ കാലത്തിന്റെ ഖലീഫ ജമാഅത്തിലെ അംഗങ്ങളോടു പുകവലിയിൽനിന്ന് പിന്മാറണമെന്ന് പറഞ്ഞപ്പോൾ ഞാനും പുകവാലി ഉപേക്ഷിക്കുമെന്ന് പ്രതിജ്ഞ ചെയ്തു. ജൽസാ ദിനങ്ങളിൽ പുകവലിക്കുകയില്ലെന്ന് അദ്ദേഹം പറയുകയും തന്റെ വാഗ്ദാനത്തിൽ ഉറച്ചു നില്ക്കുകയും ചെയ്തു.

ഇക്കാര്യത്തിൽ അഹ്മദികൾക്കും ഗുണപാഠമുണ്ട്. എന്നല്ല 10, 12 മണിക്കൂർ നേരം ഓടിക്കൊണ്ടിരിക്കുന്ന ദീർഘദൂര വിമാനത്തിലും നോ സ്മോക്കിംഗ് ഏരിയ ഉണ്ടെന്ന് ആരോ എന്നോടു പറഞ്ഞു. വിമാനം പറന്നുകൊണ്ടിരിക്കുമ്പോൾ പുകവലിക്കാൻ പാടില്ല. അപ്പോൾ എന്തായാലും ക്ഷമിച്ചേ പറ്റൂ. അത് ജൽസയിൽ പാലിക്കുകയാണെങ്കിൽ പ്രതിഫലം കിട്ടുകയും ചെയ്യും.

വീണ്ടും അദ്ദേഹം പറയുന്നു: "കാലത്തിന്റെ ഖലീഫയുടെ പ്രഭാഷണം കേട്ടതിനുശേഷം, ഇസ്ലാമിന്റെ അധ്യാപനം സ്നേഹിക്കുകയും സമാധാനം പ്രചരിപ്പിക്കുകയും അദ്ദേഹം പ്രഭാഷണത്തിൽ പറഞ്ഞതുപോലെ സഹതാപം കാണിക്കുകയുമാണെങ്കിൽ ഞാൻ തീർച്ചയായും ഒരു അഹ്മദി മുസ്‌ലിമാകാൻ ഇഷ്ടപ്പെടുന്നതാണ്. അത്തരം വാഗ്ദാനങ്ങൾ ചെയ്യുന്നതിനുമുമ്പേ അദ്ദേഹം തന്റെ പ്രായമുള്ള ആളുകളോടു കൂടിയാലോചിക്കുന്നതാണെന്നും ചീഫ് പറഞ്ഞു. കാരണം ഇവർ തങ്ങളുടെ പാരമ്പര്യങ്ങളെ വളരെ ആദരിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നവരാണ്."

പിന്നീട് ഫസ്റ്റ് നേഷന്റെ ഒരു ചീഫ് ലീ ക്രോ ചൈൽഡ് (Lee Crowchild)പറയുന്നു:"ഈ ജൽസയിൽനിന്ന് ഞങ്ങൾക്കു കിട്ടിയ ആദരവും സ്നേഹവും നൂറ്റാണ്ടുകൾ പഴക്കമുള്ള ഞങ്ങളുടെ അധ്യാപനങ്ങളുമായി സാമ്യമുള്ളതാണ്; ഞങ്ങൾ പരസ്പരം സ്നേഹത്തോടും സാഹോദര്യത്തോടുംകൂടി കഴിഞ്ഞതുപോലെയുള്ളതാണ്. ഞങ്ങളുടെ എല്ലാ ആവശ്യങ്ങളും നിറവേറ്റപ്പെട്ടു.' അദ്ദേഹം പറയുന്നു: മുസ്‌ലീംകളെ കുറിച്ച് ഒരു വിശ്വാസം അമേരിക്കക്കാരും ഒരു വിശ്വാസം കനഡക്കാരും വെച്ചു പുലർത്തുന്നുണ്ട്. ഞങ്ങളിലെ ചിലയാളുകളും മുസ്‌ലീംകളെ കുറിച്ച് പോസിറ്റീവായി ചിന്തിക്കുന്നില്ല എന്നതാണ് ഖേദകരമായ കാര്യം. എന്നാൽ, ഇപ്പോൾ ഞാൻ മനസ്സിലാക്കുന്നത് ഞങ്ങൾ സ്വയം ഞങ്ങളുടെ ശത്രുക്കളാണെന്നാണ്.' അദ്ദേഹം പറയുന്നു: 'ഞാൻ അഹ്മദിയ്യാ ജമാഅത്തിൽ കണ്ടത് ഇവർ പരസ്പരം കലഹിക്കാത്തതും തമ്മിൽതമ്മിൽ തർക്കിക്കാത്തതും ആരും ആർക്കെതിരിലും ഒന്നും പറയാത്തതുമാണ്. ഓരോരുത്തരുടേയും ഈ സവിശേഷമായ മാതൃകകൾ കൊണ്ടാണ് ആളുകൾ ഇവരിലേക്ക് ആകർഷിക്കപ്പെടുന്നത്.'

സ്പെയിൻ(Spain)നിൽനിന്നുള്ള സംഘത്തിലെ എമിലോ ലോപസ് (Emilo Lopez)സാഹിബ് പറയുന്നു: 'ഞാൻ ആദ്യമായാണ് ജൽസയിൽ പങ്കെടുക്കുന്നത്. അഹ്മദിയ്യാ ജമാഅത്തുമായി എനിക്ക് അഗാധ ബന്ധമുണ്ട്. ജൽസ വളരെ ഹൃദയകാരിയായിരുന്നു. മറ്റുള്ളവർക്ക് സഹിഷ്ണുതയുടേയും ആദരവിന്റേയും ശാന്തിയുടേയും സന്ദേശമായിരുന്നു. ഇപ്രകാരംതന്നെ മറ്റു മതങ്ങൾക്കും മാനുഷികമൂല്യങ്ങൾക്കുമുള്ള അപൂർവമായ സന്ദേശവുമായിരുന്നു. സജീവമായി നിറുത്തുന്നതാണ് അഹ്മദികളുടെ ജീവിതമാതൃക. ആ മാതൃകകളും മൂല്യങ്ങളും എല്ലാവരും സ്വായത്തമാക്കിയിരുന്നെങ്കിൽ!'

സ്പെയിൻ സംഘത്തിലെ ഖുർത്വബ പത്രത്തിൽ ജോലി ചെയ്യുന്ന ഒരു സാഹിബ് പറയുന്നു: 'ജൽസയിൽ പങ്കെടുത്ത എല്ലാവരുടേയും ധാർമികമായ മാതൃകയും നിങ്ങളുടെ സൽപെരുമാറ്റവും വിവരിക്കുക എന്നതുതന്നെ എന്നെ സംബന്ധിച്ചിടത്തോളം ഒരു Keypoint ആണ്.'

സ്പെയ്നിലെ മറ്റൊരു സാഹിബ് പറയുന്നു:'എനിക്ക് ആഴത്തിൽ നിങ്ങളുടെ സംസ്കാരത്തേയും നിങ്ങളുടെ മതത്തേയും കുറിച്ചറിയാനുള്ള അവസരം കിട്ടി. അത്യുദാത്തമായ ആതിഥ്യമായിരുന്നു. ഇതിനുപുറമെ പ്രസംഗങ്ങളും വളരെ മനോഹരമായിരുന്നു.'

സ്പെയിനിൽനിന്നുള്ള വേറൊരു സഹോദരൻ എഴുതുന്നു: 'ജൽസയിൽ പങ്കെടുത്തുകൊണ്ട് യഥാർഥ ഇസ്ലാമിന് ഭീകരവാദവുമായോ രക്തം ഒഴുക്കുന്നതുമായോ വിദൂരബന്ധംപോലുമില്ലെന്ന കാര്യം പൂർണമായും ബോധ്യമായി.'

ജമൈക്ക(Jamaica)യിലെ ഒരു അനഹ്മദി ജമാഅത്തിലെ സ്ത്രീ ഓയ്ഡാ നേസ്ബത്ത് (Ouida Nesbeth)സാഹിബ ജൽസയിൽ പങ്കെടുത്തിരുന്നു. അവർ അക്കൗണ്ടന്റാണ്, വിദ്യാസമ്പന്നയാണ്. അവർ പറയുന്നു:'എനിക്കു കഴിഞ്ഞ അഞ്ചുവർഷമായി അഹ്മദിയ്യാ ജമാഅത്തുമായി ബന്ധമുണ്ട്. ഈ കാലയളവിൽ ജമാഅത്തുമായിട്ടുള്ള എന്റെ ബന്ധവും പരിചയവും വളരെ അധികമായിരുന്നു. പക്ഷേ, ഈ ജൽസയിൽ പങ്കെടുത്തതിനുശേഷം അത് വളരെ വിപുലമായിരിക്കുന്നു. ഇസ്ലാമിനെക്കുറിച്ച് മനസ്സിലുണ്ടായിരുന്ന സംശയങ്ങളെല്ലാം അകന്നുപോയി. സ്ത്രീകളും പുരുഷന്മാരും വേറെ വേറെയായിരുന്നത് എനിക്കു വളരെ നന്നായി തോന്നി.'

നോക്കുക! ഒരു ഭാഗത്തുനിന്ന് ആക്ഷേപം ഉണ്ടാകുന്നു. പക്ഷേ, തങ്ങളുടെ ശ്രദ്ധ തെറ്റിപ്പോകാത്ത കാരണത്താൽ സ്ത്രീകൾക്ക് അത് നല്ലതായി തോന്നുന്നു;അവർ അത് സ്വയം സമ്മതിച്ചിരിക്കുന്നു. ആണും പെണ്ണും ഒരുമിച്ചിരിക്കുമ്പോൾ സ്ത്രീകളുടെ നോട്ടം ശരിയായിരിക്കുകയില്ല.

അവർ പറയുന്നു: 'സ്ത്രീകളും പുരുഷന്മാരും വെവ്വേറെയായിരുന്നു. അതുകൊണ്ട് സ്ത്രീകളുടെ ശ്രദ്ധ തെറ്റിപ്പോകുന്നില്ല. ഇസ്ലാമിലും ആരാധനയിലും കൂടുതൽ ശ്രദ്ധ ചെലുത്താൻ ആളുകൾക്ക് കഴിയുന്നു.'

അതിനാൽ ഏതെങ്കിലും നേരത്ത് ഏതെങ്കിലും വിധത്തിലുള്ള അപകർഷതാ ബോധത്തിന് അടിപ്പെടുന്ന അഹ്മദീ സ്ത്രീകളും ഇവരുടെ കമന്റിൽ ചിന്തിക്കേണ്ടതാണ്.

ഇറ്റലി(Italy)യിലെ പ്രൊഫസർ റാഫേല (Raf-faela)സാഹിബ ഒരു സ്റ്റഡി സെന്ററിന്റെ ഡയറക്ടറാണ്. അവർ പറയുന്നു: ബയ്അത്ത് നടക്കുമ്പോൾ അഹ്മദികളുടെ ഈമാനിന്റെ അവസ്ഥ അന്യർക്കും ബോധ്യപ്പെട്ടു. ഞാൻ സൈക്കോളജി പഠിച്ചിട്ടുണ്ട്. ഒരാൾ തന്റെ ഈമാനിന്റെ വാദങ്ങളിൽ എത്രമാത്രം ഗൗരവമുള്ളയാളാണെന്ന് അയാളുടെ പെരുമാറ്റത്തിൽനിന്ന് മനസ്സിലാക്കാൻ കഴിയും. അഹ്മദികളെ കണ്ടിട്ട് നിങ്ങളുടെ ഈമാനിന്റെ നിലവാരം വളരെ ഉയർന്നതാണെന്ന് എനിക്കു ദൃഢവിശ്വാസമായി.' കഴിഞ്ഞ വർഷം ആറുലക്ഷത്തി അറുപതിനായിരമാളുകൾ ബയ്അത്തുചെയ്തുവെന്ന് അവർ അറിഞ്ഞപ്പോൾ പറഞ്ഞു: 'ഈയാളുകൾ ജമാഅത്തിൽ പ്രവേശിച്ചതിന് അല്ലാഹുവിന് നന്ദി.'

ഇറ്റലി(Italy)യിൽനിന്നുവന്ന ഒരു വനിത അതിഥി ഓറിയന്റലിസ്റ്റാണ്. വത്തിക്കാന്റെ ഒരു മാസികയുടെ പത്രാധിപയുമാണ്. അവർ പറയുന്നു:"ജൽസയിൽ വന്ന് ജമാഅത്തിന്റെ പ്രവർത്തനങ്ങളുടെ ഏകദേശ രൂപം കിട്ടി. നമ്മൾ ഇത്തരം സുസംഘടിതവും സമാധാനഭരിതവുമായ ഇസ്‌ലാമിക ജമാഅത്തിനെ കുറിച്ച് ലോകത്തിന് വിവരം നല്കേണ്ടതാണ്. അഹ്മദിയ്യാ ജമാഅത്ത് മുസ്‌ലീംകൾക്കിടയിൽ ചർച്ചയിലൂടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വളരെ അധികം ശ്രമിച്ചുകൊണ്ടിരിക്കുന്നു. നിങ്ങളുടെ പ്രൊജക്ടുകളേയും പ്രോഗ്രാമുകളേയും സേവനങ്ങളേയും കുറിച്ച് മുഴുലോകത്തിനും അറിവുണ്ടാകേണ്ടതാണ്.'

ബീലാ റഷ്യൻ യൂണിവേഴ്സിറ്റിയിലെ വൈസ് റക്ടർ സർ ഗയിശർറാശ്കി സാഹിബ് പറയുന്നു: 'മതത്തെ കുറിച്ച് അറിയാമെന്ന നിലയിൽ–എന്നാൽ, ഇസ്‌ലാമിനെക്കുറിച്ചുള്ള അറിവ് പരിമിതമാണ്–ജൽസസാസാലാനയിൽ പങ്കെടുക്കുന്നത് എന്നെ സംബന്ധിച്ചിടത്തോളം അങ്ങേയറ്റം അമൂല്യമാണ്. മതത്തെ കുറിച്ച് അറിയാം. പക്ഷേ, ഇസ്‌ലാമിനെക്കുറിച്ച് ഉപരിപ്ലവമായ അറിവ് മാത്രമേ ഉള്ളൂ. പക്ഷേ, ജൽസാസസാലാനയിൽ പങ്കെടുത്തത് എന്നെ സംബന്ധിച്ചിടത്തോളം അങ്ങേയറ്റം അമൂല്യവും അവിസ്മരണീയവും ഫലപ്രദവുമായ അനുഭവമായിരുന്നു. ഈ ജൽസയുടെ സമൃദ്ധികൊണ്ട് എനിക്കു മനസ്സിലായ യാഥാർഥ്യമിതാണ്: ഇസ്‌ലാം ഒരു ആഗോളമതമാണെന്ന് പൊതുവെ ജനങ്ങളിൽനിന്ന് കേട്ടുവരുന്നതാണ്. പക്ഷേ, എല്ലാവർക്കും ഇക്കാര്യം വിശ്വാസം വന്നുകൊള്ളണമെന്നില്ല. ഇസ്‌ലാം ആഗോളമതമാണെന്ന കാര്യം അംഗീകരിക്കാൻ അവർക്ക് വിലങ്ങുതടിയായി നില്ക്കുന്നത് അതിനെകുറിച്ചുള്ള വിവരക്കുറവും തെറ്റായധാരണകളും അബദ്ധജടിലമായ രൂപങ്ങളുമാണ്. പക്ഷേ, ജൽസസാലാനയുടെ അന്തരീക്ഷം സംശയങ്ങളുടേയും സന്ദേഹങ്ങളുടേയും എല്ലാ അതിർവരമ്പുകളും തകർക്കുന്നു. ഈ നിലവാരത്തിലുള്ള ഒരു പരിപാടിയിൽ പങ്കെടുക്കുക എന്നത് എന്റെ ആദ്യത്തെ അനുഭവമാണ്. ഇതിൽ ഞാൻ ആദ്യമായി മുസ്‌ലീംകളുടെ ചുറ്റുപാടുകളെ അടുത്തുനിന്ന് വളരെ ശ്രദ്ധയോടെ പഠിച്ചു. ഈ ജൽസയിൽ അങ്ങേയറ്റം ഹൃദയഹാരിയായ കാര്യങ്ങളുണ്ടായിരുന്നു. വിവിധ രാജ്യങ്ങളിൽനിന്നുള്ള പ്രതിനിധികൾ അവരുടെ ദേശീയ വസ്ത്രങ്ങൾ അണിഞ്ഞ് ഇവിടെ സന്നിഹിതരായിരുന്നു. ജൽസാസാലാനയുടെ ഒരുക്കങ്ങളും മനുഷ്യനെ അത്ഭുതപ്പെടുത്തുന്നതാണ്. 20 പേർ പങ്കെടുക്കുന്ന പരിപാടിക്കുപോലും ഏർപാടുകൾനടത്തുക എന്നത് ദുഷ്കരമാണ്. പക്ഷേ, മുപ്പത്തിയെട്ടായിരംപേർ പങ്കെടുക്കുന്ന പരിപാടിക്ക് എങ്ങനെയാണ് ഏർപാടു ചെയ്തതെന്ന കാര്യം സത്യത്തിൽ അത്ഭുതപ്പെടുത്തുന്നു. ഞാൻ എല്ലാ സന്നദ്ധസേവകർക്കും നന്ദി പറയുകയാണ്. അവർ ജൽസയ്ക്ക് ഉന്നതമായ ഏർപാടുകളാണ് ചെയ്തത്.'

സന്നദ്ധസേവകരെ കുറിച്ച് ഇതുംകൂടി പറയട്ടെ. ഇപ്രാവശ്യം കനഡയിൽനിന്ന് വൈന്റപ്പ് ജോലി ചെയ്യുന്നതിന് 140 യുവാക്കൾ വന്നിരുന്നു. അവർ വളരെ നല്ല നിലയിലാണ് ജോലികൾ ചെയ്തത്. അവർക്കു പുറമെ യു.കെ.യിലെ ഖുദ്ദാമിനും നന്ദി പറയുകയാണ്. ഇതുകൂടാതെ യു.കെ തബ്‌ലീഗ് വകുപ്പിനും നന്ദി പറയുന്നു. അവർ ഈ വർഷം സെമിനാറും ചോദ്യോത്തരസദസും സംഘടിപ്പിച്ചതിനുപുറമെ 5 എക്സിബിഷനുകൾ സംഘടിപ്പിക്കാനും അവർക്ക് അവസരം കിട്ടി. അൽഖുർആൻ എക്സിബിഷനിൽ വിശുദ്ധ ഖുർആനിന്റെ മനോഹരമായ അധ്യാപനങ്ങളും വിവിധ തരത്തിലുള്ള വിശുദ്ധ ഖുർആനിന്റെ പതിപ്പുകളും പ്രദർശിപ്പിച്ചിരുന്നു. നബി(സ)തിരുമേനിയെ കുറിച്ച് speech contest സംഘടിപ്പിച്ചിരുന്നു. ഹോളണ്ടിലെ രാഷ്ട്രീയക്കാരനായ Wilders ന്റെ ഭാഗത്തുനിന്ന് hate campaign സംഘടിപ്പിച്ചതിനെതിരെയുള്ള മറുപടിയായിരുന്നു ഈ പ്രസംഗമത്സരം. ധാരാളം അനഹ്മദി, അമുസ്‌ലിം യൂറോപ്യൻകാരും ഇതിൽ പങ്കെടുത്തു. കാത്തേറയിൻ മേരീ രോഹൻ(Katherine Mary Rohan) എന്ന ക്രൈസ്തവ മതവിശ്വാസിനി പറയുന്നു: 'മുഹമ്മദ്(സ)സ്ത്രീകളെക്കുറിച്ച് എന്താണ് അഭിപ്രായപ്പെട്ടിരുന്നതെന്നറിയാൻ സ്ത്രീ എന്ന നിലയിൽ എനിക്ക് താൽപര്യമുണ്ടായിരുന്നു. യൂറോപ്പിൽ കോലാഹലങ്ങൾ നിറഞ്ഞുനിന്നിരുന്ന കാലഘട്ടത്തിലാണ് അദ്ദേഹം ആഗതനായത്. അത്തരം കാലഘട്ടത്തിൽ തങ്ങൾ തങ്ങളുടെ സ്ത്രീകളോടു ആദരപൂർവം പെരുമാറുന്നതാണെന്ന് അദ്ദേഹം വിളംബരം ചെയ്തു. ഒരിക്കൽ ഒരാൾ മുഹമ്മദി(സ) നോടു ചോദിച്ചു: ജീവിതത്തിൽ ഏറ്റവും കൂടുതൽ ബഹുമാനത്തിന് അർഹതപ്പെട്ടതാരാണ്? നബി(സ) തിരുമേനി പറഞ്ഞു: നിങ്ങളുടെ മാതാവ്. അതിനുശേഷം ആരാണെന്ന് അയാൾ ചോദിച്ചു, അവിടന്ന് പറഞ്ഞു, നിങ്ങളുടെ മാതാവ്. മൂന്നാമതും അയാൾ ചോദിച്ചപ്പോൾ അവിടന്ന് പറഞ്ഞു: നിന്റെ മാതാവ്. ഇതെന്നെ വല്ലാതെ ആകർഷിച്ചു.'(സ്വഹീഹുൽ ബുഖാരി, കിതാബുൽ അദബ്, ഹദീഥ് 5971)

പ്രബോധന വകുപ്പിലെ ഒരു അതിഥി ലേണ്റ്റ് ഓമിലൈൻ പറയുന്നു:'ഈ വർഷം ആദ്യമായാണ് ജൽസയിൽ പങ്കെടുക്കാൻ അവസരം കിട്ടിയത്. അല്ലാഹുവിനെ കുറിച്ച് വളരെ കുറച്ചുമാത്രം അറിവുള്ള ഒരാൾ ജൽസസാലാനയിൽ പങ്കെടുക്കുകയാണെങ്കിൽ ജൽസ തീരുമ്പോൾ ആ വിഷയത്തിൽ–അല്ലാഹുന്റെ സത്ത എന്ന വിഷയത്തിൽ–അതിന്റെ സമുദ്രവുമായിട്ടായിരിക്കും അയാൾ മടങ്ങിപ്പോകുന്നതെന്ന് ഞാൻ കരുതുന്നു.'

വിവിധ മാർഗങ്ങളിലൂടെ ലോകത്ത് ജൽസയുടെ പ്രചാരണമുണ്ടായി. അതിൽ മാധ്യമങ്ങൾ വഹിച്ച പങ്ക് വലുതാണ്. അൽഇസ്‌ലാം വെബ്സൈറ്റ് മുഖേന എട്ടുലക്ഷത്തി അറുപത്തിരണ്ടായിരംപേർ വിസിറ്റു ചെയ്തു. വീഡിയോകളും രണ്ടുലക്ഷത്തി പതിനെട്ടായിരമാളുകൾ കണ്ടു. ഓൺലൈനിലും പത്രങ്ങളിലും ജൽസയെ സംബന്ധിച്ച് 53 വാർത്തകൾ പ്രസിദ്ധീകരിക്കപ്പെട്ടു. റേഡിയോവിൽ 20 വാർത്ത പ്രക്ഷേപണം ചെയ്യപ്പെട്ടു. ടി.വിയിൽ നാലു വാർത്ത സംപ്രേഷണം ചെയ്തു. മൊത്തം റിപ്പോർട്ടിന്റെ എണ്ണം 70 ആണ്. ഇതുമുഖേന 26 മില്യനിലധികം ആളുകൾവരെ സന്ദേശമെത്തി. കവറേജ് നല്കിയ പ്രസിദ്ധമായ ടി.വി–റേഡിയോ ചാനലുകളുണ്ട്. ബി. ബി.സി.ടി.വി, ഐപ്ലസ് ടി.വി, ബി.ബി.സി അറബിക്, എക്കണോമിസ്റ്റുമുണ്ട്. ദി എക്കണോമിസ്റ്റു മാസിക, ദി എക്സ്പ്രസ് ഇന്റിപെന്റന്റ് ഓഫ് ഹംടൺ പോസ്റ്റ്, ഹെറോൾഡ് എൽ ബി സി, കാപിറ്റൽ റേഡിയോ ആൾട്ടൻ, ഹെറോൾഡ് ലണ്ടൻ ലൈവ്, ഇതിനുപുറമെ ബി.ബി.സിയുടെ 19 റീജ്യണൽ റേഡിയോ സ്റ്റേഷനുകളിൽനിന്ന് ഞായറാഴ്ച നമുക്ക് സമയം നല്കിയിരുന്നു. ഇതുമുഖേന വലിയവിഭാഗം ജനങ്ങളിൽ കവറേജുണ്ടായി.

ലോകംമുഴുവനുമുള്ള പത്രപ്രതിനിധികൾ പങ്കെടുത്തിരുന്നു. അവരും മടങ്ങിപ്പോയി തങ്ങളുടെ പത്രങ്ങളിലും ഇലക്ട്രോണിക് മീഡിയകളിലും ഇതു സംബന്ധമായി വാർത്തകൾ നല്കുന്നതാണ്. ഡോക്യുമെന്ററിയും സംപ്രേഷണം ചെയ്യുന്നതാണ്.

ഒരു ജപ്പാൻ ന്യൂസ് ഏജൻസിയുടെ പത്രപ്രവർത്തകൻ പറയുന്നു:'ഞാൻ ജൽസ സാലാനയുടെ ശാന്തിനിർഭരമായ അന്തരീക്ഷത്തിൽ വളരെ ആകർഷിതനായി.' അദ്ദേഹം പറയുന്നു:'എല്ലാവരുടേയും മുഖത്ത് സന്തോഷം കളിയാടിയിരുന്നു. എന്നാൽ, ആഗോള ബയ്അത്തിന്റെ അവസരത്തിൽ ഭൂരിഭാഗം ആളുകളും ഏങ്ങലടിച്ചു കരയുന്നതെന്തിനായിരുന്നു? സന്തോഷത്തിലായിരുന്ന അഹ്മദീ മുസ്‌ലീംകളെല്ലാവരും ആ സമയത്ത് കരഞ്ഞത് അല്ലാഹുവിൽനിന്ന് അവർക്ക് നല്കപ്പെട്ട അനുഗ്രഹങ്ങൾക്ക് നന്ദി പ്രകടിപ്പിക്കുകയും ലോകത്ത് ശാന്തിയും സമാധാനവും സ്ഥാപിതമാകാൻ പ്രാർഥിക്കുകയുമായിരുന്നുവെന്ന് അദ്ദേഹത്തോടു പറഞ്ഞു.

ഒരു പത്രപ്രവർത്തക സ്ത്രീകളുടെ ജൽസാഗാഹിനെക്കുറിച്ച് പറയുന്നു: 'കഴിഞ്ഞ വർഷം എനിക്ക് ജൽസയിൽ പങ്കെടുക്കാൻ അവസരം കിട്ടിയിരുന്നു. പക്ഷേ, സ്ത്രീകളുടെ ഭാഗത്ത് പോകാൻ കഴിഞ്ഞിരുന്നില്ല. ഈ വർഷം എനിക്ക് സ്ത്രീകളുടെ ഭാഗത്ത് പോകാൻ അവസരം കിട്ടി. നിങ്ങളുടെ സ്ത്രീകൾ പുരുഷന്മാരെക്കാൾ കൂടുതൽ വിദ്യാസമ്പന്നരാണെന്ന് എനിക്കു പറയേണ്ടിവരും. അവർ അവിടെ എല്ലാവിധത്തിലും സ്വതന്ത്രരായിരുന്നു. അവർ തങ്ങളുടെ ജമാഅത്തിനോടു അങ്ങേയറ്റം ആത്മാർഥരാണ്. എനിക്ക് അത് വളരെ അധികം ആകർഷണീയമായ അനുഭവമായിരുന്നു.'

ആഫ്രിക്കയിലും ജൽസയുടെ കവറേജുണ്ടായി. ഈ വർഷം 15 ടി.വി ചാനലുകൾ യു.കെ ജൽസയുടെ പരിപാടികൾ സംപ്രേഷണം ചെയ്തു. ഘാന, നൈജീരിയ, സിയറ ലിയോൺ, ഗാംബിയ, റുവാണ്ട, ബുർക്കിനോ ഫാസോ, ബെനിൻ, യുഗാണ്ട, മാലി, കോംഗോ ബ്രാസവിൽ. ബുറുണ്ടി ടെലിവിഷൻ ആദ്യമായാണ് ജൽസയുടെ പരിപാടി സംപ്രേഷണം ചെയ്തത്. എല്ലാ ഓരോ പത്ര പ്രവർത്തകരും അവരവരുടെ ചാനലുകളിൽ ന്യൂസ് സ്റ്റോറീസ് നല്കി. മൊത്തം 50 മില്യൺ ആളുകൾവരെ ആഫ്രിക്കയിൽ ജൽസയുടെ പരിപാടി കാണിക്കപ്പെട്ടു. ഇതു സംബന്ധമായി നൂറുക്കണക്കിന് അഭിപ്രായങ്ങളും കിട്ടിയിട്ടുണ്ട്. ഇതിൽനിന്ന് ജനങ്ങൾ പരിപാടി കണ്ടുവെന്ന് മനസ്സിലാകുന്നു.

എന്തായാലും ഇതൊരു വളരെ ദീർഘമായ വിശദീകരണമാണ്. ജനങ്ങൾ പ്രകടിപ്പിച്ചതും മാധ്യമങ്ങൾ പ്രകടിപ്പിച്ചതുമായ അഭിപ്രായങ്ങളുമുണ്ട്. ഇപ്രകാരംതന്നെ മറ്റു വകുപ്പുകളും അസാധാരണമായ സ്വാധീനമാണ് ജനങ്ങളിൽ ഉണ്ടാക്കിയിട്ടുള്ളത്. ചിത്രപ്രദർശനത്തിന്റെ റിവ്യൂകൾക്കുപുറമെ ആർക്കേവ് അൽഹക്കം തുടങ്ങിയവയുടെ പ്രദർശനം മുഖേന ആളുകൾക്ക് ജമാഅത്തിന്റെ ചരിത്രത്തെ കുറിച്ച് അറിയാൻ കഴിഞ്ഞു. ജൽസയുടെ ഒരുക്കങ്ങളും പ്രദർശനങ്ങൾ തുടങ്ങിയവയും സന്നദ്ധസേവകരായ പ്രവർത്തകരും കുട്ടികളും സ്ത്രീകളും പുരുഷന്മാരുമെല്ലാം നിശബ്ദമായ തബ്‌ലീഗ് ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. സാധാരണ പങ്കെടുക്കുന്നവർ ലജ്നയുടെ ഭാഗത്തുനിന്നും പുരുഷന്മാരുടെ ഭാഗത്തുനിന്നും പ്രവർത്തകന്മാരെ കുറിച്ചും പ്രവർത്തകമാരെ കുറിച്ചും സൽപെരുമാറ്റമാണ് അവരിൽനിന്നുണ്ടായതെന്ന് പറഞ്ഞിരുന്നു. സേവനവികാരത്തിന്റെ പ്രകടനം അസാധാരണമായിരുന്നു. ഇക്കാരണത്താൽ പങ്കെടുത്ത എല്ലാവരും അല്ലാഹുവിന് നന്ദി പ്രകടിപ്പിച്ചതിനുശേഷം ഈ സേവകരോടും നന്ദി പ്രകടിപ്പിക്കേണ്ടതാണ്. അവർക്കുവേണ്ടി ദുആയും ചെയ്യേണ്ടതാണ്. അല്ലാഹു അവർക്ക് തുടർന്നും സേവനം ചെയ്യാൻ തൗഫീഖു നല്കുമാറാകട്ടെ.

ഞാനും എല്ലാ പ്രവർത്തകർക്കും നന്ദി പറയുകയാണ്. അല്ലാഹു അവർക്കു പ്രതിഫലം നല്കുമാറാകട്ടെ. ഭാവിയിൽ ആദ്യത്തേതിനെക്കാൾ കൂടുതൽ സേവനം ചെയ്യാൻ തൗഫീഖു നല്കുമാറാകട്ടെ. എപ്പോഴും അഹ്മദിയ്യാ ഖിലാഫത്തിന്റെ സഹായികളായിരിക്കുമാറാകട്ടെ. എല്ലാ പ്രവർത്തകരും അല്ലാഹുവിന് നന്ദി പ്രകടിപ്പിക്കുക. പ്രവർത്തകന്മാരും പ്രവർത്തകമാരും അല്ലാഹു അവർക്ക് സേവനം ചെയ്യാൻ തൗഫീഖ് നല്കിയതിന് എല്ലാവരെക്കാളും കൂടുതൽ അല്ലാഹുവിന് നന്ദി പ്രകടിപ്പിക്കേണ്ടതാണ്. അല്ലാഹുവിന്റെ കൃപയില്ലെങ്കിൽ ഈ സേവനത്തിനുള്ള തൗഫീഖ് അസംഭാവ്യമാണ്. അല്ലാഹു എല്ലാവർക്കും വിനയത്തിൽ ഉയരാൻ തൗഫീഖ് നല്കുമാറാകട്ടെ. ഈ സേവനം കാരണത്താൽ, ഈ പ്രശംസ കാരണത്താൽ ഒരു തരത്തിലുള്ള അഹങ്കാരവും അവരിൽ ഉണ്ടാകാതിരിക്കട്ടെ.



# അഹ്മദിയ്യാ ഫിഖ്ഹ്-9

(കഴിഞ്ഞ ലക്കം തുടർച്ച) ഓർമിക്കുക! യഥാർഥ നമസ്കാരം എന്നു പറയുന്നത്, അതിന്റെ സ്വാദീനങ്ങളും അനുഗ്രഹങ്ങളും നമസ്കരിക്കുന്നവൻ സ്വയം ദർശിക്കുകയും തന്നിൽ ഒരു പരിശുദ്ധമാറ്റം അനുഭവിക്കുകയും ചെയ്യുന്നുവെന്നതാണ്.

നമസ്കാരം നീചകൃത്യങ്ങളേയും നിഷിദ്ധകർമങ്ങളേയും നിശ്ചയമായും തടയുന്നതാണ്. നീചകൃത്യങ്ങളിൽനിന്ന് രക്ഷപ്പെടാനുള്ള കോട്ടയാണിത്; ദേഹേച്ഛകളുടെ സംരക്ഷകനാണ്; മനസ്സിന്റെ അലസതയ്ക്കും ദോഷപ്രവണമായ പൊങ്ങച്ചത്തിനുമുള്ള ഉത്തമവും പ്രയോജനകരവുമായ ചികിത്സയാണ്; മനഃശുദ്ധീകരണത്തിനും അവസ്ഥകൾ നന്നാക്കുന്നതിനും നിമിത്തമാണ്.

നമസ്കാരം സമയം പാഴാക്കിക്കളയുന്ന ശീലങ്ങളിൽനിന്ന് നിങ്ങളെ രക്ഷിക്കുകയും സമയത്തിന്റെ വിലയുടെ ബോധമുണ്ടാക്കുകയും ചെയ്യുന്നു. നമസ്കാരം കൊണ്ട് കൃത്യനിഷ്ഠയും സന്നദ്ധതയും ഉണ്ടാകുന്നു. മനുഷ്യന്റെ ശീലങ്ങളിലും സ്വഭാവങ്ങളിലും അവന്റെ ഭൗതികമായ ജോലികളിലും ഒരു പ്രത്യേകതരത്തിലുള്ള വ്യവസ്ഥയും മധ്യമസ്ഥിതിയും ഉണ്ടാകുന്നു. ക്ഷമയും സ്ഥൈര്യവും ദൃഢനിശ്ചയവും ധൈര്യവും വിപത്തുകളും പ്രയാസങ്ങളും പരിഹരിക്കാനുള്ള തൗഫീഖും കിട്ടുന്നു.

നമസ്കാരം വിനയം, വണക്കം, എളിമ, സഹിഷ്ണുത, നമ്രഭാവം അനുസരണം മനഃസാന്നിധ്യം തുടങ്ങിയ അനുഗ്രഹങ്ങൾ പ്രദാനം ചെയ്യുന്നു.

നമസ്കാരംകൊണ്ട് പരസ്പര സഹായം, സംഘടനാപരവും ദേശീയവുമായ ആവശ്യങ്ങളുടെ ബോധം തുടങ്ങിയവ അഭിവൃദ്ധിപെടുന്നു. ഇതുമുഖേന സംഘടനാപരമായ ശക്തിയും മഹത്ത്വവും ദേശീയമായ തേജോവിലാസത്തിന്റെയും ഗാംഭീര്യത്തിന്റെയും അർഥപരമായ കഴിവുകൾ വളരുന്നു. നമസ്കാരംകൊണ്ട് സമഭാവന ഉണ്ടാകുന്നു. പരസ്പരമുള്ള സഹതാപത്തിന്റെ വികാരം വർധിക്കുന്നു.

നമസ്കാരത്തിൽ വിശുദ്ധഖുർആൻ പാരായണം ചെയ്യാനുള്ള അവസരം ലഭിക്കുന്നു. അത് ഈമാനിന്റെ മാധുര്യത്തിന് നിമിത്തമാകുന്നു. നമസ്കാരം മുഖേന ദൈവസ്മരണയുടേയും ചിന്തയുടേയും ശീലമുണ്ടാകുന്നു. ഈ സ്തുതിയും പ്രകീർത്തനവും തസ്ബീഹും തഹ്മീദും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നന്ദി പ്രകടിപ്പിക്കാനുള്ള മാർഗമാണ്.

നമസ്കാരത്തിൽ ദുആ സ്വീകരിക്കപ്പെടുന്നതിനുള്ള അവസരങ്ങൾ ധാരാളമായി ലഭിക്കുന്നു. പ്രത്യേകിച്ചും സുജൂദിന്റെ അവസ്ഥ സ്ഥാനസാമീപ്യത്തിനും ദുആ ചെയ്യാനും പറ്റിയ അവസ്ഥയാണ്. അതിലേക്കാണ് അഖ്റബു മാ യക്കൂനൽഅബ്ദു മിൻ റബ്ബിഹീ വഹുവ സാജിദുൻ (മുസ്ലിം കിതാബുസ്സ്വലാത്ത് ബാബു മാ യുഖാലു ഫിർറുക്കൂഇ) എന്ന വചനം സൂചന നല്കുന്നത്.

നമസ്കാരംകൊണ്ട് മനുഷ്യമനസ്സിന് വേഗവും ബുദ്ധിക്ക് വെളിച്ചവും കിട്ടുന്നു. ഉൾക്കാഴ്ച വർധിക്കുന്നു; മനഃശാന്തി ലഭിക്കുന്നു. നമസ്കാരംകൊണ്ട് ഈമാനിന്റെ ചൂട് വർധിക്കുന്നു; ദൈവസ്നേഹം അലതല്ലുന്നു.

നമസ്കാരം ആത്മീയതയുടെ ഉത്ഭവസ്ഥാനമാണ്. സന്മാർഗത്തിന്റെ ഉറവിടമാണ്. ഈശ്വരീയജ്ഞാനത്തിനുള്ള മാർഗവും ദിവ്യാനുഗ്രഹങ്ങളുടേയും ആത്മീയമായ പ്രകാശങ്ങളുടേയും പതനസ്ഥലവുമാണ്.

നമസ്കാരം വിജയത്തിന്റെ താക്കോലാണ്. ഞെരുക്കത്തിനും പരിഭ്രമാവസ്ഥയ്ക്കുമുള്ള ചികിത്സയും ദുഃഖത്തിനും സങ്കടത്തിനുമുള്ള ഔഷധവും നൈരാശ്യത്തിന്റേയും ദുഃഖത്തിന്റേയും അവസ്ഥയിൽ ആനന്ദത്തിന്റേയും പ്രസന്നതയുടേയും സന്തോഷവാർത്ത നൽകുന്നതുമാണ്. ഗതിമുട്ടിയവന്റേയും വ്യാകുലന്റേയും ദുഃഖിതന്റേയും സങ്കടക്കാരന്റേയും നിസ്സഹായന്റേയും നിരാലംബന്റേയും അക്രമിക്കപ്പെട്ടവന്റേയും പിന്തള്ളപ്പെട്ടവന്റേയും മനസ്സിന് യഥാർഥ സൗഖ്യത്തനും വേദനാനിർഭരവും താണുകേണുള്ളതുമായ ആളുകളുടെ സ്വീകാര്യത്തിനുള്ള മാർഗവുമാണ്. ചുരുക്കിപ്പറഞ്ഞാൽ ഒരു സത്യവിശ്വാസിയുടെ എല്ലാ പ്രവൃത്തിയും നമസ്കാരവും ദുആ മുഖേനയും തന്നെയാണ് ഉണ്ടാകുന്നതും അലംകൃതമാകുന്നതും.

നമസ്കാരം മനുഷ്യനെ ആത്മീയതയുടെ ഉന്നതമായ മിഅ്റാജുവരെ എത്തിക്കുന്നു. അസ്സ്വലാത്തു മിഅ്റാജുൽമുഅ്മിനി എന്ന നബി(സ) തിരുമേനിയുടെ തിരുവചനം ഇതാണ് സൂചിപ്പിക്കുന്നത്.

നമസ്കാരംകൊണ്ട് മനുഷ്യനുമേൽ സൽസ്വപ്നങ്ങളുടേയും ഇൽഹാമുകളുടേയും കശ്ഫുകളുടേയും ദൈവഭാഷണത്തിന്റേയും ദൈവസംബോധനയുടേയും കവാടങ്ങൾ തുറക്കുന്നു. അല്ലാഹുവുമായുള്ള ബന്ധം വർധിക്കുന്നു. എത്രത്തോളമെന്നാൽ സമ്പൂർണമായും കീഴൊതുങ്ങി മനുഷ്യൻ അല്ലാഹുവിന്റേതായിത്തീരുന്നു. അല്ലാഹുവിൽ ചെന്നുചേരുന്നു.

### നമസ്കാരത്തിൽ ഏകാഗ്രത ലഭിക്കുന്നതിനുള്ള മാർഗം:

ചോദ്യം: ചിലപ്പോൾ നമസ്കാരത്തിൽ ആനന്ദമുണ്ടാകുന്നു. ചിലപ്പോൾ ഉണ്ടാകുന്നില്ല. ഇതിനുള്ള പ്രതിവിധി എന്താണ്?

മറുപടി: നിരാശനാവാൻ പാടില്ല. ആ ആനന്ദം കളഞ്ഞുപോയതിനെ കുറിച്ച് അറിയുകയും അത് ലഭിക്കുന്നതിന് ശ്രമിക്കുകയും വേണം. കള്ളൻ സാധനമെടുത്തുകൊണ്ടുപോകുമ്പോൾ അതിനെക്കുറിച്ച് ദുഃഖമുണ്ടാകുന്നു; പിന്നീട് ആ അപകടത്തിൽനിന്ന് സുരക്ഷിതനായിരിക്കാൻ വേണ്ടതൊക്കെ ചെയ്യുന്നതുപോലെ. അതുകൊണ്ട് സാധാരണയിൽ കവിഞ്ഞ് ജാഗ്രതയോടും അധ്വാനത്തോടുംകൂടി പ്രവർത്തിക്കുന്നു. ഇതുപോലെ ഏതൊരു ഭൂതമാണോ നമസ്കാരത്തിലെ അഭിരുചിയും മമതയും എടുത്തുകൊണ്ടുപോയത് അതിൽനിന്ന് എത്രത്തോളം ജാഗ്രതയോടെ ഇരിക്കേണ്ട ആവശ്യമാണുള്ളത്. അതിൽ വിഷമിക്കാതിരിക്കുന്നതെങ്ങനെ? തന്റെ മമതയും അഭിരുചിയും പോയിരിക്കുന്നുവെന്ന അവസ്ഥ മനുഷ്യൻ കാണുമ്പോൾ അവൻ ചിന്തയില്ലാത്തവനും ദുഃഖമില്ലാത്തവനും ആകരുത്. നമസ്കാരത്തിൽ അഭിരുചി ഉണ്ടാകാതിരിക്കുക എന്നത് ഒരു മോഷ്ടാവിന്റെ മോഷണവും ആത്മീയമായ രോഗവുമാണ്; ഒരു രോഗിയുടെ വായിലെ രുചി മാറിപ്പോകുമ്പോൾ അവൻ വേഗം ചികിത്സിക്കണമെന്നുള്ള ചിന്തയിലായിരിക്കും. ഇപ്രകാരം ഏതൊരാളുടെ ആത്മീയമായ രുചികളാണോ തകരുന്നത് അവൻ എത്രയും വേഗം പരിഷ്കരണത്തെക്കുറിച്ച് ചിന്തിക്കേണ്ടത് അനിവാര്യമാണ്. (ഫതാവാ മസീഹ് മൗഊദ്, പേജ് 36)

ഒരു സാഹിബ് ചോദിച്ചു; നമസ്കാരത്തിൽ വിവിധ ചിന്താഗതികളുണ്ടാകുമ്പോൾ എന്താണ് ചെയ്യേണ്ടത്?

മറുപടി; ചിന്താഗതികളുണ്ടാകുന്നുവെങ്കിൽ അതുമായി പോരാടുക. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയാറുണ്ടായിരുന്നു. നിങ്ങൾ നമസ്കാരത്തിന് നില്ക്കുമ്പോൾ നിങ്ങൾ നിങ്ങളുടെ നിർബന്ധകടമ നിറവേറ്റുന്നുവെന്ന് മനസ്സിലാക്കുക. നിങ്ങൾക്ക് മനഃസ്സാന്നിധ്യം ലഭിക്കുന്നുവെങ്കിൽ അത് അല്ലാഹുവിന്റെ ഒരു സമ്മാനമായിരിക്കും. മനഃസ്സാന്നിധ്യം ലഭിക്കുന്നില്ലെങ്കിൽ നിങ്ങളുടെ മനസ്സിന് ചിന്താഗതികൾ ഉണ്ടാകാതിരിക്കാൻ ആവർത്തിച്ചാവർത്തിച്ച് ശ്രമിക്കുന്നുണ്ടെങ്കിൽ അപ്പോഴും നിങ്ങൾ പ്രതിഫലത്തിന് അർഹരായിരിക്കും. കാരണം ശയ്ത്വാനുമായുള്ള നിങ്ങളുടെ യുദ്ധം നടന്നുകൊണ്ടിരിക്കുകയാണ്. യുദ്ധം ചെയ്തുകൊണ്ടിരിക്കുന്നവൻ പാപിയാകുകയില്ല.

ആരാണോ തന്റെ ചിന്താഗതികളിൽ ആനന്ദം അനുഭവിക്കുകയും ചിന്താഗതികളുണ്ടാകുന്നുവെന്ന് പറയുകയും ചെയ്യുന്നത് അവൻ പാപിയാണ്. പക്ഷേ, ആരാണോ ആ ചിന്താഗതികളുമായി പോരാടുന്നത് അവൻ അല്ലാഹുവിന്റെ പട്ടാളക്കാരനും പ്രതിഫലത്തിന്നർഹനുമാണ്.

### ഭാഗം 2

### നമസ്കാരത്തിന്റെ നിബന്ധനകൾ:

സുപ്രധാനവും മഹത്ത്വ പൂർണവുമായ ഒരു ജോലി തുടങ്ങുന്നതിനുമുമ്പേ ഉചിതമായ തയ്യാറെടുപ്പുകൾ ആവശ്യമാണെന്നപോലെ നമസ്കാരമെന്ന മഹത്തായ ആരാധന ശരിയായതും സമ്പൂർണവുമായനിലയിൽ നിറവേറ്റുന്നതിനും കുറച്ചുകാര്യങ്ങൾ ആദ്യമേ ചെയ്യേണ്ടത് നിർബന്ധമാണ്. അവയെ നമസ്കാരത്തിന്റെ നിബന്ധനകളെന്നു പറയുന്നു. അവ അഞ്ചാണ്.

1. സമയം 2. ശുദ്ധി. 3. രഹസ്യസ്ഥാനങ്ങൾ മറയ്ക്കുക. 4. ഖിബ്ല. 5. നിയ്യത്ത്

ഓരോന്നിനേയും സംബന്ധിച്ചുള്ള വിശദീകരണങ്ങൾ അടുത്ത പാഠങ്ങളിൽ നല്കിയിട്ടുണ്ട്.

### നമസ്കാര സമയങ്ങൾ

നമസ്കാരത്തിന്റെ ഒന്നാമത്തെ ശർത്ത് സമയനിഷ്ഠ പാലിക്കുക എന്നതാകുന്നു. നിർബന്ധമായ (ഫർള്) നമസ്കാരങ്ങൾ അഞ്ചുനേരമാണ്.

**1. ഫജ്ർ:**

രാത്രികാലം അവസാനിക്കാറാകുമ്പോൾ കിഴക്കൻ ചക്രവാളത്തിൽ വെള്ളനിറം വ്യാപിക്കാറുണ്ട്. ഈ സമയത്തെയാണ് ഫജ്ർ എന്നു പറയുന്നത്. സൂര്യോദയത്തിന് അല്പം മുമ്പേവരെയാണ് ഫജ്ർ സമയം. സമശീതോഷ്ണ മേഖലകളിൽ ഫജ്ർ സമയത്തിന്റെ ദൈർഘ്യം ഏകദേശം ഒന്നര മണിക്കൂറിൽ കുറവായിരിക്കും. ഫജ്ർ നേരത്തെ നമസ്കാരത്തിന് ഫജ്ർ നമസ്കാരം എന്നു പറയുന്നു. സുബ്ഹി നമസ്കാരം എന്നാണ് സാധാരണ ഇത് അറിയപ്പെടുന്നത്. രണ്ട് റക്അത്ത് സുന്നത്തും രണ്ട് റക്അത്ത് ഫർളുമാണ് സുബ്ഹിനമസ്കാരം. അൽപം ഇരുട്ട് നിലനിൽക്കുന്ന സമയം മുതൽ നമസ്കാരം ആരംഭിക്കുകയും വെളിച്ചം നല്ലതുപോലെ വ്യാപിക്കുന്നതോടുകൂടി അവസാനിപ്പിക്കുകയും ചെയ്യുന്നതാണ് ഏറ്റവും ഉത്തമം. കൂടുതൽ ആളുകൾക്ക് ജമാഅത്തായ നമസ്കാരത്തിൽ പങ്കുചേരുവാൻ അതുമുഖേന സാധിക്കുന്നതാണ്.

**2. ളുഹ്ർ:**

സൂര്യൻ മധ്യാഹ്നത്തിൽനിന്ന് തെറ്റിയതുമുതൽ ഓരോ വസ്തുവിന്റേയും നിഴൽ അതിന് സമമായി വരുന്നതുവരെയാണ് ളുഹ്ർ സമയം. സമശീതോഷ്ണ മേഖലകളിൽ ളുഹ്ർ സമയദൈർഘ്യം ഏകദേശം മൂന്നു മണിക്കൂറാകുന്നു. ഉഷ്ണകാലങ്ങളിൽ അല്പം വൈകിയും തണുപ്പുകാലങ്ങളിൽ നേരത്തെയും ളുഹ്ർ നമസ്കരിക്കുന്നത് ഉത്തമമാകുന്നു. ആദ്യം 4 റക്അത്ത് സുന്നത്തും പിന്നീട് 4 റക്

(ശേഷം പേജ് 11ൽ)


## ഹദീസുന്നബവി(സ)

**നബി(സ)തിരുമേനി പറഞ്ഞു: "ആരുടെയെങ്കിലും ദൗർബല്യം കാണുകയും അത് മറച്ചുവെക്കുകയും ചെയ്യുന്നത് ഏതെങ്കിലും പെൺകുട്ടിയെ ജീവനോടെ കുഴിച്ചുമൂടുന്നതിൽനിന്ന് പുറത്തെടുക്കുകയും അവൾക്ക് ജീവിതം നൽകുകയും ചെയ്തതുപോലെയാണ്. (സുനൻ അബീദാവൂദ്)**

**ത്വാലിബെ ദുആ:**
പരേതയായ ടി.കെ. റാബിയ സാഹിബയുടെ കുടുംബം
അഹ്മദിയ്യാ ജമാഅത്ത് കരുളായി(കേരള)

## ഹദീസുന്നബവി(സ)

**നബി(സ) പറഞ്ഞു: "നിങ്ങളുടെയടുക്കൽ ഏതെങ്കിലും ജനതയുടെ ആദരണീയവ്യക്തി വന്നാൽ അദ്ദേഹത്തെ ആദരിക്കുക." (സുനൻ ഇബ്നു മാജ)**

**ത്വാലിബെ ദുആ:**
അംഗങ്ങൾ, അഹ്മദിയ്യാ ജമാഅത്ത് ഐരാപുരം (കേരള)

# സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലായുടെ 2016-ലെ ഡന്മാർക്ക് പര്യടനം.

❋ വഖ്ഫെആർസി ആദ്യം താങ്കളുടെ ആമിലായിൽനിന്നു തുടങ്ങുക. പിന്നീട് മറ്റുള്ളവരെ വഖ്ഫെആർസി ചെയ്യാൻ പ്രേരിപ്പിക്കുക. ❋ പതിവായി നമസ്കരിക്കുന്നുണ്ടോ എന്നും വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നുണ്ടോ എന്നും എം.ടി.എയുമായി ബന്ധമുണ്ടോ എന്നുമുള്ള കാര്യം ശ്രദ്ധിക്കുക. എല്ലാവരേയും എം.ടി.എയുമായി ബന്ധിപ്പിക്കുക. സ്നേഹത്തോടെ അവരെ അടുത്തുകൊണ്ടുവരിക. ❋ മസ്ജിദിലും ജമാഅത്തിന്റെ സെന്ററുകളിലും വന്നുംപോയുമിരിക്കുന്നതിനും ജമാഅത്തിലെ ആളുകൾ ആക്ടീവായിരിക്കുന്നതിനുമുള്ള പരിപാടികളുണ്ടാക്കുക. ❋ സ്കൈപ്പ് മുഖേന വിശുദ്ധഖുർആൻ പഠിപ്പിക്കാൻ കഴിയുമോ എന്ന് പരിശോധിക്കുക. ❋ അൻസ്വാറിന് വിശുദ്ധഖുർആൻ പാരായണം ചെയ്യാൻ അറിയുമോ എന്ന് പരിശോധിക്കുക. എന്നിട്ട് വിശുദ്ധഖുർആൻ പഠിപ്പിക്കുന്നതിനുള്ള പരിപാടി തയ്യാറാക്കുക. ആമില ഏതു പരിപാടി തയ്യാറാക്കുകയാണെങ്കിലും എപ്പോഴും ആദ്യ സംബോധിതരായി തങ്ങളെ മനസ്സിലാക്കേണ്ടതാണ്. എന്റെ ഓരോ ഖുത്ബയുടേയും ആദ്യസംബോധിതർ തങ്ങളാണെന്ന് മനസ്സിലാക്കുക. അതിനുശേഷം മറ്റുള്ളവരെക്കൊണ്ട് പ്രവർത്തിപ്പിക്കുക. ❋ നിങ്ങളുടെ സ്വന്തം പരാതികളെ നിങ്ങളുടെ മതത്തിനുമേൽ വലയം ചെയ്യാൻ വിടരുത്. നിങ്ങളുടെ പരാതി നിങ്ങളിൽ മാത്രം ഒതുക്കിനിറുത്തുക. ചുറ്റും പരത്താതിരിക്കുക. സ്വന്തം വീടുകളിൽ ചർച്ച ചെയ്യാതിരിക്കുക. ❋ നിളാമിന്നെതിരിൽ ഒരു കാര്യം ചെയ്യാതിരിക്കുക. ദുആ ചെയ്യുകയും നിങ്ങളുടെ പ്രയാസങ്ങൾ ദൂരീകരിക്കാൻ അല്ലാഹുവിനോടു സഹായം തേടുകയും ചെയ്യുക. ❋ എം.ടി.എയിൽ എന്റെ ഖുത്ബകളുമായി നിങ്ങളുടെ കുട്ടികളെ ബന്ധപ്പെടുത്തുക. നിങ്ങളുടെ വീടുകളിൽ നിങ്ങളുടെ കുട്ടികളെ എം.ടി.എയുമായി ബന്ധപ്പെടുത്തേണ്ടത് വളരെ നിർബന്ധമാണ്.

## അൻസ്വാറുല്ലാ ഡന്മാർക്ക് നാഷണൽ മജ്ലിസെ ആമില അംഗങ്ങൾക്ക് ഹുദൂർ അൻവറിന്റെ നിർദേശങ്ങളും ഉപദേശങ്ങളും:

(റിപ്പോർട്ട്: അബ്ദുൽമാജിദ് ത്വാഹിർ, അഡീഷണൽ വക്കീലുത്തബ്ശീർ ലണ്ടൻ)

### 2016 മെയ് 7 (വെള്ളിയാഴ്ച)

തഅ്ലീം ഖാഇദ് തന്റെ റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ടു പറഞ്ഞു: മൈത്രിസന്ദേശം എന്ന ഗ്രന്ഥം അടിസ്ഥാനമാക്കി സെമിനാർ സംഘടിപ്പിക്കാൻ ഞങ്ങൾക്കു പരിപാടിയുണ്ട്. വായിക്കുന്നതിനുവേണ്ടി ഈ ഗ്രന്ഥം ഞങ്ങൾ എല്ലാ അൻസ്വാറിനും നല്കിയിട്ടുണ്ട്. പിന്നീട് ഞങ്ങൾ എല്ലാവരും കൂടിയിരുന്ന് ഈ ഗ്രന്ഥത്തിന്റെ വിഷയങ്ങളിൽ ചർച്ച ചെയ്യുന്നതാണ്.

സ്വിഹ്ഹത്തെ ജിസ്മാനി ഖാഇദിന് നിർദേശം നല്കിക്കൊണ്ട് ഹുദൂർ പറഞ്ഞു: പ്രായമുള്ളവരോടു പ്രഭാതസവാരി നടത്താൻ പറയുക. ജമാഅത്തിലെ ആളുകൾ ആക്ടീവായിരിക്കാൻ മസ്ജിദിലും ജമാഅത്ത് സെന്ററുകളിലും വന്നുംപോയുമിരിക്കാനുള്ള പ്രോഗ്രാമുണ്ടാക്കുക.

ഇസ്ലാഹ് വ ഇർശാദിന്റെ ഖാഇദിന്റെ സ്ഥാനവും ആമിലായിൽ നിലവിലുണ്ടായിരുന്നു. ഹുദൂർ പറഞ്ഞു: അൻസ്വാറുല്ലായിൽ ഇസ്ലാഹ് വ ഇർശാദ് ഖാഇദ് ഉണ്ടാകുകയില്ല. പ്രത്യുത തബ്ലീഗ് ഖാഇദാണുണ്ടാകുക. അതുകൊണ്ട് തബ്ലീഗ് ഖാഇദ് എന്നാക്കുക.

ഹുദൂർ പറഞ്ഞു: തബ്ലീഗിന് ഭാഷയുടെ പ്രശ്നമുണ്ടെങ്കിൽ നിങ്ങളുടെ ടീമുണ്ടാക്കുക. ആരുമായാണോ സംസാരിക്കേണ്ടത്, ബന്ധപ്പെടേണ്ടത് അവർക്ക് നിങ്ങളുടെ നമ്പർ കൊടുക്കുക; മിഷന്റെ മേൽവിലാസം കൊടുക്കുക; ഫോൺ നമ്പർ കൊടുക്കുക.

തബ്ലീഗ് ഖാഇദ് പറഞ്ഞു: ഞങ്ങൾ നോട്ടീസുകളും ലഘുലേഖകളും വിതരണം ചെയ്തുവരുന്നുണ്ട്. അൻസ്വാറുല്ലാ ഈ പരിപാടികളിൽ പങ്കെടുക്കുന്നു.

ഈഥാർ ഖാഇദിനോടു ഹുദൂർ അന്വേഷിച്ചു: നിങ്ങൾ എന്തു പരിപാടിയാണ് ഉണ്ടാക്കിയിട്ടുള്ളത്? ഏതു പദ്ധതിയാണ് ഉണ്ടാക്കിയിട്ടുള്ളത്? ഹുദൂർ പറഞ്ഞു: നിങ്ങളുടെ ലായെ അമൽ അനുസരിച്ച് പരിപാടികളുണ്ടാക്കുക.

സ്വഫെദോമിലെ നാഇബ് സ്വദ്ർ റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ട് പറഞ്ഞു: 'ഇതുവരെ കൃത്യമായ പരിപാടിയൊന്നും ഉണ്ടാക്കിയിട്ടില്ല. സ്വദ്റെ മജ്ലിസ് ലീവിൽ പോയിരിക്കുകയായിരുന്നു. അതുകൊണ്ട് പ്രോഗ്രാമുണ്ടാക്കാൻ കഴിഞ്ഞില്ല.' അപ്പോൾ ഹുദൂർ പറഞ്ഞു: സ്വദ്ർ സാഹിബ് ഒഴിവിൽ പോയാൽ പരിപാടികൾ അവസാനിച്ചുപോകുമോ? ജമാഅത്തിന്റെ അഭിവൃദ്ധി എതെങ്കിലും വ്യക്തിയുമായിട്ട് ബന്ധപ്പെട്ടതല്ല. നിങ്ങൾ നിങ്ങളുടെ പരിപാടി ഉണ്ടാക്കേണ്ടതാണ്. സ്വന്തം പ്രോഗ്രാം ഉണ്ടാക്കുക.

ഹുദൂർ പറഞ്ഞു: സ്പോർട്സിൽ സൈക്കിൾ ഓടിക്കുക. വ്യായാമം ചെയ്യുക. തബ്ലീഗ് ഖാഇദിനോടു ഹുദൂർ പറഞ്ഞു: എനിക്ക് നിങ്ങളുടെ സ്കീമുണ്ടാക്കി അയക്കുക. നിങ്ങൾ സ്കീമുണ്ടാക്കി സ്വദ്ർ സാഹിബിന് കൊടുക്കുകയും സ്വദ്ർ സാഹിബ് എനിക്കയക്കുകയും വേണം.

തഅ്ലീമുൽ ഖുർആനിനെ സംബന്ധിച്ച് ഹുദൂർ പറഞ്ഞു: അമേരിക്ക സ്കൈപ്പിന്റെ മാർഗം തുടങ്ങിയിട്ടുണ്ട്. ആൺകുട്ടികളും പെൺകുട്ടികളും യുവാക്കളും വീട്ടിലിരുന്ന് വിശുദ്ധഖുർആൻ പഠിക്കുന്നു. നിങ്ങളും സ്കൈപ് മുഖേന ഖുർആൻ പഠിപ്പിക്കുന്ന കാര്യം പരിശോധിക്കുക. ഇങ്ങനെ വീടുകളിലും പഠിപ്പിക്കാൻ സാധിക്കുന്നതാണ്. ആദ്യമേതന്നെ സ്കൈപ്പിൽ ഈ പ്രോഗ്രാം നടക്കുന്നുണ്ടെങ്കിൽ നല്ലതുതന്നെ.

റിപ്പോർട്ട് അയക്കുന്നതിനെ സംബന്ധിച്ച് നിർദേശം നല്കിക്കൊണ്ട് ഹുദൂർ പറഞ്ഞു: നിങ്ങളുടെ റിപ്പോർട്ട് ഒരു പേജിൽ ഉൾക്കൊള്ളുന്നതായിരിക്കണം. ലേഖനമെന്നപോലെ സുദീർഘമായി അയക്കുന്നതിനു പകരം എനിക്ക് ജീശിC അനുസരിച്ച് റിപ്പോർട്ട് അയക്കുക.

വിശുദ്ധഖുർആൻ പഠിക്കുന്നതിനെ സംബന്ധിച്ച് ഹുദൂർ പറഞ്ഞു: വിശുദ്ധഖുർആൻ ഓതാൻ അറിയാത്ത അൻസ്വാറിനേയും റബ്വയിൽ പഠിപ്പിക്കാൻ തുടങ്ങിയിരിക്കുന്നു. ഇപ്പോൾ ഈ പ്രായത്തിൽ അവരുടെ ആമീൻ പരിപാടി നടന്നുവരുന്നു. അതുകൊണ്ട് നിങ്ങളും അതു വിലയിരുത്തുക. അൻസ്വാറിന് വിശുദ്ധഖുർആൻ ഓതാൻ അറിയുമോ എന്ന് ആദ്യം പരിശോധിക്കുക. പിന്നീട് ഖുർആൻ പഠിപ്പിക്കാനുള്ള സംവിധാനമൊരുക്കുക. ഇന്ന് എത്ര പേർ വിശുദ്ധഖുർആൻ പാരായണം ചെയ്തുവെന്ന് ഹുദൂർ പരിശോധിച്ചു. നാല് അംഗങ്ങളാണ് തങ്ങളുടെ കൈകളുയർത്തിയത്. അപ്പോൾ ഹുദൂർ പറഞ്ഞു: നിങ്ങളുടെ ആമില അംഗങ്ങൾ ഖുർആൻ ഓതുന്നില്ലെങ്കിൽ പിന്നെ മറ്റുള്ളവർ എങ്ങനെ ഓതാനാണ്?

ഹുദൂർ നിർദ്ദേശം നല്കിക്കൊണ്ടു പറഞ്ഞു: മജ്ലിസെ ആമില എന്തു പരിപാടിയുണ്ടാക്കുകയാണെങ്കിലും എപ്പോഴും ആദ്യ സംബോധിതർ തങ്ങൾതന്നെയാണെന്ന് മനസ്സിലാക്കുക. എന്റെ ഓരോ ഖുത്ബയുടേയും ആദ്യ സംബോധിതർ തങ്ങളാണെന്ന് മനസ്സിലാക്കുക. അതിനുശേഷം മറ്റുള്ളവരെക്കൊണ്ട് ചെയ്യിക്കുക. ഹുദൂർ പറഞ്ഞു: അഭിരുചിയുണ്ടാക്കുക എന്നതാണ് യഥാർഥ കാര്യം. അഭിരുചി ഉണ്ടായാൽ താൽപര്യവും ഉണ്ടാകും.

ഒരു ആമില അംഗം ചോദിച്ചു: എനിക്ക് വിശുദ്ധഖുർആൻ ഓതാൻ ബുദ്ധിമുട്ടുണ്ട്. കാഴ്ച കുറവാണ്. ഞാൻ ഖുർആൻ പാരായണം കേട്ട് അതനുസരിച്ചാണ് ഓതുന്നത്. ഹുദൂർ പറഞ്ഞു: ശരി. ഇപ്രകാരം എത്ര സൂറത്തുകളാണോ താങ്കൾക്ക് മനഃപാഠമായിട്ടുള്ളത് അത് ഓതിക്കൊണ്ടിരിക്കുക.

ഹുദൂർ പറഞ്ഞു: ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഔവ്വൽ(റ) ഒരു സ്ത്രീയുടെ സംഭവം എഴുതിയിട്ടുണ്ട്. അവർ പറഞ്ഞു: എന്റെ കൈയിൽ എല്ലാമുണ്ട്; ഒരു കട്ടിൽ, ഒരു പുതപ്പ്. ഞാനും എന്റെ മകനും ഒരു പുതപ്പാണ് ഉപയോഗിക്കുന്നത്. ചിലപ്പോൾ അവൻ പുതക്കും. ചിലപ്പോൾ ഞാൻ പുതക്കും. എനിക്ക് ഖുർആൻ മാത്രമാണ് ആവശ്യമായിട്ടുള്ളത്. എനിക്ക് കാഴ്ച കുറവാണ്. വലിയ അക്ഷരമുള്ള ഖുർആനാണ് എനിക്ക് വേണ്ടത്. ഹുദൂർ പറഞ്ഞു. ഇത് ദീനിനോടുള്ള അഭിരുചിയാണ്. നിങ്ങളും ഈ അഭിരുചി ഉണ്ടാക്കേണ്ടതാണ്.

ഒരു മജ്ലിസെ ആമില അംഗം പറഞ്ഞു: ഇക്കാലത്ത് യുവാക്കൾ ഖുർആൻ പാരായണം ചെയ്യുന്നില്ല. അപ്പോൾ ഹുദൂർ പറഞ്ഞു: നിങ്ങളുടെ ആമില ഖുർആൻ ഓതുന്നില്ല. വലിയവർ ഓതുന്നില്ലെങ്കിൽ ചെറിയവർ എങ്ങനെ ഓതാനാണ്. വീട്ടുകാർക്ക് സമാധാനത്തോടും സ്നേഹത്തോടുംകൂടി മനസ്സിലാക്കിക്കൊടുക്കേണ്ടത് നിങ്ങളുടെ ഉത്തരവാദിത്വമാണ്. വീടുകളിൽ മാതാവും പിതാവും ഭർത്താവും ഭാര്യയും നമസ്കരിക്കുന്നവരാകുകയാണെങ്കിൽ, ഖുർആൻ പാരായണം ചെയ്യുന്നവരാണെങ്കിൽ കുട്ടികളും നമസ്കരിക്കുന്നവരും വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നവരുമായിരിക്കും.

ഹുദൂർ പറഞ്ഞു: വീടുകളിൽ ഖിലാഫത്തിന്നെതിരിൽ സംസാരം നടക്കുകയാണെങ്കിൽ, കുട്ടികളുടെ ശിക്ഷണം തകർന്നുപോകും. ഇവിടെ പഠിച്ചിട്ടുള്ള കുട്ടികൾ വ്യക്തവും നേരെയുള്ളതുമായ കാര്യമാണ് ആഗ്രഹിക്കുന്നത്. മസ്ജിദിൽനിന്ന് നിങ്ങളുടെ കുട്ടികൾ അകന്നുപോകുന്നതിന്റെ കാരണം മാതാപിതാക്കളാണ്; നിങ്ങളുടെ വീടുകളിലെ ചുറ്റുപാടുകാരണത്താലാണ്.

ഹുദൂർ പറഞ്ഞു: മാതാപിതാക്കൾ ഭാരവാഹികളോടുള്ള പരാതി കാരണത്താൽ അകലുകയാണെങ്കിൽ കുട്ടികളും ഇരട്ടി അകലുന്നതാണ്. ആർക്കെങ്കിലും അമീർ സാഹിബിനോടു പരാതിയുണ്ടെങ്കിൽ അല്ലെങ്കിൽ മറ്റേതെങ്കിലും ഭാരവാഹിയോടു പരാതിയുണ്ടെങ്കിൽ നിങ്ങളുടെ വ്യക്തിപരമായ പരാതിയെ നിങ്ങളുടെ മതത്തിനുമേൽ കയറാൻ വിടരുത്. നിങ്ങളുടെ പരാതി നിങ്ങളിൽ മാത്രം ഒതുക്കിനിറുത്തുക. മുന്നോട്ടു വ്യാപിപ്പിക്കരുത്. വീടുകളിൽ ചർച്ച ചെയ്യരുത്. ഖിലാഫത്ത് വ്യവസ്ഥിതിക്കെതിരെ ഒന്നും പറയരുത്. നിങ്ങളുടെ പ്രയാസം അകലുന്നതിന് ദുആ ചെയ്യുക.

ഹുദൂർ പറഞ്ഞു: വീട്ടിൽ അത് ചർച്ച ചെയ്യുകയാണെങ്കിൽ നിങ്ങളുടെ മക്കളെ അത് ദോഷകരമായി ബാധിക്കും. പിന്നീട് അവർ വ്യവസ്ഥിതിയിൽനിന്ന് പത്ത് ചുവട് പിന്നാക്കം പോകും.

ഹുദൂർ പറഞ്ഞു: ഒരു യുവാവിനെ കണ്ടിരുന്നു.

ജമാഅത്തിൽനിന്ന് വളരെ അകന്നുപോയ ആളാണ്. അനഹ്മദികളിലേക്കായിരുന്നു ചായ്‌വ്. അനഹ്മദി സുഹൃത്തുക്കളുമായി അഗാധബന്ധമായിരുന്നു. അയാളുടെ ഒരു ഉറ്റമിത്രം മദ്യം കുടിക്കുന്നതു കണ്ടപ്പോൾ, മറ്റൊരുവൻ ഐ.എസ്.എസിൽ ചേർന്ന് വധിക്കപ്പെട്ടു എന്നു കണ്ടപ്പോൾ അഹ്മദിയ്യാ ജമാഅത്തുതന്നെയാണ് യഥാർഥ ഇസ്‌ലാമെന്ന് ബോധ്യമായി. അങ്ങനെ ജമാഅത്തിലേക്ക് തിരിച്ചുവന്നു; നഷ്ടപ്പെട്ടുപോകുന്നതിൽനിന്ന് രക്ഷപ്പെട്ടു.

ഹുദൂർ പറഞ്ഞു; നിങ്ങൾ നിങ്ങളുടെ മക്കൾക്കുവേണ്ടി സ്വയം ദുആ ചെയ്യുക. അവരുടെ തർബിയ്യത്തിനുവേണ്ടി ശ്രമിക്കുക. ഒറ്റരാത്രികൊണ്ടു ഈ ദോഷങ്ങൾ അകന്നുപോകുകയില്ല. ക്ഷമയോടും സഹനത്തോടുംകൂടി പ്രവർത്തിക്കുക. അതുപോലെതന്നെ ഉണ്ടായിട്ടുള്ള തിന്മകളും ഒറ്റരാത്രികൊണ്ട് ഉണ്ടായിട്ടുള്ളതല്ല; ദീർഘകാലം അതിനെടുത്തിട്ടുണ്ടാകും. നിങ്ങൾ കുറഞ്ഞപക്ഷം എം.ടി.എ യിൽ വരുന്ന എന്റെ ഖുത്ബകളുമായിട്ടെങ്കിലും നിങ്ങളുടെ കുട്ടികളെ ബന്ധപ്പെടുത്തുക. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബ്അന്റെ ദർസുകളുണ്ട്. എന്റെ പുതിയ ഖുത്ബകളുണ്ട്. പഴയ ഖുത്ബകളും സംപ്രേഷണം ചെയ്യുന്നുണ്ട്. പ്രസംഗങ്ങളുണ്ട്. അഡ്രസുകളുണ്ട്. എം.ടി.എയുമായി ബന്ധം വെക്കുക. അങ്ങനെയായാൽ എന്നോടോ ഏതെങ്കിലും ഭാരവാഹികളോടോ എന്തെങ്കിലും പരാതിയുണ്ടെങ്കിൽത്തന്നെ എം.ടി.എ യുമായുള്ള ബന്ധം കാരണത്താൽ ജമാഅത്തുമായി അകൽച്ചയുണ്ടാകുകയില്ല. ജമാഅത്തുമായിട്ടുള്ള ബന്ധവും ക്ഷയിക്കുകയില്ല. നിങ്ങൾ ജമാഅത്തിൽനിന്ന്, ഖിലാഫത്തിൽനിന്ന് അകലുകയാണെങ്കിൽ ഈ കുട്ടികൾ നഷ്ടപ്പെട്ടുപോകും. നിങ്ങളുടെ വീടുകളിൽ നിങ്ങളുടെ കുട്ടികളെ എം.ടി.എയുമായി ബന്ധിപ്പിക്കുക.

ഹുദൂർ പറഞ്ഞു: അമീറിലോ ഏതെങ്കിലും ഭാരവാഹിയിലോ എന്തെങ്കിലും ന്യൂനതയുണ്ടെന്ന് നിങ്ങൾ കരുതുന്നുവെങ്കിൽ, അയാളുടെ പെരുമാറ്റരീതി നല്ലതല്ലെന്നും ദ്വേഷപ്പെടുന്നുവെന്നും മനസ്സിലാക്കുന്നുവെങ്കിൽ അല്ലാഹു ആ തെറ്റുകൾ അകറ്റുന്നതിനും അയാളുടെ പെരുമാറ്റരീതി നന്നാക്കിത്തീർക്കുന്നതിനും നിങ്ങൾ ദുആ ചെയ്യേണ്ടതാണ്. അല്ലെങ്കിൽ ഞങ്ങൾ ഏതെങ്കിലും സ്ഥലത്ത് തെറ്റുകാരാണെങ്കിൽ അല്ലാഹു ഞങ്ങളെ നന്നാക്കിത്തീർക്കട്ടെ.

ഹുദൂർ പറഞ്ഞു: പരാതികൾകൊണ്ട് നിങ്ങളുടെ അടുത്തതലമുറയുടെ ശിക്ഷണത്തിനുമേൽ ദുസ്വാധീനമുണ്ടാക്കുന്നതിന് കാരണമുണ്ടാക്കരുത്. നിങ്ങളുടെ നോട്ടത്തിൽ എന്തെങ്കിലും കാര്യം ജമാഅത്തിന്റെ വ്യവസ്ഥിതിയ്ക്കെതിരാണെങ്കിൽ ഖലീഫത്തുൽ മസീഹിനെഴുതുക. അങ്ങനെ ചെയ്യുമ്പോൾ നിങ്ങൾ നിങ്ങളുടെ നിർബന്ധകടമകൾ നിറവേറ്റി സ്വതന്ത്രരാകുന്നതായിരിക്കും.

ഹുദൂർ പറഞ്ഞു: നിങ്ങളുടെ പിതാക്കന്മാരും പിതാമഹന്മാരും ദീനിനെ കാത്തുസൂക്ഷിച്ചു. ജമാഅത്ത് വ്യവസ്ഥിതിയും സംരക്ഷിച്ചു. ഇപ്രകാരം നിങ്ങളും നിങ്ങളുടെ ദീനിനേയും ജമാഅത്ത് വ്യവസ്ഥിതിയേയും കാത്തുസൂക്ഷിക്കേണ്ടതാണ്.

ഹുദൂർ പറഞ്ഞു; അമേരിക്കയിൽനിന്നും കനഡയിൽനിന്നും അൻസ്വാറുല്ലായുടേയും ഖുദ്ദാമുൽ അഹ്മദിയ്യായുടേയും മജ്‌ലിസെ ആമിലാകളുടേയും രാജ്യം മുഴുവനുമുള്ള ഉപസംഘടകളുടേയും നൂറുനൂറു പേരടങ്ങുന്ന സംഘങ്ങൾ ലണ്ടനിൽ വരുന്നുണ്ട്. രണ്ടുമൂന്നു ദിവസം ഇവിടെ താമസിക്കുന്നു. അവരുമായി മീറ്റിംഗ് നടക്കുന്നു. തിരിച്ചുചെല്ലുമ്പോൾ അവരുടെ മുഖച്ഛായ മാറിപ്പോകുന്നു. അവരിൽ വലിയ മാറ്റങ്ങൾ കാണുന്നു.

നിങ്ങളും നിങ്ങളുടെ ഭാരാവാഹികളേയും അൻസ്വാർ–ഖുദ്ദാമിന്റെ സംഘങ്ങളേയും ലണ്ടനിൽ കൊണ്ടുവരിക. അല്ലാഹു വെച്ചിരിക്കുന്ന ഹിഫ്ളെ മറാത്തിബിന്റെ (സ്ഥാനത്തിനനുസരിച്ചുള്ള ആദരവ്) വ്യവസ്ഥിതി അഗാധമായ സ്വാധീനമുൾക്കൊള്ളുന്നതാണ്. ഈയിടെയായി എം.ടി.എയിലെ പ്രോഗ്രാം ഇന്റർനെറ്റിലും വരുന്നുണ്ട്. അതുമായി അവരെ ബന്ധിപ്പിക്കുകയാണെങ്കിൽ അവർ ഇതുമായി ചേർന്നിരിക്കും (തുടരും)

## പിതാവിനെക്കാൾ സ്ഥാനം ഗുരുവിനാണ്

ഹദ്റത്ത് ഇമാം ഗസ്സാലി (റഹ്) പറയുന്നു:

**ഉഖദ്ദിമു ഉസ്താദീ അലാ നഫ്സീ വാലിദീ**
**വഇൻ നാലനീ മിൻ വാലിദിൽഫള്‌ലി വശ്ശറഫി**
**ഫദാക്ക മുറബ്ബിർറൂഹു വർറൂഹു ജൗഹറൂ**
**വ ഹാദാ മുറബ്ബിൽ ജിസ്മി വൽജിസ്മു കസ്സ്വദഫി**
**അഖുൽഇൽമി ഹയ്യുൻ ഖാലിദുൻ ബഅ്ദ മൗത്തിഹീ**
**വ ഔസാനഹൂ തഹ്ത്തത്തുറാബി റമീം**
**വദുൽജഹ്‌ലി മയിത്തുൻ വ ഹുവ മാശിൻ അലഥ്ഥറാ**
**തഅ്ദ്ദു മിനൽ അഹ്‌യായി വ ഹുവ അദീം**

പിതാവിൽനിന്നാണ് എനിക്ക് ഭൗതികമായ അറിവ് ലഭിക്കുന്നതെങ്കിലും എന്റെ പിതാവിനെക്കാൾ ഞാൻ എന്റെ ഉസ്താദിന് മുൻഗണന നല്കുന്നു. അദ്ദേഹം ആത്മാവിനെയാണ് പരിപാലിക്കുന്നത്. ആത്മാവാകട്ടെ മുത്താണ്. എന്റെ ഉപ്പ എന്റെ ശരീരത്തെയാണ് പോറ്റുന്നത്. ശരീരമാകട്ടെ പുറന്തോടാണ്.

മൃതശരീരം മണ്ണിന്നടിയിൽ ദ്രവിച്ചു കഴിഞ്ഞാലും ആലിം അഥവാ ജ്ഞാനി അവന്റെ മരണശേഷവും എന്നെന്നും ജീവിച്ചിരിക്കുന്നു! അജ്ഞൻ ശവമാകുന്നു; അവൻ ഭൂമിയിൽക്കൂടി നടക്കുകയും ജീവിച്ചിരിക്കുകയും ചെയ്യുന്നുണ്ടെങ്കിലും മരിച്ചവനാണ്.

( പേജ് 9ൽനിന്ന്)

അത്ത് ഫർളും 2 റക്അത്ത് സുന്നത്തുമാണ് ളുഹ്ർ നമസ്കാര സമയത്ത് നിർവ്വഹിക്കേണ്ടത്.

ജുമുഅ നമസ്കാരത്തിന്റെ സമയവും ളുഹ്ർ സമയം തന്നെയാകുന്നു.

**3. അസ്വ്ർ:**

സൂര്യൻ മദ്ധ്യാഹ്നത്തിൽനിന്നും തെറ്റിയശേഷം ഓരോ വസ്തുവിന്റേയും നിഴൽ അവയുടെ ഇരട്ടി നീളമാകുന്ന സമയം മുതൽ അസ്വ്ർ സമയം ആരംഭിക്കുന്നു. സൂര്യാസ്തമയത്തിന് അല്പം മുമ്പേവരെ ഈ സമയം നീണ്ടുനില്ക്കുകയും ചെയ്യുന്നു. സമശീതോഷ്ണമേഖലകളിൽ ഏകദേശം രണ്ടരമണിക്കൂർ സമയദൈർഘ്യം ഉണ്ടായിരിക്കും. അസ്വ്ർ സമയത്ത് 4 റക്അത്ത് ഫർള് നമസ്കാരം നിർവ്വഹിക്കപ്പെടുന്നു. ഫർളു നമസ്കാരത്തിന് മുമ്പേ രണ്ടോ, നാലോ റക്അത്ത് നഫ്ൽ നമസ്കരിക്കാവുന്നതാണ്. അസ്വ്ർ നമസ്കാരത്തിനുശേഷം സൂര്യാസ്തമയംവരെ സുന്നത്തുകളോ നഫലുകളോ നമസ്കരിക്കാൻ പാടുള്ളതല്ല. അസ്വ്ർ നമസ്കാരം ഓരോ വസ്തുവിന്റെയും നിഴൽ രണ്ടിരട്ടിയാകുന്നത് മുതൽ മൂന്നിരട്ടിയാകുന്നതുവരെ നമസ്കരിക്കുന്നതാണ് ഉത്തമം. സൂര്യപ്രകാശത്തിന് മഞ്ഞനിറം ബാധിക്കുകയും അസ്തമയത്തോടടുക്കുകയും ചെയ്യുന്ന സമയത്ത് നമസ്കരിക്കുന്നത് നിർബ്ബന്ധിതാവസ്ഥയിലല്ലെങ്കിൽ മക്റൂഹ് (അതൃപ്തികരം) ആകുന്നു.

**4. മഗ്‌രിബ്:**

സൂര്യാസ്തമയം മുതൽ പശ്ചിമചക്രവാളത്തിൽ പ്രത്യക്ഷമാകുന്ന ശഫഖ് (ചെമപ്പുനിറം) അപ്രത്യക്ഷമാകുന്നതുവരെയാണ് മഗ്‌രിബ് നമസ്കാര സമയം. ചെമന്ന നിറം മായുന്നതോടുകൂടി പ്രത്യക്ഷമാകുന്ന വെള്ളനിറത്തേയും ശഫഖ് എന്നു പറയാറുണ്ട്. അതിനാൽ നിർബന്ധിത സാഹചര്യങ്ങളിൽ വെള്ളനിറം മായുന്നതുവരെയും മഗ്‌രിബ് നമസ്കാരം നിർവ്വഹിക്കാവുന്നതാണ്. സമശീതോഷ്ണമേഖലകളിൽ മഗ്‌രിബ് സമയം ഏകദേശം ഒന്നരമണിക്കൂറിൽ അല്പം കുറഞ്ഞ സമയമാകുന്നു. മഗ്‌രിബിന് മൂന്ന് റക്അത്ത് ഫർളും അതിനുശേഷം രണ്ട് റക്അത്ത് സുന്നത്തും സന്ദർഭാനുസൃതം വേണമെങ്കിൽ രണ്ടു റക്അത്ത് നഫ്‌ലും നമസ്കരിക്കാവുന്നതാണ്.

**5. ഇശാഅ്:**

ഇശാ നമസ്കാര സമയം 'ശഫഖ്' അപ്രത്യക്ഷമാകുന്നതുമുതൽ ആരംഭിക്കുന്നു. അത് ഫജ്ർ നമസ്കാര സമയം ആരംഭിക്കുന്നതിന് അല്പം മുമ്പേവരെ നീണ്ടു നില്ക്കുകയും ചെയ്യുന്നു. എങ്കിലും അർധരാത്രിക്കു മുമ്പേ നമസ്കരിക്കുന്നതാണ് കൂടുതൽ ഉത്തമം. ഇശാ നാലു റക്അത്ത് ഫർളും രണ്ടു റക്അത്ത് സുന്നത്തുമാകുന്നു. ഉറക്കമോ മറവിയോ കാരണം ഏതെങ്കിലും നമസ്കാരം നിശ്ചിത സമയത്ത് നമസ്കരിക്കാൻ സാധിക്കാതെ വന്നാൽ ഉണർന്നുടനെ അല്ലെങ്കിൽ ഓർമ വന്നുടനെ നമസ്കരിക്കേണ്ടതാകുന്നു.(തുടരും)

### കലാമുൽ ഇമാം:-

**"വിശുദ്ധഖുർആൻ മനസ്സിലാക്കുന്നതിനും അതനുസരിച്ച് സന്മാർഗം പ്രാപിക്കുന്നതിനും തഖ്‌വ അത്യാവശ്യമായ മൂലധനമാണ്."**
**(മൽഫൂദാത്ത്, വാല്യം 5, പേജ് 121)**

**ത്വാലിബെ ദുആ:**
കെ. മുഹമ്മദ് ശരീഫും കുടുംബവും അഹ്മദിയ്യാ ജമാഅത്ത്, വാണിയമ്പലം (കേരള)

### കലാമുൽ ഇമാം:-

**"ഇസ്‌ലാം യഥാർഥമായ ഈശ്വരജ്ഞാനം പ്രദാനം ചെയ്യുന്നു. അതുമുഖേന മനുഷ്യന്റെ പാപപങ്കിലമായ ജീവിതത്തിനുമേൽ മരണം സംഭവിക്കുന്നു."(മൽഫൂദാത്ത്, വാല്യം 4, പേജ് 344).**

**ത്വാലിബെ ദുആ:**
അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ മുറിയക്കണ്ണി (കേരള)

### അല്ലാഹുവിന്റെ കലാം

***മാലക്കും മ്മിൻദൂനില്ലാഹി മിൻ വ്വലിയ്യിൻ വ്വലാ നസ്വീർ(2:108)***
**"അല്ലാഹു അല്ലാതെ നിങ്ങൾക്ക് ഒരു രക്ഷാധികാരിയോ സഹായിയോ ഇല്ലെന്ന് നിങ്ങൾ അറിഞ്ഞിട്ടില്ലേ?"**

**ത്വാലിബെ ദുആ**
പി.പി.റഹീമും കുടുംബവും
അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് പഴയങ്ങാടി (കേരള)

**"അല്ലാഹുവിന് പങ്കുകാരെ ചേർക്കൽ കൊടുംപാപമാകുന്നു." (ബുഖാരി)**

**ജൽസസാലാന ഖാദിയാൻ 2018**
**എല്ലാ ജമാഅത്തംഗങ്ങൾക്കും**
**ആശംസകളോടെ......**

**എം. അബ്ദുൽ വഹാബ് (Business)**
അങ്ങാടിക്കട ബ്രാന്റ്, ടൗൺ മസ്ജിദിനു സമീപം,
പത്തനാപുരം- 689 695. Phone: 9744653179.

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-3 Thursday 13 September 2018 Issue-37

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

# നബിയെ നിഷേധിച്ചാൽ മോക്ഷമോ?

## ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)

**നബി(സ) തിരുമേനിയെ വിശ്വസിക്കുന്ന കാരണത്താൽ അല്ലാഹു എത്രമാത്രം സന്തോഷിക്കുന്നുവെന്ന് നോക്കുക. അവരുടെ പാപം പൊറുത്തുകൊടുക്കുന്നു. അവരുടെ ആത്മശുദ്ധീകരണത്തിന്റെ ഉത്തരവാദിത്വം അവൻ സ്വയം ഏറ്റെടുക്കുന്നു. അപ്പോൾ തനിക്ക് നബി(സ)തിരുമേനിയിൽ വിശ്വസിക്കേണ്ട ആവശ്യമില്ലെന്ന് പറയുകയും അഹങ്കാരവും പൊങ്ങച്ചവുംകൊണ്ട് താനെന്തൊക്കെയോ ആണെന്ന് സ്വയം കരുതുകയും ചെയ്യുന്നവൻ എത്ര വലിയ ദുഷ്ടനാണ്.**

**(വിവ:മുഹമ്മദു ഇസ്മായീൽ ആലപ്പുഴ)**

*‘അല്ലാഹുവിനേയും അവന്റെ റസൂലിനേയും എതിർക്കുന്നവനെ അല്ലാഹു നരകത്തിലിടുമെന്ന് ഈ ആളുകൾ അറിയുകയില്ലേ? അവരതിൽ സദാ വസിക്കുന്നവരാണ്. ഇതൊരു വലിയ അപമാനമാകുന്നു.’ (9:64).*

മിയാൻ അബ്ദുൽ ഹക്കീം ഖാൻ ഇതിനെ സംബന്ധിച്ചുള്ള തന്റെ അഭിപ്രായം എന്താണെന്ന് പറയട്ടെ. അല്ലാഹുവിന്റെ ഈ കല്പനയെ അദ്ദേഹം സ്വീകരിക്കുമോ അതോ തന്റേടത്തോടെ ഈ വചനത്തിൽ പറഞ്ഞ ശിക്ഷ സ്വയം ശിരസാവഹിക്കുമോ?

“അല്ലാഹു സകല പ്രവാചകന്മാരിൽനിന്നും കരാർ വാങ്ങിയ സന്ദർഭം ഓർക്കുക. ഞാൻ നിങ്ങൾക്ക് ഗ്രന്ഥവും, ജ്ഞാനവും നൽകും. പിന്നീട് അവസാന കാലത്ത് നിങ്ങളുടെയടുക്കൽ എന്റെ റസൂൽ വരും. അദ്ദേഹം നിങ്ങളുടെ ഗ്രന്ഥങ്ങളെ സത്യപ്പെടുത്തും. നിങ്ങൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ സഹായിക്കുകയും ചെയ്യണം. അല്ലാഹു ചോദിച്ചു: നിങ്ങൾ സമ്മതിക്കുകയും എന്റെ കരാറിനെ ഏറ്റെടുക്കുകയും ചെയ്തുവോ? അവർ പറഞ്ഞു: ‘ഞങ്ങൾ സമ്മതിച്ചു.’ അപ്പോൾ അല്ലാഹു പറഞ്ഞു: നിങ്ങൾ നിങ്ങളുടെ സാക്ഷ്യത്തിന് സാക്ഷിയായിരിക്കുക. ഞാനും നിങ്ങളോടൊപ്പം ഇക്കാര്യത്തിന് സാക്ഷിയായിരിക്കും.” (3:82)

നബിമാർ അവരവരുടെ കാലത്ത് വഫാത്തായ സ്ഥിതിക്ക്, ആ റസൂൽ പ്രത്യക്ഷനാകുമ്പോൾ അദ്ദേഹത്തിൽ വിശ്വസിക്കുക, ഇല്ലെങ്കിൽ ചോദിക്കപ്പെടും എന്ന കല്പന ഓരോ നബിയുടേയും സമുദായത്തിനോടാണെന്ന് വളരെ പ്രകടമാണ്. മുറി മൊല്ല ഈമാന് അപകടം. മിയാൻ അബ്ദുൽ ഹക്കീം ഖാൻ ഇനി പറയട്ടെ. ശുഷ്കിച്ച തൗഹീദു കൊണ്ടുമാത്രം മോക്ഷപ്രാപ്തി സാധ്യമാകുമെങ്കിൽ, നബി(സ) തിരുമേനിയിൽ വിശ്വസിക്കുന്നില്ലെങ്കിൽത്തന്നെയും തൗഹീദ് അംഗീകരിക്കുന്ന അക്കൂട്ടരെ അല്ലാഹു എന്തിനാണ് ചോദ്യം ചെയ്യുന്നത്?

ഇതിനും പുറമെ, തൗറാത്ത് ആവർത്തനപുസ്തകം പതിനെട്ടാം അധ്യായത്തിൽ അവസാനകാലത്ത് വരുന്ന നബിയെ വിശ്വസിക്കാത്തവനോട് ഞാൻ ചോദിക്കുമെന്ന് ഒരു വചനമുണ്ട്. കേവലം തൗഹീദ് മതിയായതാണെങ്കിൽ പിന്നെന്തിനാണ് അല്ലാഹു അവനെ ചോദ്യം ചെയ്യുന്നത്? താൻ പറഞ്ഞകാര്യം അല്ലാഹു മറന്നുപോകുമോ? വിശുദ്ധഖുർആനിലെ ഏതാനും വചനങ്ങളാണ് ഞാനിവിടെ എഴുതിയത്. ഇത്തരം വചനങ്ങളെക്കൊണ്ട് നിർഭരമാണ് വിശുദ്ധഖുർആൻ. അത് ആരംഭിക്കുന്നത് ഈ വചനങ്ങളോടെയാണ്. അത് പറയുന്നു: ഇഹ്ദിനസ്സിറാത്വൽ മുസ്തഖീമ, സ്വിറാത്തല്ലദീന അൻഅംത അലയ്ഹിം ‘അല്ലയോ ഞങ്ങളുടെ അല്ലാഹുവേ, ആരിലാണോ നിന്റെ അനുഗ്രഹവും ആദരവുമുണ്ടായിട്ടുള്ളത് ആ റസൂൽമാരുടേയും നബിമാരുടേയും മാർഗത്തിൽ നീ ഞങ്ങളെ നടത്തേണമേ.’

അഞ്ചുനേര നമസ്കാരത്തിൽ ഓതുന്ന ഈ വചനത്തിൽനിന്ന് അല്ലാഹുവിന്റെ ആത്മീയോപഹാരമായ ദൈവജ്ഞാനവും ദൈവസ്നേഹവും മറ്റാരും മുഖേന കിട്ടുകയില്ല, റസൂലും നബിയും മുഖേന മാത്രമേ കിട്ടുകയുള്ളുവെന്നത് ഇപ്പോൾ പ്രകടമാണ്. മിയാൻ അബ്ദുൽ ഹക്കീം ഖാൻ നമസ്കാരം അനുഷ്ഠിക്കുന്നുണ്ടോ ഇല്ലേ എന്ന് നമുക്കറിയില്ല. നമസ്കരിക്കുന്നുണ്ടെങ്കിൽ ഈ ആയത്തുകളുടെ അർഥം അറിയാതിരിക്കാൻ ഒരു നിർവാഹവുമില്ല. എന്നാൽ, അദ്ദേഹത്തിന്റെ പക്കൽ മോക്ഷപ്രാപ്തിക്ക് തൗഹീദ് മാത്രം മതിയായതാകുമ്പോൾ നമസ്കരിക്കേണ്ട ആവശ്യമെന്ത്? റസൂലിന്റെ ഒരു ആരാധനാരീതി എന്ന നിലയിലാണ് നമസ്കാരത്തെ എടുത്തുപറഞ്ഞിട്ടുള്ളത്. റസൂലിനെ പിൻപറ്റാൻ ഉദ്ദേശ്യംതന്നെ ഇല്ലാത്ത ആൾക്ക് നമസ്കാരം എന്തു പ്രയോജനം ചെയ്യാനാണ്? അയാളുടെ പക്കൽ ഏകദൈവവിശ്വാസിയായ ബ്രഹ്മസമാജക്കാരനും മോക്ഷം ലഭിച്ചയാളാണ്. ആ ബ്രഹ്മസമാജി നമസ്കരിക്കുന്നുണ്ടോ? അബ്ദുൽ ഹക്കീം ഖാന്റെ വീക്ഷണത്തിൽ ഇസ്ലാമിൽനിന്ന് മുർത്തദ്ദായിപ്പോകുന്ന ആൾക്കുപോലും തന്റെ ശുഷ്കിച്ച തൗഹീദുകൊണ്ട് മോക്ഷംപ്രാപിക്കാവുന്നതാണ്. യഹൂദികളിലും ക്രിസ്ത്യാനികളിലും ആര്യസമാജത്തിലുമുള്ള ഏകദൈവവിശ്വാസിയ്ക്കും അയാൾ ഇസ്ലാമിന്റെ നിഷേധിയും നബി(സ) തിരുമേനിയുടെ ശത്രുവും ആണെങ്കിൽപ്പോലും മോക്ഷംപ്രാപിക്കാൻ സാധിക്കും. അപ്പോൾ നമസ്കാരം നിഷ്ഫലവും നോമ്പ് നിരർഥവും എന്നുതന്നെയായിരിക്കും അയാളുടെ അഭിപ്രായം. എന്നാൽ, ഒരു സത്യവിശ്വാസിക്ക് ആത്മീയസമ്പത്തിന്റെ ഉടമസ്ഥർ നബിമാരും റസൂൽമാരുമാണെന്നും അവരെ അനുധാവനം ചെയ്യുന്ന ഓരോരുത്തർക്കും ഫലം ലഭിക്കുമെന്നും മനസ്സിലാക്കിത്തരാൻ ഈ ഒരൊറ്റ ആയത്ത് മതിയായതാണ്.

പിന്നെ, സുറ: ബഖറയുടെ ആരംഭത്തിൽ ഈ വചനങ്ങളാണുള്ളത്. “ദാലിക്കൽ കിതാബു ലാറയ്ബഫീഹി ഹുദൻല്ലിൽ മുത്തഖീൻ. അല്ലദീന യുഅ്മിനുന ബിൽഗയ്ബി വയുഖീമുനസ്സ്വലാത്ത വ മിമ്മറസ്ഖ്നാഹും യുൻഫിഖുൻ.....”

‘സന്ദേഹങ്ങളിൽനിന്നും സംശയങ്ങളിൽനിന്നും പരിശുദ്ധമാണ് ഈ ഗ്രന്ഥം. ഇത് മുത്തഖികൾക്ക് അഥവാ സൂക്ഷ്മതപാലിക്കുന്നവർക്ക് സന്മാർഗപാത്രമാകുന്നു. അല്ലാഹുവിൽ (അവന്റെ അസ്തിത്വം മറഞ്ഞതിൽ മറഞ്ഞതാണ്) വിശ്വസിക്കുകയും നമസ്കാരം നിലനിറുത്തുകയും തങ്ങളുടെ സമ്പത്തിൽനിന്ന് അല്ലാഹുവിന്റെ മാർഗത്തിൽ ചെലവു ചെയ്യുകയും നിനക്ക് ഇറക്കപ്പെട്ട ഗ്രന്ഥത്തിലും നിനക്ക് മുമ്പേ ഇറക്കപ്പെട്ട ഗ്രന്ഥങ്ങളിലും വിശ്വസിക്കുകയും ചെയ്യുന്നവരാണ് മുത്തഖികൾ. അവർ തങ്ങളുടെ നാഥനിൽനിന്നുള്ള സന്മാർഗത്തിലാകുന്നു. അവർ തന്നെയാണ് മോക്ഷം പ്രാപിക്കുന്നവരും.’

അല്ലയോ, അബ്ദുൽ ഹക്കീം ഖാൻ മുർത്തദ്ദ്! ഉണരൂ, കണ്ണുതുറന്നു നോക്കൂ. ഈ വചനങ്ങളിലൂടെ അല്ലാഹു വിധി പറഞ്ഞിരിക്കുകയാണ്. അല്ലാഹുവിന്റെ ഗ്രന്ഥങ്ങളിൽ വിശ്വസിക്കുകയും അവനെ ആരാധിക്കുകയും ചെയ്യുന്നതുമായിട്ട് അല്ലാഹു മോക്ഷപ്രാപ്തിയെ ബന്ധിച്ചിരിക്കുന്നു! അവന്റെ ഗ്രന്ഥത്തിൽ പരസ്പര വിരുദ്ധമോ ഭിന്നതയോ ഉണ്ടാകാവതല്ല. പ്രതാപവാനായ അല്ലാഹു നബി(സ)തിരുമേനിയെ പിൻപറ്റുന്നതുമായി മോക്ഷത്തെ ബന്ധിപ്പിച്ചിരിക്കുന്ന സ്ഥിതിക്ക് ഈ ഖണ്ഡിതവചനങ്ങളിൽനിന്ന് പിന്തിരിഞ്ഞ് സദൃശവചനങ്ങളുടെ പിന്നാലെ ഓടുന്നത് വിശ്വാസവഞ്ചനയാണ്. ഹൃദയത്തിന് കപടത എന്ന രോഗം പിടിപ്പെട്ട ആളുകളാണ് സദൃശവചനങ്ങളുടെ പിന്നാലെ പായുന്നത്.

ഉപര്യുക്തവചനങ്ങളിലടങ്ങിയിരിക്കുന്നദൈവജ്ഞാനത്തിന്റെ യഥാർത്ഥ വസ്തുത ഇതാണ്. അല്ലാഹു പറഞ്ഞു: “ദാലിക്കൽ കിതാബു ലാറയ്ബഫീഹി......” അല്ലാഹുവിന്റെ അറിവിൽനിന്ന് വെളിച്ചം കണ്ട ഗ്രന്ഥമാണിത്. അജ്ഞതയിൽ നിന്നും ഓർമക്കേടിൽനിന്നും സംശുദ്ധമാണ് അതിലെ ജ്ഞാനം. എല്ലാ സംശയങ്ങളിൽനിന്നും സന്ദേഹങ്ങളിൽനിന്നും ഒഴിഞ്ഞതാണ് ഈ ഗ്രന്ഥം. എന്തുകൊണ്ടെന്നാൽ അല്ലാഹുവിന്റെ അസാമാന്യ അറിവ് മനുഷ്യരുടെ പരിപൂർണതയ്ക്കായി പരിപൂർണശക്തി ഉൾക്കൊള്ളുന്നതാണ്. അതുകൊണ്ട് ഈ ഗ്രന്ഥം മുത്തഖികൾക്ക് പരിപൂർണ മാർഗദർശകമാകുന്നു. മനുഷ്യപ്രകൃതിക്ക് പ്രാപിക്കാവുന്നതിന്റെ അവസാനസ്ഥാനംവരെ അത് അവരെ എത്തിക്കുന്നു. അല്ലാഹു ഈ വചനങ്ങളിൽ പറയുന്നു: അദൃശ്യനായ അല്ലാഹുവിൽ വിശ്വസിക്കുന്നവരും നമസ്കാരം നിലനിറുത്തുന്നവരും തന്റെ സമ്പത്തിൽനിന്ന് അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നവരും വിശുദ്ധഖുർആനിലും, മുമ്പേ അല്ലാഹു ഇറക്കിയിട്ടുള്ള ഗ്രന്ഥങ്ങളിലും വിശ്വസിക്കുന്നവരുമാണ് മുത്തഖികൾ. സന്മാർഗത്തിന്റെ തലപ്പത്തിരിക്കുന്നവരും മോക്ഷം പ്രാപിക്കുന്നവരും അവർ തന്നെയാണ്.

നബികരീമിനെ(സ) വിശ്വസിക്കാതെ, അദ്ദേഹത്തിന്റെ മാർഗദർശനമനുസരിച്ച് നമസ്കാരം തുടങ്ങിയവ അനുഷ്ഠിക്കാതെ മോക്ഷം ലഭിക്കുകയില്ലെന്ന് ഈ വചനങ്ങളിൽനിന്ന് മനസ്സിലാകുന്നു. നബികരീമിന്റെ കോന്തല വിട്ടുകൊണ്ട് കേവലം ശുഷ്കിച്ച തൗഹീദിൽ അഥവാ ഏകദൈവവിശ്വാസത്തിൽ മോക്ഷം തേടുന്നവർ അസത്യത്തിലാണുള്ളത്.

എന്നാൽ, ഈ വിശ്വാസം പരിഹർത്തവ്യമാണ്. അതായത് അദൃശ്യനായ അല്ലാഹുവിനെ വിശ്വസിക്കുന്നവരും നമസ്കാരം നിലനിറുത്തുന്നവരും നോമ്പ് പിടിക്കുന്നവരും തങ്ങളുടെ സമ്പത്തിൽനിന്ന് ദൈവമാർഗത്തിൽ ചെലവഴിക്കുന്നവരും വിശുദ്ധഖുർആനിലും മുമ്പേ ഇറങ്ങിയിട്ടുള്ള ഗ്രന്ഥങ്ങളിലും വിശ്വസിക്കുന്നവരുമായ സന്മാർഗികൾക്ക് ഹുദൻല്ലിൽമുത്തഖിൻ ഈ ഗ്രന്ഥം “അവർക്ക് മാർഗദർശനം നൽകും” എന്നു പറയുന്നതിന്റെ അർഥമെന്താണ്? അവരാണെങ്കിൽ ഈ എല്ലാ കാര്യങ്ങളും ചെയ്തുകൊണ്ട് മുമ്പേതന്നെ സന്മാർഗം പ്രാപിച്ചവരാണുതാനും. പ്രാപിച്ചവരെ വീണ്ടും പ്രാപിപ്പിക്കുക എന്നത് നിരർഥകമായ കാര്യമാകുന്നു.

(തുടരും)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin